# വിദ്യാഭിവർദ്ധിനി.

ഒരു ഉൽകൃഷ്ടപത്രഗ്രന്ഥം.



പുസ്തകം 2

ലക്കം 2, 3

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
Date...............
MANNARKKAD

1947 FEBRUARY - MARCH

As/8

# വിഷയവിവരം.


1 നമ്മുടെ നാടകങ്ങൾ—
കലവറ, വാസുദേവൻപിള്ള, ബി. ഏ. എൽ. റ്റി.

2 ആധുനിക ഭാഷാപദ്യസാഹിത്യം—
ആർ. ഗംഗാധരൻപിള്ള ബി ഏ.

3 കലഹം—
കീഴ്കുളം, എൻ. രാമൻപിള്ള എം. ഏ.

4 വിധിവിലാസം—(ചെറുകഥ)
കെ. എൻ. ഗോപാലപിള്ള എം. ഏ.

5 വെണ്മണിപ്രസ്ഥാനം—
വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി,
എം. ആർ. ഏ. എസ്സ്.

6 പ്രേമബാഷ്പം—
മുളക്കുളം, വി. പാർവ്വതിഅമ്മ, (ലേഡീവിദ്വാൻ)

7 ശാസ്ത്രജ്ഞന്മാരുടെ കർത്തവ്യം—
എസ്. പരമേശ്വരൻ, ബി. എസ്. സി.
(ഓണേഴ്സ്)

8 ഇതെന്തു വിപ്ലവം—
വരിക്കോലിൽ, കേശവനുണ്ണിത്താൻ.

9 മാധുരി—(ചെറുകഥ)
എൽ. ആനന്ദവല്ലിഅമ്മ ബി. ഏ. (ഓണേഴ്സ്)

10 ചിത്രലേഖ—(ഏകാങ്കം)
എൻ. കെ. ആചാരി, ബി. എസ്. സി.

11 ശ്രീചൈതന്യൻ—
ഏ. ആർ. ദാമോദരൻ നമ്പ്യാർ,
ബി. ഏ. ബി. എൽ



## ഇന്ത്യാഗവൺമെൻറ് ശുപാർശചെയ്യുന്നു.

ഭക്ഷണക്ഷാമംകൊണ്ടുള്ള അനാരോഗ്യം ജനസാമാന്യത്തെ ബാധിക്കാതെ ഇരിക്കുവാൻ ആരോഗ്യസംവർദ്ധനത്തിന്നു് ഉതകുന്ന ചില ഔഷധങ്ങൾ ഉപയോഗിക്കുവാൻ ഇന്ത്യാഗവർമ്മെണ്ടിൻെറ ആരോഗ്യവകുപ്പ് ശുപാർശചെയ്യുന്നു:—

ആരോഗ്യസംവർദ്ധകൌഷധങ്ങളിൽ അഗ്രിമസ്ഥാനം വഹിക്കുന്ന, "കാരിംകുരണ്ടുലേഹം" ഉപയോഗിച്ചു് നിങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിച്ചു് യൗവ്വനം നിലനിറുത്തുക. ക്ഷയം, ചുമ, ഏങ്ങൽ, വാതരോഗങ്ങൾ ഇവയെ ശമിപ്പിക്കും. പ്രസവരക്ഷയ്ക്കു് അത്യുത്തമം.

റാത്തൽ 1-ക്കു് 5-ക. പാക്കിങ്ങ് തപാൽ ചിലവു് പുറമേ.

ഭാരതവൈദ്യശാല, (Regd)
H. O. ചാലക്കുടി. ബ്രാഞ്ചു് തൃശ്ശിവപേരൂർ.

### ശ്രീ ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

ഹാലാസ്യനാഥൻെറ ശ്രവണപഠനാർഹങ്ങളായ ന്രു ലീലകളും വേദവാക്യസദൃശങ്ങളായ അനവധി മൂലസ്തോത്രങ്ങളും അടങ്ങിയതു്. വില രൂ. ൨൳

### അഗസ്ത്യരാമായണം ഗദ്യം.

അനവധി അത്ഭുതകഥകൾ അടങ്ങിയതും രാമാവതാരസംബന്ധമായ സകല സംശയങ്ങളും തീർക്കുന്നതും ശ്രീരാമാഷ്ടോത്തരശതനാമാദിസ്തോത്രങ്ങളോടുകൂടിയതുമായ പുസ്തകം ൧-ക്കു വില രൂ. ൨൳

മാനേജർ, വി. വി. പ്രെസ്സ്—കൊല്ലം.

# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

പുസ്തകം ൧. | ൧൧൦൧ മകരം-കുംഭം. | ലക്കം ൧-൩.

## നമ്മുടെ നാടകങ്ങൾ.

(കലവറ, വാസുദേവൻപിള്ള, ബി. എ. എൽ. ററി.)

മലയാളസാഹിത്യ പരിപോഷണാർത്ഥം, അഥവാ മററു ചില ഉദ്ദേശങ്ങളുടെ നിർവ്വഹണാർത്ഥം പുതിയ സംരംഭങ്ങളുമായി പല സാഹിത്യവ്യവസായികളും രംഗപ്രവേശം ചെയ്തു 'ശോശാപ'കാണിച്ചു അലറിവിളറി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. രസാത്മകമായ കലാപ്രവർത്തനങ്ങൾ കലാഭാസങ്ങളായി പരിണമിക്കുന്ന ദുരന്തം കണ്ടു ദുഃഖിക്കുന്ന പലരും ഈ പേക്കൂത്തുകളെക്കുറിച്ചു ഒന്നും പറയാതെ കഴിഞ്ഞുകൂടുകയാണു്. ബലംപിടിച്ചടക്കിയ ജപ്പാൻകാർ മാനംമര്യാദയായി ജീവിച്ച എത്ര തറവാടുകളെ ഭസ്മീകരിച്ചു. 'വിധി' എന്നുമാത്രം ചിന്തിച്ചു, ഈശ്വരനിൽ സർവ്വവും അർപ്പിക്കുകമാത്രമേ, ആ നാട്ടുകാരിലധികംപേർക്കും അന്നു ചെയ്യുവാൻ കഴിഞ്ഞുള്ളൂ. ഏതാണ്ടു് ആ തരത്തിലുള്ള ഒരു മനോഭാവമാണു്, മലയാളസാഹിത്യത്തിലെ അന്തസ്സും അധികാരവുമുള്ള കാവ്യകർത്താക്കളും നിരൂപണപടുക്കളും ഇന്നത്തെ സാഹിത്യക്കളരിയിലെ മറുതാത്തുള്ളലുകളോടു കാണിക്കുന്നതു്. കാരോ മഴയും ഇരുപാർശ്വങ്ങളിലെയും മാലിന്യങ്ങൾ ഉൾക്കൊണ്ടു് നാനാവഴിക്കുനിന്നും പാഞ്ഞുവരുന്ന നീർച്ചാലുകൾ അടുത്തദിവസത്തെ പ്രശാന്തത കാണാൻപോലും ജീവിച്ചിരിക്കാതെ, ഉറവുവററി എവിടെനിന്നും പുറപ്പെട്ടു, എവിടെ അസ്തമിച്ചു എന്നുപോലും അറിയാൻ സാധിക്കാത്തവണ്ണം നശിച്ചുപോകാറുള്ളതു്, ഗംഭീരചിത്തന്മാരായ ഭാഷാപരിഷ്കർത്താക്കൾ കണ്ടു തഴമ്പിച്ച ഒരു കാഴ്ചയുമാണല്ലോ.

കല കലയ്ക്കുവേണ്ടിയോ, ഭൌതികനേട്ടങ്ങൾക്കുവേണ്ടിയോ നിലകൊള്ളണമെന്നോ, കല പ്രയോജനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കണമെന്നോ, സാമുദായികാവശതകളുടെ ദൂരീകരണത്തിനുള്ള ഉപകരണമായിരിക്കണമെന്നോ, സ്ഥാപിത താല്പര്യങ്ങളുടെയെല്ലാം പിടലി കണ്ടിക്കാനുള്ള ചന്ദ്രഹാസമായി അതു് രൂപാന്തരപ്പെടണമെന്നോ ഒക്കെ വാദിച്ചുകൊള്ളട്ടെ; കലയെ കൊലയ്ക്കു കൊടുക്കാതിരുന്നാൽ മതിയായിരുന്നു. ഇന്നത്തെ മലയാളനാടകവേദിയിലാണു് ഈ ഭയങ്കരമായ കൊലപാതകം നിർഭയമായി, നിർല്ലജ്ജമായി നടത്താറുള്ളതു്. സാധാരണ നടന്മാരെ, കഠാര, വിഷം മുതലായ 'നിർവൃതികരങ്ങളാ'യ സാധനങ്ങളും കൊടുത്തു രംഗത്തയച്ചു കൂട്ടക്കൊല നടത്തിയിട്ടും ചാകാത്ത കലയെ കണിശമായും കൊന്നേ അടങ്ങൂ.. എന്ന പൈശാചിക ദുർവ്രതത്തോടുകൂടി ഈ

യിടെ ഈ കൊലപാതകനിർവ്വഹണം നാടകകാവ്യകർത്താക്കളിൽ ആരോഗ്യമുള്ളവർ, സ്വയം ഏറെറടുത്തു് നടന്മാരായിക്കൂടി രംഗപ്രവേശംചെയ്തുതുടങ്ങിയിരിക്കുന്നതുകൊണ്ടു്, ഇനി സാധുവായ കല നിശ്ചയമായും മരിക്കുകതന്നെ ചെയ്യും. അല്ലാതെ ആ സാധുവിനു ഗത്യന്തരമില്ലതന്നെ.

ഒരു സാമൂഹ്യജീവിയായ മനുഷ്യനു് ജീവിതായോധനവിജയത്തിൽ ഏതെല്ലാം വികാരങ്ങളുടെ പരിപോഷണവും ഏതെല്ലാം വികാരങ്ങളുടെ സംയമനവും അത്യാവശ്യമാണെന്നു് അറിവുണ്ടായിരുന്ന പൌരാണികകവികൾ, നാടകനിർമ്മിതിയിൽ അവധാനപൂർവ്വം അനുഷ്ഠിച്ചുവന്ന ഒന്നായിരുന്നു വിവിധരസങ്ങൾക്കനുയോജ്യമായ സ്ഥാനനിർണ്ണയമെന്നതു്. കലാപ്രവർത്തനങ്ങൾ മനുഷ്യനെ വീർപ്പുമുട്ടിക്കുന്നതിനോ അസ്വസ്ഥനാക്കുന്നതിനോ ആയുള്ള ഉപകരണങ്ങളായി അവർ കണക്കാക്കിയിരുന്നില്ല. അവ മനുഷ്യൻെറ വികാരങ്ങളെ സംസ്കരിക്കുന്നതിനും, അതേസമയം അവനെ ആനന്ദിപ്പിക്കുന്നതിനുമായിട്ട അവർ പ്രയോജനപ്പെടുത്തി. ഈ ലക്ഷ്യപ്രാപ്തിക്കനുയോജ്യമായ രസങ്ങളുടെ പരിസ്ഫുരണം മാത്രകൂടിപ്പോകാതെ നാടകത്തിൽ പ്രയോഗിക്കുകയും ചെയ്തുവന്നു. അധർമ്മത്തോടും അസാന്മാർഗ്ഗികപ്രവൃത്തികളോടും ശക്തിപൂർവ്വം എതിരിടുന്നതിനു് മനുഷ്യഹൃദയത്തെ സജ്ജമാക്കുന്ന വീരരസം, നിർദ്ദോഷമായി ആനന്ദിക്കുന്നതിനു് അവസരം നൽകുന്ന ഹാസ്യരസം, ഗൃഹസ്ഥാശ്രമജീവിതം ആകാമ്യവും ആകർഷകവുമാക്കുന്നതിനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത വിപ്രലംഭശൃംഗാരരസം, അവശതയിലും നിസ്സഹായതയിലും സഹതപിക്കുന്നതിനു് മനുഷ്യഹൃദയത്തെ പ്രേരിപ്പിക്കുന്ന കരുണരസം; ഇവയ്ക്കാണു് പണ്ടത്തെ നാടകകർത്താക്കൾ പ്രാധാന്യം നൽകിയിരുന്നതു്. ആർഷഭാരതത്തിൻെറ സംസ്കാരത്തിനു് നിദാനമായ ആദർശങ്ങൾക്കുവേണ്ടി അവരും അവരുടെ കഥാനായകന്മാരും എന്തു ത്യാഗവും അനുഷ്ഠിക്കാൻ സന്നദ്ധരായിരുന്നു. ആദർശങ്ങളിൽ നിന്നും അണുമാത്രമെങ്കിലും വ്യതിചലിച്ചാൽ അതിനുള്ള ഫലം അനുഭവിപ്പിക്കാതെ യാതൊരു നായകനേയും നായികയേയും അവർ വിട്ടിട്ടില്ല.

നാടകത്തിൽ അംഗീകരിച്ചു പരിപോഷിപ്പിക്കുന്ന രസങ്ങളും പ്രസ്തുത പരിപോഷണത്തിനുതകുന്ന കഥാതന്തുവുമാണല്ലോ നാടകത്തിൻെറ ജീവൻ. അധർമ്മത്തോടും അസത്യത്തോടും മല്ലിടുന്ന യഥാർത്ഥ വീരരസത്തിനു പകരം ധിക്കാരപാരമ്യത്തിൽ നിന്നുയരുന്ന മൃഗീയമായ ഒരു ബീഭത്സതയാണു്, ഇന്നത്തെ പല നാടകങ്ങളിലേയും വീരനായകന്മാർ പ്രകടിപ്പിക്കുന്നതു്. ‘ഹാ!’ഛായ്! എടാ-കൊല്ലും നീറും എന്നെല്ലാം അടിക്കടി അലറുക, നാടകവേദിയിൽ സിംഹത്തെപ്പോലെ ഞെളിഞ്ഞുനടക്കുക, ആരാധനീയന്മാരായ മഹാത്മാക്കളെയും അനുപേക്ഷണീയങ്ങളായ സന്മാർഗ്ഗമുറകളെയും, അനുകരണീയങ്ങളായ സൽപ്രവൃത്തികളെയും വെങ്കലഭാഷയിൽ ഭത്സിക്കുക, ഒരു വേശ്യാലമ്പടനാണെന്നു സ്വയം സമ്മതിച്ചു സ്വന്തം മാഹാത്മ്യത്തെ വാഴ്ത്തുക, സൌകര്യമുണ്ടെങ്കിൽ ഒന്നുരണ്ടു നിർദ്ദോഷികളായ പെണ്ണുങ്ങളെയെങ്കിലും സ്റ്റേജിൽവെച്ചു കുത്തിയോ ഞെക്കിയോ കൊല്ലുക; ഇത്രയുമായാൽ നാടകത്തിലെ “വില്ലൻ” സർവ്വാതിശായിയായി; നാടകകർത്താവു് അഭിനവനാടകരചനാകുശലനുമായി. നാരകീയമായ ഈ നാടകരചനാസംരംഭം കണ്ടു് നാട്ടുനാണിച്ചു വിഷമിക്കുന്നതു കാണാൻ ഈ നാടകകർത്താക്കന്മാർക്കു കഴിഞ്ഞിരുന്നെങ്കിൽ!

ഹാസ്യരസം ഇന്നത്തെ നാടകത്തിൽ ഇല്ലേ? ഉണ്ടു്. അമ്മയും മകനും ഒരുമിച്ചിരുന്നു കാണാനോ കേൾക്കാനോ സാദ്ധ്യമല്ലാത്തവിധം അഭാസസമ്പൂർണ്ണമായ ചില പ്രസ്താവനകളും അഭിനയങ്ങളുമാണു് ഇന്നു ഹാസ്യപ്രകടനമെന്ന പേരിൽ നാടകവേദിയിൽ നഗ്നമായി നടമാടുന്നതു്. തെറിപറഞ്ഞാൽ രസിക്കുന്ന കുറെപ്പേരെങ്കിലും ഒരു നാടകക്കൊട്ടകയിൽ കാണാതിരിക്കുകയില്ല. ഒരാൾ കൈകൊട്ടിയാൽ തുടർന്നു് ഏതാനും നിമിഷങ്ങൾ ആ ജോലി ഭംഗിയായി നിർവ്വഹിക്കാൻ ഉത്സാഹികളായ ഒരു സെററു പിള്ളേരും എല്ലാ നാടകത്തിനും ഹാജരുണ്ടായിരിക്കുകയും ചെയ്യും—കൂടക്കൂടെ കൈകൊട്ടിയാൽ നാടകം കേമവുമായി.

ഒരുവൻെറ വാക്കുകളും പ്രവൃത്തികളും സാമാന്യക്കാരുടെ പ്രതീക്ഷകൾക്ക് വളരെ പിന്നിലാണെന്ന വസ്തുത അവൻ ധരിക്കാതെ, തുല്യതയോ മേന്മയോ അവകാശപ്പെടുന്നതായി വെളിപ്പെടുമ്പോഴാണ് ഹാസ്യരസം ഉണ്ടാകുന്നത്. യാവരേയും അതിലംഘിക്കാനുള്ള ആവേശവും അതിനെ തുടർന്നുണ്ടാകുന്ന പരാജയവും ഹാസ്യരസത്തിന് നിദാനമാണ്. ഈ രസോല്ലാദനം ഭാവനാസമ്പൂർണ്ണമായ ഒരു കവിഹൃദയത്തിനുതന്നെയും ക്ഷിപ്രസാദ്ധ്യവുമല്ല. പക്ഷെ, പുരോഗമിച്ചുവരുന്ന പുത്തൻകൂറുകാർക്ക് ഇതല്ല ഇതിൻെറങ്ങേപ്പുറത്തേതും വളരെ നിസ്സാരമായി ഉല്ലാദിപ്പിക്കാൻ കഴിയുമെന്നു അവർ ഭ്രമിക്കുന്നു. അർത്ഥശൂന്യമായ ഏതാനും ജല്പനങ്ങൾ അനവസരത്തിൽ നടത്തി കുരങ്ങൻെറ മുഖംകാട്ടി തെറിയുംപാടി നടക്കുന്ന ചില വേതാളങ്ങളെ സൃഷ്ടിച്ചു രംഗത്തേക്കു എടുത്തെറിഞ്ഞാൽ ഹാസ്യരസമല്ല പരിഹാസരസംതന്നെ അവർ പ്രകടിപ്പിക്കും. "അപ്ലാസ്സ്" വാങ്ങും; അതുപോരെ?

കരുണരസത്തെ സംബന്ധിച്ചിടത്തോളം കാളിദാസനെത്തന്നെ പലരും അനുകരിക്കുന്നെന്നല്ല, അതിലംഘിക്കുകതന്നെ ചെയ്യുന്നു. കമിതാവിനെ വിശ്വസിച്ചു ഗർഭിണിയാകുന്ന ശകുന്തളയുടെ ദുരന്തയാതനകൾ കരുണരസോദ്ദീപനങ്ങളാണെന്നു കണ്ടിട്ടായിരിക്കണം, 'കന്യകമാരായ മാതാക്കളെയും' 'അവിവാഹിതകളായ ഭാര്യമാരെയും' ധാരാളമായി സൃഷ്ടിച്ച്, ഗർഭച്ഛിദ്രം, രഹസ്യപ്രസവം, വിഷപാനം എന്നീ വൈഷമ്യമേറിയ പരിഹാരമാർഗ്ഗങ്ങളിൽക്കൂടി 'പുരോഗമി'പ്പിച്ചു കരുണരസത്തിൻെറ കറവപ്പശുക്കളാക്കിത്തീർക്കുന്നതിൽ ചിലർക്ക് അന്യാദൃശമായ പാടവം കാണുന്നുണ്ട്. സഹസ്രാധികങ്ങളായ യാതനകളുടെ നീറാലിൽ വെന്തുരുകി, അസമത്വങ്ങളുടെ നടുവിലകപ്പെട്ട് ഞെങ്ങിഞെരുങ്ങി, സ്നേഹസമ്പത്തിൻെറ ഉണങ്ങിപ്പോയ ഉറവപോലും കാണാതെ സാധുക്കൾ കണ്ണുനീർകുടിച്ചു നാവുതള്ളുമ്പോൾ, പെണ്ണും വ്യഭിചാരവും കള്ളും കൊലപാതകവും വർണ്ണ്യവിഷയങ്ങളാക്കിക്കൊണ്ടു പുരോഗമിക്കുന്ന നാടകകർത്താവേ! ആമീൻ!

ആചാര്യവും അധികാരവും ഇല്ലാത്തവൻ പേന എടുത്താൽ ഏതു ഭാഷാസംരംഭത്തെയും വ്യഭിചരിച്ചു നാശഗർത്തത്തിലേക്കു താഴ്ത്താൻ പ്രയാസമില്ല. 'വ്യഭിചാരം' മനുഷ്യരാശിയുടെ ഭൂരിപക്ഷവും പരസ്യമായി ആക്ഷേപിക്കുകയും, ആക്ഷേപകർത്താക്കളിൽ അധികംപേരും രഹസ്യമായി താലോലിക്കുകയും ചെയ്യുന്ന ഒന്നായതുകൊണ്ടായിരിക്കാം വ്യഭിചാരകഥകൾക്ക് ഇന്നു കൂടുതൽ പ്രചാരവും പ്രാവീണ്യവും സിദ്ധിച്ചിരിക്കുന്നത്. ഒരു സ്ത്രീയുടെ വ്യഭിചാരത്തെക്കുറിച്ച് എഴുതാനോ പറയാനോ രസിക്കാനോ ഒരുപക്ഷെ കഴിഞ്ഞേക്കാം. എന്നാൽ ഒരു സ്ത്രീയെ മാതാവായിട്ടോ, സഹോദരിയായിട്ടോ അവതരിപ്പിച്ചിട്ട് അവളുടെ വ്യഭിചാരവൃത്തിക്കു തെളിവു ശേഖരിക്കാൻ മകനേയോ സഹോദരനെയോ നിയോഗിക്കുന്നതിൽ, ഇന്നത്തെ നാടകകർത്താക്കളിൽ ചിലർക്ക് ഒരു പ്രത്യേകവാസന കാണുന്നതിൻെറ കാരണം എന്തായിരിക്കുമോ? ബാഹ്യപ്രവർത്തനംമൂലം ശമിപ്പിക്കാൻ കഴിയാത്ത വിഷമവികാരങ്ങൾ ഉപബോധമനസ്സിൽ അടിഞ്ഞുകിടന്നു സ്വപ്നം, മനോരാജ്യം എന്നിവയിൽക്കൂടി ബഹിർഗ്ഗമനം സാധിച്ചു സംതൃപ്തിയടയുന്നു എന്ന മനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ഈ അവസരത്തിൽ ചിന്തനീയമാണ്. സ്ത്രീത്വത്തോടു കാണിക്കുന്ന ഈ അക്ഷന്തവ്യമായ അപരാധം അവഹേളനാർഹമാണെന്നു ധരിക്കാത്തവരായിരിക്കും, പുത്രനെയും സഹോദരനെയും മാതാവിൻെറയോ സഹോദരിയുടെയോ രഹസ്യജീവിതത്തിൻെറ കെട്ടുപാടുകൾ കണ്ടുപിടിക്കാനുള്ള രഹസ്യപ്പോലീസുകാരായിട്ടു നാടകത്തിൽ നിയമിക്കുന്നത്. തൻെറ നാടകസാഹിത്യത്തിൻെറ ജീവൻ ശരിക്കു പ്രതിഫലിപ്പിക്കാൻ, ആശയഗതിയുടെ ദുർഘടസന്ധികൾ അനായാസേന പ്രകടിപ്പിക്കാൻ, പുരോഗമനോന്മുഖമായ തൻെറ പുത്തൻ ആദർശങ്ങളെ പട്ടുകറിയിൽ നിന്നിറങ്ങുന്ന പുട്ടിനെപ്പോലെ ദൃശ്യവും ഗ്രാഹ്യവുമായ രീതിയിൽ നാടകവേദിയിൽ വിസർജ്ജിക്കാൻ, താൻതന്നെയായാലേ പററു എന്നുള്ള ബോധവും 'കലാപ്രണയ'വുമായിരിക്കുമല്ലോ നാടകരചന എന്ന മഹായജ്ഞസമാപ്തിക്കുശേഷം വരദാനത്തിനായി നടൻെറ വേ

ഷത്തിൽ ഗ്രന്ഥകർത്താവുതന്നെ പ്രത്യക്ഷപ്പെടാനിടയാകുന്ന പ്രേരകശക്തി.

അപൂർണ്ണതകളുടെ സമൂഹം പൂർണ്ണത സൃഷ്ടിക്കുമെന്നു്, തെറ്റുകളിൽനിന്നു ശരിസൃഷ്ടിക്കുന്ന— അസത്യങ്ങളിൽ സത്യത്തെ ദർശിക്കുന്ന ഇവരിൽ ചിലർ ധരിച്ചുവശായിരിക്കുന്നു. സുരക്തഹസ്തങ്ങളിൽ സത്യവും ഭാവനയും ചെന്നുചേർന്നാൽ അയത്നലളിതമായി സാധിക്കുന്ന സൌന്ദര്യത്തിന്റെ സംസൃഷ്ടി, മനോരാജ്യക്കോട്ടയുടെ ഉത്തുംഗശൃംഗത്തിലിരുന്നുകൊണ്ടു വിയർപ്പിററിച്ചു കൊഞ്ഞണം കാട്ടിയാൽ സാധിക്കുമെന്നു ഈ കൂട്ടർ വ്യാമോഹിക്കുന്നു. മനുഷ്യന്റെ ഹൃദയതന്ത്രുക്കളെ ഒന്നൊന്നായി ചലിപ്പിച്ചുനോക്കി ഇളക്കം തട്ടിയിട്ടുള്ളവയെ ശക്തിപ്പെടുത്തുന്നതിനു് അതാതുകാലത്തെ ഉത്കൃഷ്ട കവികൾ സുസൂക്ഷ്മമായി ചെയ്തിട്ടുള്ള ശ്രമങ്ങൾക്കു പകരം, മനുഷ്യന്റെ മൃഗീയവികാരങ്ങൾക്കു പ്രവൃത്തിനൽകി അവനെ സംസ്കരിച്ചുകളയാമെന്നു് ഇന്നത്തെ കാര്യകർത്താക്കളിൽ ചിലർ അന്ധാളിക്കുന്നു.

ഓരോ കഥാപാത്രത്തിനും അനുയോജ്യമായ ഭാഷാശൈലി സ്വീകരിച്ചു് അവരുടെ സംഭാഷണങ്ങൾക്കും പ്രസ്താവനകൾക്കും തന്മയത്വമുളവാക്കുന്ന കാര്യത്തിൽ ഈ കൂട്ടർ ശ്രദ്ധിക്കാറേ ഇല്ല. നാടകരചനയുടെ അവകാശസ്ഥാപനത്തിനു് ആദ്യമായി കുറെ 'സാഹിത്യ' അതായതു് 'ചടപടകടകടാ' എന്നു മുഴങ്ങുന്ന കുറെ നെടുനെടുങ്കൻ വാചകങ്ങൾ സമ്പാദിക്കുകയാണല്ലോ വേണ്ടതു്. ഇതു് ചൂഷണം, മോഷണം, അർത്ഥശൂന്യമായ സമസ്തപദസൃഷ്ടി, ഈ മാർഗ്ഗങ്ങളിൽക്കൂടി അനായാസേന സാധിച്ചാൽ പിന്നീടു് അവയിൽ നല്ലതിലൊരു നൂറെണ്ണംവീതം നായകൻ, നായിക, വില്ലൻ ഇവർക്കായി വീതിക്കുകയാണു് ചെയ്യുന്നതു്. ശേഷിക്കുന്നതു് ദാസി, മന്നൻ, വണ്ടിക്കാരൻ തുടങ്ങിയവർക്കായി വീതിച്ചുകൊടുക്കും. രംഗത്തുവരുന്ന ഓരോ നരനും നാടകകർത്താവിന്റെ വെങ്കലബ്ഭാഷയുടെ പ്രസാധകന്മാരായി പ്രത്യക്ഷപ്പെടുന്നതല്ലാതെ, അവർക്കു സ്വന്തമായ ഭാഷയുമില്ല, ചിന്തയുമില്ല, ചിട്ടയുമില്ല. തന്മയത്വത്തിന്റെ കണികപോലും കാണാതെ കാണികൾ കണ്ണുംമിഴിച്ചു് ഇരിക്കുന്നതുകണ്ടു് 'സൈഡ്കർട്ടന്റെ' ഒളിവിൽക്കൂടി നോക്കുന്ന ഗ്രന്ഥകർത്താവു് "അങ്ങനെ മിഴിച്ചിരിക്കിനെടാ നിനക്കൊക്കെ ഒരു ഭാവമുണ്ടു് ഏതു സാഹിത്യവും മനസ്സിലാക്കാമെന്നു—എന്നിട്ടെന്താ വാലിയക്കാരൻ ശങ്കുവിന്റെ ഒരൊററവാചകത്തിൽ കണ്ണുതള്ളിപ്പോയല്ലൂ?" എന്നു നമ്മെ നോക്കിപ്പറയാറുണ്ടുപോലും! വീണ്ടും കർട്ടൻ പൊങ്ങുമ്പോൾ ദാസി പ്രവേശിച്ചു് ഇങ്ങനെ തുടങ്ങും "നീലനീരന്ധ്രമായ അംബരമദ്ധ്യത്തിൽ സർവ്വലോകാരാധനയും സായൂജ്യതയും അവകാശപ്പെട്ടുകൊണ്ടു് കാലത്തിന്റെ അഗാധതയിൽ മുങ്ങിപ്പൊങ്ങി, കൈലാസനാഥന്റെ കാരുണ്യസമ്പൂർണ്ണമായ കടാക്ഷവിക്ഷേപങ്ങളിൽ ശൈലരാജപുത്രിയുടെ നൈസർഗ്ഗികാകാരസുഷമ പരിപൂർണ്ണതയെസ്ഥിരീകരിച്ചു.........." ഇങ്ങനെ നീണ്ടുനീണ്ടുപോകുന്ന ഒരുഡസൻ വാചകങ്ങൾ അങ്ങടിച്ചുവിടുകയായി. കണ്ണുമിഴിക്കാതെ നാം എന്തുചെയ്യും?

സാമാന്യലോകത്തു കണ്ടെത്താൻ കഴിയാത്ത അത്ഭുതപാത്രങ്ങളെ സൃഷ്ടിച്ചു, അവരുടെ സ്വഭാവവും പെരുമാററവും സാമാന്യക്കാർക്കു് സുഗ്രാഹ്യമല്ലെന്നു സ്ഥാപിച്ചു മേന്മ നേടാൻ ശ്രമിക്കുകയെന്നതും, ഇന്നത്തെ ചില നാടകകർത്താക്കളുടെ മറെറാരു വിലക്ഷണവിദ്യയാണു്. ഇംഗ്ലീഷിൽ (Invisible man) തുടങ്ങിയ ചില വിശേഷതരകൃതികളിൽ കാണാൻ കഴിയുന്ന അത്ഭുതസൃഷ്ടികൾ മുഖാന്തിരം തല്ലത്തുകൾ വിശദമാകുന്ന ആശയങ്ങൾ എന്താണെന്നു മനസ്സിലാക്കാൻപോലും കഴിയാതെ, കാര്യകാരണബന്ധത്തെ കവച്ചുവെച്ചു കസത്തെടുത്തു പൊങ്ങുമ്പോൾ ഒരു ബീഭത്സരൂപത്തെയും കടിച്ചുപിടിച്ചുകൊണ്ടു രംഗപ്രവേശം ചെയ്താൽ പ്രേക്ഷകരുടെ അത്ഭുതദ്യോതകമായ തുറിച്ചുനോട്ടങ്ങൾക്കു മുൻപിൽ തെളിഞ്ഞുനില്ക്കാൻ കഴിയുമെന്നായിരിക്കാം ഈ കൂട്ടരുടെ പ്രതീക്ഷ. നമുക്കാർക്കും മനസ്സിലാക്കാനോ അപഗ്രഥിക്കാനോ സാദ്ധ്യമല്ലാത്ത പരസ്പരവൈരുദ്ധ്യങ്ങൾ, സ്വഭാവവൈപരീത്യങ്ങൾ ഇവയെല്ലാം ഒരു കഥാപാത്രത്തിൽ കെട്ടിത്തൂക്കിയി

ട്ടാൽ, അയാളെനോക്കി നാമെല്ലാം അന്ധാളിച്ചു അതിശയിച്ചു കരഘോഷം മുഴക്കുമെന്നു തല്ക്കർത്താക്കൾ വിശ്വസിക്കുന്നുണ്ടായിരിക്കണം. മലയാളനാടകം കാണാൻ ചെല്ലുന്നവരോടു് ഇതിൽ കൂടുതലായധിക്കാരം കാണിക്കാനുണ്ടോ? എന്നിട്ടും നാം ക്ഷമിക്കുന്നതു് അവരുടെ നിസ്സഹായതയും ഉദരഭാവ്യഗ്രതയും ഓർത്തിട്ടാണെന്നു മനസ്സിലാക്കുന്നില്ല.

സംഗീതനാടകങ്ങളിൽ, നടനസമിതിയുടെ ആവശ്യാനുസരണം ഇടയ്ക്കു സംഗീതം തിരുകിക്കയറ്റുന്ന വിധമാണു് ഏററവും വിഷമമായിട്ടുള്ളതു്. സംഗീതം, സാഹിത്യം, അഭിനയം ഇവയുടെ സമഞ്ജസസമ്മേളനരംഗമാണു് സംഗീതനാടകത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ടതു്. സംഗീതസാഹിത്യാഭിനയങ്ങൾ സംയോജിച്ചു ഒരാളിൽ പ്രതിഭാസിക്കണമെന്നതു് സാധാരണ സംഭാവ്യമല്ലാത്തതുകൊണ്ടു പൂർവ്വകാലങ്ങളിൽ എഴുത്തുപഠിച്ചവരെല്ലാം നാടകരചനയ്ക്കു തയ്യാറായിരുന്നുമില്ല. "നാടകാന്തം കവിത്വം" എന്ന പ്രശസ്തി നാടകരചനയ്ക്കു നൽകിയിരുന്നതും ഇതുകൊണ്ടുതന്നെയായിരുന്നു. ഇന്ദ്രിയതർപ്പണം എന്ന ഏകോദ്ദേശനിർവ്വഹണത്തിനായി നാടകരചനയ്ക്കു എടുത്തുചാടുന്ന നാടകകർത്താക്കളിൽ പലരും നാടകം എഴുതിക്കഴിഞ്ഞു കമ്പനിക്കാരുടെ യുക്ത്യാനുസരണം പാട്ടുകൾ എഴുതിച്ചേർക്കുവാൻ അനുവദിക്കുകയാണു പതിവു്. രാഗതാളലയങ്ങളുടെ പ്രാഥമികാശയങ്ങൾപോലും ധരിച്ചിട്ടില്ലാത്ത ചില കർത്താക്കന്മാർ പാട്ടുകൾ സ്വയമായെഴുതി നാടകത്തിന്റെ പ്രസ്തുത കുറവു് പരിഹരിക്കാറുമുണ്ടത്രെ! ഇത്ര ദുർഭഗമായ ഒരു ദുരവസ്ഥ പാവപ്പെട്ട മലയാള ഭാഷയ്ക്കല്ലാതെ ഈ വിശ്വത്തിലെ മറെറാരു ഭാഷയ്ക്കും അനുഭവിക്കേണ്ടിവരുകയില്ല. അഭിനയക്കാരുടെ ആവശ്യാനുസരണം, കഥാപാത്രങ്ങളുടെ 'സ്പീച്ചും' മരണമാർഗ്ഗങ്ങളും മാററിയെഴുതാൻ മടിക്കാത്ത ചില 'പിഴപ്പുകാർ' ആ സംഗതി നിർല്ലജ്ജം വിളംബരപ്പെടുത്തുകകൂടി ചെയ്തിട്ടുണ്ടു്.

നാടകകലയെക്കുറിച്ചുള്ള പ്രാഥമികപാഠങ്ങൾപോലും പഠിക്കാതെ, മാനുഷ്യോന്നമനത്തിനുതകുന്ന യാതൊരു നവീനാദർശവും കണ്ടെത്താതെ, മനശ്ശാസ്ത്രമെന്നതു എന്താണെന്നുപോലും മനസ്സിലാക്കാതെ, അർത്ഥശൂന്യവും കർണ്ണാരുന്തുദങ്ങളുമായ കുറെ സമസ്തപദപ്രയോഗങ്ങളുമായി, വ്യഭിചാരകഥകളെഴുതിക്കൂട്ടി നാടകസാഹിത്യത്തെ പുരോഗമിപ്പിക്കാൻ പുറപ്പെട്ടിരിക്കുന്ന ഈ കൂട്ടർക്കു്, പിഴപ്പിനു മററുവല്ല മാർഗ്ഗവുമുണ്ടാക്കിക്കൊടുത്തില്ലെങ്കിൽ മലയാളനാടകവേദിയുടെ ഭാവി ഭയാനകമായിരിക്കും.

സന്മാർഗ്ഗനിഷ്ഠ, സ്വഭാവസ്ഥൈര്യം, ആത്മസാക്ഷി ഇവയൊന്നും അടുത്ത ജന്മത്തുപോലും വഴിയേ പോകാൻ ധൈര്യപ്പെടാത്തവിധം മനസ്സാക്ഷിയെ ബലികഴിച്ചു് വന്ദ്യന്മാരെ നിന്ദിച്ചു സപ്തപക്കകളും കമ്പനിറഗുലേഷൻപ്രകാരം രജിസ്റ്റർചെയ്തു കേവലം 'ലിമിറ്റഡ്'കളായി ജീവിക്കുന്നവരെ സാഹിത്യരംഗങ്ങളിൽനിന്നും അകററിനിറുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കലാവതിയായ കൈരളീകന്യകയെ ഇതിൽ കൂടുതലായ കയ്യേററങ്ങൾക്കു വിധേയയാക്കുന്നതു് മാതൃത്വത്തോടു കാണിക്കുന്ന മഹാപരാധമായിരിക്കുമെന്നേ പറയാനുള്ളൂ.


# മസൂരിജ്വരനിവാരണഗുളിക.

മസൂരിരോഗാണുക്കൾ ശരീരത്തിൽ വ്യാപിക്കാതെ സൂക്ഷിക്കുന്നതിനു് അത്യുത്തമമായ ഒരു ദിവ്യൗഷധം. രോഗം വരാത്ത ആളുകൾ ഈ ഗുളിക ഉപയോഗിച്ചുകൊണ്ടു് മസൂരി പിടിപെട്ടവരെ ശുശ്രൂഷിക്കാം; രോഗം പകരുകയില്ല മറെറല്ലാവിധ രോഗങ്ങളേയും ഉടൻ ശമിപ്പിക്കുന്ന ദിവ്യൗഷധങ്ങളുണ്ടു്. കൂടുതൽ വിവരങ്ങൾക്കു് എഴുതുക:—

കെ. കൊച്ചുവേലുവൈദ്യൻ,
ഗൗതമവിലാസം ആയുർവേദവൈദ്യശാല,
പാക്കള്ളിൽചിറയിൽ,
തെക്കനാര്യാട്ടു്—ആലപ്പുഴ.

# അഞ്ജലി.

## (കൃഷ്ണാവതാരകഥാസംഗ്രഹം.)

വില ഒരു രൂപാ.

### ഗ്രന്ഥകൎത്താ: പുലിയന്നൂർ എസ്സ്. രാമയ്യർ അവർകൾ.

**പ്രൌഢവും ഭക്തിദ്യോതകവുമായ അവതാരികയിൽ കവിതിലകൻ വടക്കുംകൂർ പ്രസ്താവിക്കുന്നതിൽ അല്പം നിരീക്ഷിക.**

"കവിതയും ഭക്തിയും ഇഷ്ടതോഴികളെപ്പോലെ ഒന്നിച്ചു കൈകോൎത്തിണങ്ങി നൃത്തംചെയ്യുന്ന അവസ്ഥ ഈ കാവ്യത്തിൽ അക്കം കാണുവാൻ കഴിയും. ഉത്തമമായ ഭക്തിയോടു ചേൎന്നാൽ കവിതയ്ക്കു് എത്രമാത്രം ആസ്വാദ്യതയും ആസ്തികലോകത്തെ വശീകരിക്കുന്നതിനു ശക്തിയും ലഭിക്കുമെന്നതിനു് "അഞ്ജലി" ഒരു നല്ല ദൃഷ്ടാന്തമാണു്. നൂതനങ്ങളായ പദങ്ങളുടെ കല്പനവും, അലങ്കാരങ്ങളുടെ പ്രയോഗങ്ങളും, ഭാവങ്ങളുടെ പുഷ്ടിയും, ഈ സ്തോത്രത്തിന്റെ കവിതാപരമായ മേന്മയെ വളൎത്തുന്നവയാണു്. ഭാഷയിലെ സ്തോത്രപ്രബന്ധമാലയിൽ "അഞ്ജലി" ഒരു പുതിയ രത്നമായി പരിലസിക്കുമെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

### ഗ്രന്ഥകൎത്താവിന്റെ ഇതരകൃതികൾ.

1. വിഷ്ണുപാദാദികേശാന്തവൎണ്ണന സ്തോത്രം (സവ്യാഖ്യാനം) 1 രൂ.
2. കവിതാമഞ്ജരി 1-ാംഭാഗം 8 ണ.
3. രാജഭക്തി (കവിതാസമാഹാരം) 1 രൂ.
4. കവിതാമഞ്ജരി 2-ാംഭാഗം 1 രൂ.
5. സുലോചന (ഗദ്യകാവ്യം) 1 രൂ. 8 ണ.
6. ലേഖനമഞ്ജരി 1-ാംഭാഗം 2 രൂ.
7. ദിലീപൻ (ഗദ്യം) 8 ണ.
8. ശിവരാത്ര്യുത്സവം (തുള്ളൽ) 6 ണ.
9. ബോധനമാലിക 1-ാംഭാഗം 8 ണ.
10. ഭക്തിദീപിക (ഒരു നിരൂപണം) 4 ണ.

പി. ആർ. എസ്സ്. മണി
പുലിയന്നൂർ ബുക്കുഡിപ്പോ
A. O & P. O, പാലാ;

മാനേജർ—ചന്ദ്രാപ്രസ്സ്,
ചാല, തിരുവനന്തപുരം.

# ആധുനിക ഭാഷാപദ്യസാഹിത്യം.

(ആർ. ഗംഗാധരൻപിള്ള, ബി. എ.)

അധുനാതനപദ്യസാഹിത്യത്തെക്കുറിച്ചു സമഗ്രമായ ഒരു പ്രതിപാദനം ഈ ലേഖനത്തിന്റെ പരിമിതമായ പരിധിയിൽ സാദ്ധ്യമല്ല. പാണ്ഡിത്യനൌകയെ ആശ്രയിച്ചു് മന്ദഗമനം ചെയ്തു പദ്യസാഹിത്യപാരാവാരത്തിന്റെ മറുകരകാണാമെന്നുള്ളതല്ല, പ്രത്യുതഭാവനാവ്യോമയാനത്തിൽ കയറി ഒരു വിഹഗവീക്ഷണം സാധിക്കാമെന്നാണു ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നതു്. കേരളകാളിദാസന്റെ കാലം മുതൽ ഏതൽകാലപര്യന്തം വ്യാപിച്ചു കിടക്കുന്ന വിസ്തൃതമായ ഭാഷാപദ്യസാഹിത്യത്തിൽ പല നൂതനപദ്ധതികളും തുറക്കപ്പെട്ടിട്ടുണ്ടു്.

സംസ്കൃതപക്ഷപാതികളായ പ്രാക്തനജനങ്ങളെയും നവീനാശയ പ്രസരത്തിൽ ശ്രദ്ധാലുക്കളായ ആധുനികരേയും യോജിപ്പിക്കുന്ന ഒരു കണ്ണിയാണു് കേരളവർമ്മ. സംസ്കൃതത്തിൽ അവഗാഢമായ പാണ്ഡിത്യം സിദ്ധിച്ചിരുന്ന അദ്ദേഹത്തിന്റെ കൃതികൾ സംസ്കൃതപദപ്രയോഗബഹുലങ്ങളും പൂർവ്വമാർഗ്ഗാനുവിഷ്ടങ്ങളുമാണെങ്കിലും അവ പദ്യസാഹിത്യത്തിൽ നൂതനമാർഗ്ഗങ്ങൾ പ്രകാശനംചെയ്തു. അവിടത്തെ പ്രയത്നവും പ്രോത്സാഹനവുംകൊണ്ടു മിക്കവാറും ഏകമാർഗ്ഗഗതിയായിരുന്ന പദ്യസാഹിത്യവാഹിനി പുതിയ ചാലുകളിലേക്കു പ്രവഹിച്ചു. മയൂരസന്ദേശം സന്ദേശകാവ്യപ്രസ്ഥാനത്തിൽ ഒരു നൂതനാദ്ധ്യായം കുറിക്കുന്നു. ശാകുന്തളം തർജ്ജമ കൈരളിക്കു ഒരു പുതിയ കണ്ഠാഭരണം ചാർത്തി. അത്രതന്നെ സുപ്രസിദ്ധമല്ലാത്ത 'ദൈവയോഗം' എന്ന ഖണ്ഡകാവ്യം ലളിതവും പ്രസന്നവുമായ മണിപ്രവാളശൈലികൊണ്ടും ജീവത്സാഹിത്യപരമായ കഥാവസ്തുകൊണ്ടും പഴയ മാതൃകകളിൽനിന്നും അത്യന്തം വിഭിന്നമായ ഒരു മാർഗ്ഗം ആവിഷ്കരിച്ചു. കേരളകാളിദാസൻ പ്രകാശനംചെയ്ത മാർഗ്ഗത്തിൽകൂടി വെണ്മണി, നടുവം, ശീവൊള്ളി എന്നീ നമ്പൂതിരിമാർ വിജയകരമായ പര്യടനം നടത്തി.

ഭാഷാപദ്യസാഹിത്യത്തിൽ വിപ്ലവകരമായ പരിവർത്തനം വരുത്തുന്നതിനും കാലാനുസൃതവും ഉൽകൃഷ്ടവുമായ ഒരു കവിതാരീതി അവലംബിച്ചു് വിജയം നേടുന്നതിനും സാധിച്ചിട്ടുള്ളതു് കുമാരനാശാനാണു്. ഭാഷാപദ്യസാഹിത്യത്തിന്റെ നവോത്ഥാനം (Renaissance) സംജാതമായതു് ആശാന്റെ കാലത്താണു്. പണ്ഡിതാഗ്രേസരനായ ഏ. ആർ. രാജരാജവർമ്മതമ്പുരാൻ, പ്രകൃതിവർണ്ണനാപരവും കലാവിലാസസുഭഗവുമായ 'മലയവിലാസം' എന്ന ലഘുകാവ്യം മുഖേന ഖണ്ഡകാവ്യപ്രസ്ഥാനത്തിനു മാർഗ്ഗദർശകം ചെയ്തു. അതേത്തുടർന്നു സഹൃദയാഗ്രേസരനായ സി. എസ്സ്. സുബ്രഹ്മണ്യൻ പോററി "സൌമദനും രാഷ്ട്രനും" എന്ന ഖണ്ഡകൃതി ദ്രാവിഡവൃത്തത്തിൽ നിബന്ധിച്ചു. ആശാന്റെ കൃതികൾ മുഖേന ഭാഷയിൽ ഖണ്ഡകാവ്യപ്രസ്ഥാനത്തിനു അംഗീകരണം ലഭിച്ചു. അദ്ദേഹത്തിന്റെ പ്രഥമകൃതിയല്ലെങ്കിലും വീണപൂവു് ഖണ്ഡകാവ്യപ്രസ്ഥാനത്തിലെ പ്രഥമഗണനീയമായ കൃതിയാണു് എന്നാണു സഹൃദയന്മാരുടെ അഭിപ്രായം. കഥകളികളും, ചമ്പുക്കളും, മഹാകാവ്യങ്ങളും കണക്കിലധികം ആസ്വദിച്ചു് മനംമടുപ്പുതുടങ്ങിയ ഒരു കാലത്തു ആശാന്റെ ഖണ്ഡകൃതികളെ സഹൃദയന്മാർ ആദരവോടും ആവേശത്തോടും സ്വാഗതം ചെയ്തതിൽ ആശ്ചര്യമില്ല. ഖണ്ഡകാവ്യപ്രസ്ഥാനം കാലത്തിന്റെ ഒരാവശ്യംകൂടിയായിരുന്നു. ഇംഗ്ലീഷു സാഹിത്യവുമായി ഇടപഴകിത്തുടങ്ങിയ കേരളീയർ പഴഞ്ചൻ ആശയങ്ങളേയും ലോകാതീതകഥാപാത്രങ്ങളേയും വലിച്ചെറിയാൻ വെമ്പുകയായിരുന്നു. അപ്പോഴാണു് ആശാന്റെ ഖണ്ഡകൃതികളുടെ അവസരോചിതമായ രംഗപ്രവേശം. ആശാൻ ഭൂമിയിൽ കാലുകുത്തിനിന്നു കവിതകൾ ചമച്ചു. സദാചാരപരവും സാമുദായികപരവുമായ തന്റെ ദൃഢവിശ്വാസങ്ങൾ ജനതാമദ്ധ്യത്തിൽ പ്രചരിക്കാൻ കവിതയെ ഉപകരണമാക്കാൻ

ആശാനസാധിച്ചു. അങ്ങനെ കലയ്ക്കു് ഉദ്ദേശവും പ്രയോജനവും ആകാം എന്നു അദ്ദേഹം തെളിയിച്ചു. "ജീവിതവിമർശമധുരങ്ങളും തത്വനിരീക്ഷണസുരഭിലങ്ങളു"മായ പദ്യകുസുമങ്ങൾ ആശാന്റെ കാവ്യലതികയിൽ സുലഭമാണു്. സ്നേഹത്തിന്റെ മാഹാത്മ്യത്തെ ഇത്രത്തോളം വാഴ്ത്തിയിട്ടുള്ള കവികൾ മലയാളത്തിൽ വേറെയാരുമില്ല. ഋജുവും സരളവുമായ ആശയങ്ങൾ, ശാലീനമായ ഭാഷാരീതി, സർവ്വവ്യാപകമായ സാത്വികബുദ്ധി എന്നിവ ആശാന്റെ കവിതകളുടെ പ്രത്യേകതകളാണു്. ആധുനികഭാഷാപദ്യസാഹിത്യ രൂപവൽക്കരണത്തിൽ ആശാൻ ചെയ്തിട്ടുള്ള സംഭാവന അമൂല്യമാണു്.

ആശാൻ വെട്ടിത്തുറന്ന കാവ്യാധ്വാവിൽ ചരിച്ചു് പരിപൂർണ്ണവിജയം നേടിയ രണ്ടു മഹാകവികളത്രേ ഉള്ളൂരും വള്ളത്തോളും. അതുവരെ സാഹിത്യ സാമ്രാജ്യത്തിൽ വിസ്തൃതങ്ങളും ആർഭാടബഹുലങ്ങളും ഗംഭീരങ്ങളുമായ മഹാമണിമന്ദിരങ്ങൾ നിർമ്മിച്ചുകൊണ്ടിരുന്ന ഈ സാഹിത്യചക്രവർത്തികൾ രമ്യങ്ങളായ ചെറുഹർമ്മ്യങ്ങളുടെ സൃഷ്ടിയിൽ ജാഗരൂകരായി അതോടുകൂടി ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ സുവർണ്ണദശയും സംജാതമായി. ഈ മഹാകവികളുടെ ഗുണപൌഷ്കല്യങ്ങളെ പ്രതിപാദിക്കയോ അവയെ തട്ടിച്ചുനോക്കയോ ചെയ്യേണ്ടതു് ഈ ലേഖനത്തിന്റെ ഉദ്ദേശപരിധിക്കതീതമാണു്. എങ്കിലും വള്ളത്തോൾ കവിതകളിൽ വാസനാവൈഭവത്തിന്റെ അകൃത്രിമരാമണീയകത്വം ദൃശ്യമാണെങ്കിൽ ഉള്ളൂർ കൃതികളിൽ അധൃഷ്യമായ പാണ്ഡിത്യപ്രകടനത്തിന്റെ പ്രചണ്ഡതാണ്ഡവം ദർശിക്കാമെന്നു സാമാന്യമായി പറയാം. ഇവരുടെ "കാൽനചേന്ദ്രമരീചികളുടെ" സഹായത്തോടുകൂടി കാവ്യാധ്വാവിൽ സഞ്ചരിക്കുന്നവരാണു് ശേഷംപേർ. അവരിൽ പലരും അഭിനന്ദനാർഹമായ വിജയം വരിച്ചിട്ടുണ്ടു്. എങ്കിലും നാലപ്പാടൻ, ശങ്കരകുറുപ്പ്, കടമ്മത്തു്, കെ. കെ. രാജാ, ബാലാമണിയമ്മ എന്നിവരുടെ നാമങ്ങൾ പ്രത്യേകം പ്രസ്താവാർഹങ്ങളാണു്.

അധുനാതനപദ്യസാഹിത്യത്തിന്റെ ദ്വിതീയഘട്ടത്തിലേക്കു കടക്കും മുൻപു് അടുത്തകാലത്തു വംഗസാഹിത്യവും റഷ്യൻസാഹിത്യവും അതിൽ വരുത്തിയിട്ടുള്ള സ്വാധീനശക്തിയെപ്പറ്റി അല്പം പ്രസ്താവിക്കേണ്ടതുണ്ടു്. നിലവിലിരുന്ന കാല്പനിക പ്രസ്ഥാനത്തിന്റെ (Romanticism) പിടിയിൽനിന്നും മലയാളസാഹിത്യത്തെ വിടുവിച്ചു് അതിനെ യഥാതഥപ്രസ്ഥാനത്തിലും (Realism) പ്രകൃതിനിഷ്ഠപ്രസ്ഥാനത്തിലും (Naturalism) മറ്റും കൂടി കടത്തിക്കൊണ്ടുപോയതിൽ റഷ്യൻസാഹിത്യത്തിനും വംഗസാഹിത്യത്തിനും ഗണ്യമായ പങ്കുണ്ടു്. സാർവ്വലൌകികസമാരാദ്ധ്യരായ ടാൾസ്റ്റോയിയുടേയും ടാഗോറിന്റേയും കൃതികൾ മലയാളികൾക്കു സുപരിചിതമായി തീർന്നതോടുകൂടി അവരുടെ സാർവ്വലൌകികമായ ചിന്താഗതിയും തത്വചിന്താസുരഭിലമായ ആശയവിശേഷങ്ങളും മലയാളികളെ ഹഠാദാകർഷിച്ചു. ആശാന്റെ കൃതികളിൽ തന്നെ വംഗസാഹിത്യത്തിന്റെ പ്രേരകശക്തി ദൃശ്യമായിരുന്നു. ടാഗോറിനെ അനുകരിച്ചു അനേകം ഗദ്യാത്മകവിതകൾ അഥവാ ഛായാനുവാദകവിതകൾ മലയാളത്തിൽ ആവിർഭവിച്ചു. ശ്രീമാൻ ജീ. ശങ്കരക്കുറുപ്പിന്റെ 'എന്റെ വേളി' 'അന്വേഷണം' എന്നീ ഖണ്ഡകൃതികൾ ഛായാനുവാദകവിതയ്ക്കുത്തമോദാഹരണങ്ങളാണു്. ഒരു കാലത്തു ഗദ്യാത്മകവിതകളുടെ പ്രചുരപ്രചാരത്തിൽ മറ്റു കവിതാപ്രസ്ഥാനങ്ങൾ അസ്തപ്രഭങ്ങളായതുപോലെ തോന്നി. സീതാരാമന്റെ ഹാസ്യാനുകരണം പുറത്തു വന്നതോടുകൂടിയാണു് ഇതിനു അല്പം ശമനം ഉണ്ടായതു്. റഷ്യൻ സാഹിത്യത്തിലെ ഭാവപ്രധാനങ്ങളായ വർണ്ണനകളും ദീനാനുകമ്പയും മനുഷ്യസ്നേഹോത്സുകരായ യുവകവികളുടെ സങ്കല്പമണ്ഡലത്തിൽ സ്ഥലം പിടിച്ചു. കവികളും സാഹിത്യകാരന്മാരും 'അന്തഃകരണത്തിന്റെ പ്രചോദനയേയും പ്രത്യക്ഷാനുഭവങ്ങളേയും അനുസന്ധാനം ചെയ്വാൻ' അഭിവാഞ്ഛിച്ചു. കവികൾക്കു പരിതഃസ്ഥിതികളെ വിട്ടുനില്ക്കാനോ കാലത്തിന്റെ അതിശക്തമായ പരിവർത്തനങ്ങളെ അഗണ്യമാക്കാനോ സാധ്യമല്ലെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടു. കവികൾ തങ്ങളുടെ ചുറ്റും കണ്ണോടിച്ചു മനുഷ്യസാധാരണമായ വിചാരങ്ങൾക്കും വികാര

ങ്ങൾക്കും അഭിലാഷങ്ങൾക്കും ആശയങ്ങൾക്കും അകൃത്രിമമായ ഭാഷയിൽ രൂപം നല്കാൻ ഉൽസുകരായി. സാഹിത്യം കൂടുതൽ ജനകീയമായി. കവിതാനതാംഗിയുടെ രൂപത്തിലും സത്തയിലും മാററങ്ങൾ സംഭവിച്ചു. സംസ്കൃതവൃത്തങ്ങളെക്കാൾ ദ്രാവിഡവൃത്തങ്ങൾക്കു കൂടുതൽ പ്രചാരം ലഭിച്ചു. ഗീതകങ്ങൾ, ആത്മഗീതങ്ങൾ മുതലായ രീതിവിശേഷങ്ങൾ ഭാഷയിലേക്കു സംക്രമിച്ചു. ഈ പരിവത്തനദശയിൽ കവിതാലതികയിൽ ഒരു ഞെട്ടിൽ വിടന്നുണ്ടു വാസനാകുസുമങ്ങളാണു് ഇടപ്പള്ളിയും ചങ്ങമ്പുഴയും. സാഹിത്യാന്തരീക്ഷത്തിൽ 'നവസൌരഭം' പരത്തിയിട്ടു ഇടപ്പള്ളി അകാലമരണം വരിച്ചു. ചങ്ങമ്പുഴക്കവിതകൾക്കു ഇടപ്പള്ളിക്കവിതകളോടു വളരെ ആധമർണ്ണ്യം ഉണ്ടു്. ചങ്ങമ്പുഴക്കവിതകൾ ഭാഷാപദ്യസാഹിത്യത്തിൽ ഒരു നൂതനാദ്ധ്യായം തുറന്നിട്ടു. ഗാനാത്മകങ്ങളായ കവിതകൾ നിമ്മിക്കുന്നതിൽ ഇന്നു് ചങ്ങമ്പുഴയെ ആരും ജയിച്ചിട്ടില്ല. സംഗീതമാധുര്യം വഴിഞ്ഞൊഴുകുന്ന ചങ്ങമ്പുഴക്കവിതകൾ മലയാളഭാഷാപദ്യസാഹിത്യത്തിനു അദ്ഭുതപൂവ്വമായ ഒരു സുഷമാവിശേഷം ഉളവാക്കിയിട്ടുണ്ടു്. ചങ്ങമ്പുഴക്കവിതകളിൽ ഏതെങ്കിലും ഭാഗം ഹൃദിസ്ഥിതമാക്കാത്ത കേരളീയർ ഇന്നു വിരളമാണു്. വിശേഷിച്ചും വിദ്യാത്ഥികളുടെ ആരാധനാപാത്രമാണു് ചങ്ങമ്പുഴ. സംഗീതാത്മകവും വാസനാസമ്പന്നരുമായ ഈ കവികോകിലങ്ങളുടെ കൃതികളിൽ വിഷാദാത്മകത്വവും ലോകവിദ്വേഷവും (Cynicism) കലന്നിരിക്കുന്നു എന്നൊരാക്ഷേപമുണ്ടു്. വിശ്വവിഖ്യാതനായ തോമസ് ഹാർഡിയുടെ (Thomas Hardy) നോവലുകൾ വിഷാദാത്മകപ്രധാനങ്ങളാണെന്നുവച്ചു് അവയ്ക്കു ആരും അപകർഷം കല്പിച്ചിട്ടില്ലല്ലോ. ശബ്ദമാധുര്യത്തിലും ഭാവനാവൈചിത്ര്യത്തിലും ചങ്ങമ്പുഴക്കവിതകൾക്കുള്ള ആകർഷകത്വം ഒന്നു വേറെതന്നെ. അതിൽ, കുലംകുത്തി കുതിക്കുന്ന വർഷകാലതടിനിയുടെ ആഴമോ ചുഴികളോ കലക്കമൊ പുളപ്പോ അർഭാടമൊ ഇല്ലെങ്കിലും ശരത്കാലനിമ്നഗയുടെ കിലുകിലാരവവും പ്രശാന്തരമണീയതയും സഹൃദയന്മാക്കു അനുഭവൈകവേദ്യമാണു്.

നല്ല പ്രതിഭയും വാസനയും പരിശ്രമശീലവും ഉള്ള യുവകവികൾ മലയാളത്തിൽ ഇന്നു ധാരാളമുണ്ടു്. പക്ഷേ അവരെ ബാധിച്ചിരിക്കുന്ന ഒരു പ്രധാന ദോഷം അതിരുകടന്ന അനുകരണഭ്രമവും പരസ്യത്തിലുള്ള അഭിവാഞ്ഛയും ആണു്. ഉന്നതമായ ലക്ഷ്യങ്ങളോ ആത്മാത്ഥതയോ ഗൌരവഗരിമയോ കൂടാതെ, അല്ലെങ്കിൽ ശരിയായ ലക്ഷ്യത്തിൻെറ അഭാവത്തിൽ ലഘുകാവ്യങ്ങൾ രചിക്കുന്ന ഇത്തരം വാസനാസമ്പന്നരുടെ കഴിവുകളെ ശരിയായ മാർഗ്ഗത്തിൽ തിരിച്ചുവിടുന്നതിനുവേണ്ട ഉപദേശങ്ങളോ നിർദ്ദേശങ്ങളോ സൂചനകളോ നല്കാൻ അധികാരവും പ്രാഗത്ഭ്യവും ഉള്ള സാഹിത്യനായകന്മാരോ സാഹിത്യസംഘടനകളോ മുന്നോട്ടു വരായ്കയാൽ ഇവർ ചുക്കാനില്ലാത്ത കപ്പലുകളെപ്പോലെ കാവ്യസമുദ്രത്തിൽ അലഞ്ഞുതിരിയുന്നു. തന്നിമിത്തം ഈടും മിഴിവുമുള്ള കലാശില്പങ്ങൾ സൃഷ്ടിക്കാൻ ഇവക്കു സാധിക്കാതെ പോകുന്നു. ഈയിടെ ഒരു സഹൃദയൻ വിലപിച്ചതുപോലെ ജപ്പാൻപാവകളെപ്പോലെ ചൈതന്യരഹിതമായ കവിതാഖണ്ഡങ്ങൾ തുരുതുരെ പെരുകുന്നു.

സുലളിതപദാവലികളിൽനിർഗ്ഗളമായി പ്രവഹിക്കുന്ന ഒരു ശൈലി മിക്ക യുവകവികളും സ്വായത്തമാക്കീട്ടുണ്ടു്. എന്നാൽ ആത്മവീര്യവും അത്ഥഗാംഭീര്യവും അഗാധതയും ഇവരുടെ കൃതികളിൽ കുറവായിരിക്കുന്നു. ഏറിയകൂറും പദമാത്രബഹുലങ്ങളാണു് ഇന്നത്തെ കവിതകൾ. ചില സ്ഥൂലങ്ങളായ കവിതകൾ ഞെക്കിപ്പിഴിഞ്ഞാൽ പോലും ഒരുതുള്ളിക്കാവ്യസാരമെങ്കിലും കിട്ടിയില്ലെന്നു വരുന്നതു കഷ്ടമല്ലേ. അടുത്തകാലത്തു സാഹിത്യത്തിനു അദ്ഭുതപൂവ്വമായ ഒരു പ്രേരണാശക്തി ഉണ്ടായിട്ടുണ്ടു്. സാമുദായികമായ അനീതികൾ നീക്കാനും രാഷ്ട്രീയാഭിലാഷം ആളിക്കത്താനും സാഹിത്യത്തെ ഉപകരണമാക്കാൻ നമ്മുടെ അനുഗൃഹീത കവികൾക്കു് സാധിച്ചിട്ടുണ്ടു്. ഇപ്പോൾ ജനസാമാന്യത്തിനു സാഹിത്യത്തോടുണ്ടായിട്ടുള്ള അഭിരുചി അസാമാന്യമാണു്. ഈ അഭിരുചിയെ ചൂഷണം ചെയ്യാൻ ശ്രമിക്കാതെയും പരസ്യത്തിലും ബാഹ്യമോടിയിലും ഭ്രമിക്കാതെയും വ്യ

കവിത്വത്തെയും സംസ്കാരപാരമ്പര്യങ്ങളേയും അനുകരണങ്ങൾക്കും പ്രസ്ഥാനവൈചിത്ര്യങ്ങൾക്കുമായി ബലികഴിക്കാതെയും ആത്മാർത്ഥമായി കാവ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഇന്നു വിരളമാണു്. അതിനാൽ മററു പല യുദ്ധകാലോല്പാദനങ്ങളെപ്പോലെ ഈയിടയുള്ള കവിതകൾക്കും തരത്തിലും ഗുണത്തിലും ഗണ്യമായ ഇടിവു സംഭവിച്ചിട്ടുണ്ടു്. അനുവാചകരുടെ ഹൃദയത്തിൽ ഗാഢമായി പതിയുന്നതിനു ഇവ അസമർത്ഥങ്ങളാണു്. പരിതഃസ്ഥിതികളിൽ വായനക്കാരെ കൂടുതൽ ശ്രദ്ധാലുക്കളും ഉന്മിഷിതരും ആക്കുന്നതോടുകൂടി അവരുടെ വിചാരങ്ങളേയും വികാരങ്ങളേയും ഇളക്കിമറിക്കയും അവയെ ഉയർത്തുകയും ശുദ്ധിപ്പെടുത്തുകയും അവരെ അലൌകികമായ ഒരാനന്ദാനുഭൂതിയിലേക്കു അല്പനേരത്തേക്കെങ്കിലും ഉയർത്തുകയും ചെയ്യുകയാണു് വിശിഷ്ടമായ കലാധർമ്മം നിർവ്വഹിക്കുന്നതു്. കാലദേശാവസ്ഥകളെ അതിജീവിച്ചു ആനന്ദാനുഭൂതിക്കുറവകളായി വിരാജിക്കുന്ന വിശിഷ്ടകൃതികളെല്ലാം ഏറെക്കുറെ ഈ മാനദണ്ഡത്തെ അനുസരിക്കുന്നവയാണു്. അല്ലാത്തവ ക്ഷണപ്രഭാചഞ്ചലങ്ങളും അല്പായുസ്സുകളും ആകുന്നു. ഈ തോതുവച്ചു ഈയിടെ ഉണ്ടാകുന്ന കവനങ്ങളെ അളക്കുമ്പോൾ പലതും നിരാശാജനകമായ പരാജയം വരിക്കുന്നതായിതോന്നുന്നു. പുരോഗമനസാഹിത്യലേബലിൽ പുറത്തുവരുന്ന കവിതകളുടെ കഥ പറയാനുമില്ല. എങ്കിലും ചില കവികളുടെ കൃതികളിൽ തെളിഞ്ഞുകാണുന്ന ആത്മാഭിമാനവും സ്വാതന്ത്ര്യേച്ഛയും അഭിനന്ദനാർഹമായിരിക്കുന്നു. കവിതാകാമിനിയുടെ സാകല്യേനയുള്ള വളർച്ചയ്ക്കു സ്വാതന്ത്ര്യവും വിശാലവുമായ ഒരു പന്ഥാവു ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. എന്നാൽ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നതു ആശാസ്യവുമല്ല. സാമുദായികവും സാമൂഹ്യവും ദേശീയവുമായ വർത്തമാനകാലപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതോടൊപ്പം പുരോഗമന സാഹിത്യകാരന്മാർ സാർവ്വജനീനവും സാർവ്വകാലികവുമായ ആശയവിശേഷങ്ങൾകൂടി ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കാൻ ശ്രമിക്കേണ്ടതാണു്.

പ്രാചീനത്വത്തെയും ആധുനികത്വത്തെയും സംയോജിപ്പിക്കാൻ പല കവിവര്യന്മാരും ശ്രമിക്കുന്നുണ്ടു്. ആർഷസംസ്കാരത്തിന്റെയും ആധുനികപരിഷ്കാരത്തിന്റെയും സമീചീനമായ സമ്മേളനം വള്ളത്തോളിന്റെയും ശങ്കരക്കുറുപ്പിന്റെയും ഖണ്ഡകാവ്യങ്ങളെ ഉത്തമകോടിയിലേക്കു ഉയർത്തുന്നു. കാലത്തിന്റെയും പരിതഃസ്ഥിതികളുടെയും പരിവർത്തനത്തിനനുസരിച്ചു് വീക്ഷണഗതിയെ തിരിക്കയും ചിന്തയെ ക്രമപ്പെടുത്തുകയുംചെയ്യുന്ന ഈ മഹാകവികൾ നവംനവങ്ങളായ ആശയവിശേഷങ്ങൾ ആർഷസംസ്കാര പശ്ചാത്തലത്തിൽ പ്രകാശിപ്പിക്കുന്നതിൽ അനന്യസുലഭമായ സാമർത്ഥ്യം പ്രകടിപ്പിക്കുന്നു.

ഇവരെ അനുകരിച്ചു് ശ്രീമാന്മാരായ എൻ. ഗോപാലപിള്ള, വെണ്ണിക്കുളം ഗോപാലക്കുറുപ്പു്, കുററിപ്പുറത്തു കേശവൻനായർ, പി. കുഞ്ഞിരാമൻനായർ, എം. ആർ. കൃഷ്ണവാര്യർ, കീഴ്ക്കുളം.എൻ. രാമൻപിള്ള എന്നിവരും ശ്രീമതിമാരായ ലളിതാംബികാ അന്തർജ്ജനം, മുതുകുളം പാർവ്വതിഅമ്മ തുടങ്ങിയവരും .പല നല്ല ഖണ്ഡകൃതികളും കൈരളിക്കു കാഴ്ചവച്ചിട്ടുണ്ടു്. ബഹുകാര്യവ്യഗ്രതയ്ക്കിടയിലും സർദാർ കെ. എം. പണിക്കർ അവർകൾ ഭാഷാപദ്യസാഹിത്യത്തിനു നല്കിവരുന്ന ഉദാരമായ സംഭാവന മറയ്ക്കാനോ മറക്കാനോ സാദ്ധ്യമല്ല. ഉദിച്ചുയരുന്ന യുവസാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ശ്രീ: ടി. എൻ. ഗോപിനാഥൻനായർ, പാലാ നാരായണൻനായർ, തയ്യാട്ടു ചന്ദ്രശേഖരൻനായർ, എം. പി. അപ്പൻ, നാലാങ്കൽ കൃഷ്ണപിള്ള എന്നിവർക്കു ശോഭനമായ ഒരു ഭാവി ആശിക്കാം.

ആധുനികഭാഷാപദ്യസാഹിത്യത്തെ ബാധിച്ചിരിക്കുന്ന അനുകരണഭ്രമവും അന്തഃസാരവിഹീനതയും നീങ്ങി അതു പൂർവ്വാൽ ജാജ്വല്യമാനമാകാൻ ജഗദീശ്വരൻ സഹായിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഉപന്യാസം ഉപസംഹരിക്കാം.

# കലഹം.

കീഴ്കുളം, എൻ. രാമൻപിള്ള.

1 "കനിവുന്നിൻ കൃഷ്ണനിലില്ലേ? രാധ-
ക്കിനിയും കലഹം തീർന്നില്ലേ?
മുകിൽമൂട്ടും വെൺതിങ്കൾപോലെ നിന്റെ
മുഖമെന്തു മങ്ങി മൽബാലേ!
ഇട്ടതാമരത്താരിൽപ്പാരം മഞ്ഞു
പടരുന്ന പാർക്കിലിന്നേരം.
മതിയാകുകില്ലേ പിണക്കം കൃഷ്ണ-
ന്നിളകാണമേതാറെ ക്കട്ടപ്പം.
അറിയാരതമക്കൂറിവല്ലേ മേഘി-
ലൊരു ചിരിതെല്ലു തിക്കില്ലേ?
മുരളിഞാൻ വായിക്കാം നോക്കു വണ്ടു
മുരളുന്ന മട്ടുകൾകേൾക്കു
അതിലില്ല കൗതുകമെങ്കി- ലൊരു
പുതുരാഗമാലാപിക്കട്ടേ!
അതുമിഷ്ടമില്ലാത്തപക്ഷ- മൊന്നി-
ച്ചൊരങ്ങുന്നുത്ത:—മുരണോവിപക്ഷം?
ഇങ്ങനെട്ടുനീ കലഹിക്കിൽ ഞാനി-
സ്ഥലിവിട്ടുപോകും നിശ്ചയ്യാൽ."

2 "മധുരോക്തികൾ പോരും പോരും കണ്ണാ!
മതിയൊപ്പിപ്പാഴ് വേലയ്യായ്നീ
പരിചുററനിൻ പാട്ടുംക്കൂത്തും പാത്താ-
ലെളുതല്ലെനിക്കാസ്വദിക്കാൻ
അതിനിണ്ടുതന്വംഗിതെത്തകൾ ചാരു-
മതികളസംഖ്യ മുണ്ടല്ലോ.

* * * * *

ഒരുകാര്യംഞാൻ ചോദിക്കട്ടേ! നിന-
ക്കരിശംവന്നീടിൽ വരട്ടേ!
പുലർവേളഞാൻ നിൻഗളത്തി- ലിട്ട
മലർമാലയാർക്കു നീ നൽകി.
അരനാഴികയും തൻമെയ്യി- ലായ-
തണിയുവാൻ തോന്നീലയല്ലീ?
അവളുമായങ്ങാടിപ്പാടി സ്വൈരം
വിളയാടുന്നീ ചെന്നുകൂടി.

* * * * *

അതുമല്ലനാമൊററു വക്കി- ലന്നു
പുഷ്പഗോപുരങ്ങൾ തീർത്തപ്പോൾ
ഉയരമേറുന്ന നാലെണ്ണം നന്നായ്
വിരചിച്ചില്ലേ നീയവൾക്കായ്,
ഇവളങ്ങു നിർമ്മിച്ചതെന്തോ ഹന്ത!
മുഴുവനിടിഞ്ഞുതൂർപോയിട്ടും,
അരികത്തുകണ്ടു നീ നിന്നി- ട്ടൊന്നു
കരുതിയോ പൊററു തുണപ്പാൻ.
അവയൊക്കെയിന്നെൻ മനസ്സി- ലില്ല-
ന്നൊരു ലേശമോർക്കേണ്ടനീയും."

3 "ഇതിനാണോവന്ന്ഗർവ്വ ഭാവി-ച്ചേറെ
സ്സമയമായ് വാണതെൻബാലേ!
മതിയാക്കുകിന്നി യിക്കോപം നമു-
ക്കതിമോദം പോകാം കളിക്കാൻ.
സ്ഫുടമിളകണ്ടിതോ! ചാര-ത്താളും
ചെടികൾ ചിരിക്കുന്നിതേററം.
മണിഗോപുരങ്ങൾ നൂറെണ്ണം നിന-
ക്കണിയണിയായ് ഞാൻ തീർത്തേകാം
അതുപോലെ മാരാറ പൂക്കൾ പറി-
ച്ചുതിററിവൻ തന്നെകൊള്ളാം.
ഒരു മാലകൂടി നീ തന്നാൽ ഞാന-
തിനിയാർക്കും നൽകില്ലനൂനം.

* * * * *

പൊളിയല്ല നീതന്നമാല്യ- മൊട്ടും
വിലയില്ലാത്തതല്ലീഞാൻ.
ഒരുനാളും വാടാത്തതാംനിൻ പ്രേമ-
പ്പൂത്തമാല നെഞ്ചിലുള്ളപ്പോൾ
അതിനെ ഞാനത്ര ഗണിച്ചി- ല്ലിതിൽ
ചതിയെന്തു തോന്നുവാനുണ്ടോ?
അഥ രാധികേ! പിന്നെക്കേൾനീ മമ
ഹൃദയത്തെത്തന്നെ ഞാൻനിത്യം
വേദീമമാകും പ്രതിഷ്ഠ- യ്ക്കൊത്ത
മണിമയക്ഷേത്ര മാക്കുമ്പോൾ
മണൽമാളികകളിലേപം വഴ-
ക്കണമാത്രയോഗ്യമോ ചൊൽനീ"

4 ഇതുകേട്ട ഗോകുലറാണി- ക്കേലം
വദനാബ്ജമൊന്നു വിടർന്നു.
നവശോഭ കലർന്ന ചെഞ്ചുണ്ടാം പുത്തൻ
പവിഴത്തിൽ മുത്തുപകർന്നു.
ഇരുവർക്കും ഹർഷം പുലർന്നു തമ്മിൽ
കരതാർകൾ കോർത്തു നടന്നു.

# വിധിവിലാസം.

(ശ്രീ. എൻ. ഗോപാലപിള്ള എം. എ.,)

"അച്ഛാ! ഇനിയും വളരെ ദൂരം പോകണമോ?"

"വേണ്ട വേണ്ട, അതാ! ആ കാണുന്നതാണ് മേനോനങ്ങുന്നിന്റെ ബംഗ്ലാവ്."

"അതാണോ അച്ഛാ! രഘുവിന്റെ വീട്? അവന് എന്നോട് വലിയ സ്നേഹമാണ്; ഒരു ദിവസം എന്നെയും കാറിൽകയററി കാഴ്ചബംഗ്ലാവുവരെ കൊണ്ടുപോയി."

"കൊച്ചുങ്ങുന്നും രാവിലെ അവിടെത്തന്നെ ഉണ്ടായിരിക്കും; വൈകുന്നേരത്തേ സക്കീട്ടു പോകയുള്ളു."

"ഏതു കൊച്ചങ്ങുന്ന്"

"രഘുനാഥൻ കൊച്ചങ്ങുന്നു തന്നെ"

"എന്തു്? രഘുനാഥൻ കൊച്ചങ്ങുന്നോ? എന്റെകൂടെ പഠിക്കുന്ന രഘുവല്ലേ?"

"അപ്പു! നീ ലോകം കണ്ടിട്ടില്ല. നീ എന്തെല്ലാം പഠിക്കാൻ കിടക്കുന്നു! അപ്പോഴല്ലേ ലോകത്തിന്റെ മാന്ത്യം മെട്ടമൊക്കെ മനസ്സിലാകയുള്ളു!"

അപ്പു ചിന്താമഗ്നനായി. അച്ഛന്റെ കൂടെ പുറപ്പെട്ടതേ അവമാനമായെന്ന് അവനു തോന്നി. ഇതെന്തൊരു വൈപരീത്യം! താൻ ക്ലാസ്സിൽ മിക്ക വിഷയങ്ങൾക്കും ഒന്നാമൻ രഘുനാഥനാകട്ടെ "മലയാളത്തിനുപോലും മുപ്പതു മാർക്ക് വാങ്ങാൻ പാടുപെടുന്നവൻ!" അവനെ കൊച്ചങ്ങുന്നെന്നു വിളിക്കണമത്രേ! ഇതെന്തൊരു ലോകം!......ഇങ്ങനെ പലമാതിരി ചിന്തകൾ അവന്റെ മനസ്സിൽകൂടി കടന്നു പോകുന്നതിനിടയിൽ രണ്ടു കൃത്രിമസിംഹങ്ങൾ രൗദ്രഭാവത്തിൽ നോക്കിനില്ക്കുന്ന വലിയഗേറ്റുകടന്ന് സാമാന്യം വീതിയുള്ള റോഡിൽകൂടി അവർ ഒരു ഫർലാങ് നടന്നു. ഇരുവശങ്ങളിലും പിച്ചകമല്ലികാദിലതകളാലും മററും അലംകൃതമായ ഉദ്യാനം; ക്ഷീണഭാഗത്തായി നീണ്ടു നില്ക്കുന്ന തെഴുത്തിൽ കാളിദാസന്റെ നന്ദിനിയെ അനുസ്മരിപ്പിക്കുന്ന നാലഞ്ചു പശുക്കൾ; പടിവാതുക്കൽ ചങ്ങലയിട്ടു ബന്ധിച്ചിരിക്കുന്ന രണ്ട് രാജപാളയംനായ്ക്കൾ; 'വല്യങ്ങുന്നിനെ' കണ്ട് ഒന്നു സങ്കടം ബോധിപ്പിക്കാനായി 'റേഷൻ ഷാപ്പു'കളിലെന്നപോലെ നിരന്നുനില്ക്കുന്ന ജനങ്ങൾ; ഈ കാഴ്ചകളാണ് അപ്പുവിനെ ആകർഷിച്ചതു്.

"എന്താ ചേട്ടാ! രാവിലെ മകനുമായി?"

ഒരു വില്ലാശിപായി ആഗതനെ സ്വാഗതം ചെയ്തു.

"അങ്ങുന്നിനെക്കണ്ട് ഒരു കാര്യം പറയാനുണ്ട്" എന്ന് നാണുപ്പണിക്കർ മറുപടി പറഞ്ഞു. പണിക്കർ മേനോൻ ജഡ്ജിയുടെയും കുടുംബത്തിന്റെയും പ്രീതിക്ക് പാത്രീഭൂതനായ ഒരു ഭൃത്യനായിരുന്നതിനാൽ, അയാൾക്ക് ആ ഭവനത്തിനുള്ളിൽ പ്രവേശിക്കാൻ പ്രത്യേകാനുവാദം വേണ്ടിയിരുന്നില്ല. അയാൾ പുത്രനുമായി അകത്തുകടന്നു. തെക്കേ മുറിയിൽ ഒരു ബാലികാതല്ലജം ഇരുന്ന് വീണവായിക്കുന്നതും അദ്ധ്യാപകനായ വൃദ്ധബ്രാഹ്മണൻ മുൻപിൽ വെററിലത്തട്ടവുമായി തെററുകൾ തിരുത്തി പറഞ്ഞുകൊടുക്കുന്നതും കണ്ട് അപ്പു കൃതാർത്ഥനായി. അവിടമൊക്കെ വ്യാപിച്ചിരുന്ന അസാധാരണമായ പരിമളവും അവൻ ആസ്വദിച്ചു.

"എന്താ പണിക്കരേ! അല്ല, ഇതാര് മകനാണോ"

മിസസ് മേനോൻ പണിക്കരെ സൽക്കരിച്ചു.

"ഉത്തരവ്, വല്യങ്ങുന്നിനെക്കണ്ട് ഒരു സങ്കടം പറയാനുണ്ട്."

"ഇവൻ ഏതു ക്ലാസിൽ പഠിക്കുന്നു? ഇവനെപ്പററിയാണോ രഘു ഇവിടെ പറയാറുള്ളതു്?"

"ഉത്തരവ്, രണ്ടുപേരും ഒരേക്ലാസിൽ തന്നെ"

"കൊള്ളാം, മിടുക്കനാണ്. പഠിപ്പിക്കണം"

"കാര്യമൊക്കെ കൊള്ളാം കൊച്ചമ്മേ! ഇനിക്ക് പെൻഷനാവാറായി, ഇവനേഉള്ളൂ.

ടൊററമകൻ. ഇവനെ ഒന്നു വീയേയാക്കണമെന്നു് എനിക്കൊരുമോഹവും. അങ്ങുന്നു് ദയവിചാരിച്ചു് ഒരു നാലുരൂപാകൂടി കൂട്ടിത്തന്നാൽ ഞാൻ എങ്ങനെയെങ്കിലും പററിച്ചോളാം"

"അതൊക്കെ സാധിച്ചുതരാം. പണിക്കർ സമാധാനമായിരിക്കണം."

ഇതിനിടയിൽ 'ബെഡ്‌കാഫി'യും കഴിഞ്ഞു് താഴത്തിറങ്ങിവന്ന രഘുനാഥൻ അപ്പുവിനെ കണ്ടഉടൻ ഹീനഭാവം വിടാതെതന്നെ അവനെ മേലെനിലയിലുള്ള തന്റെ വായനമുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. പോകുന്നവഴി വിശാലങ്ങളായ രണ്ടുമൂന്നു ശയനമുറികൾ അപ്പുവിന്റെ ദൃഷ്ടികൾക്കു ലക്ഷീഭവിച്ചു. ചപ്രമഞ്ചക്കട്ടിലുകളും ചുമരിന്മേലുള്ള മനോഹരചിത്രങ്ങളും അനവധി വെള്ളിപ്പാത്രങ്ങളും നിലക്കണ്ണാടികളും അവന്റെ നേത്രങ്ങളെ കവർന്നു. എന്നാൽ ഇവയൊക്കെ നോക്കി നില്ക്കുന്നതു് അന്തസ്സാരശ്ശൂന്യതയാണെന്നു ധരിച്ചിരുന്ന ആ ബാലൻ ഉത്തരക്ഷണത്തിൽ തന്റെ കണ്ണുകളെ പിൻവലിച്ചിട്ടു് രഘുവിനോടുകൂടി അയാളുടെ വായനമുറിയിൽ എത്തി. കണ്ണാടിഅലമാരകളിൽ എത്രയും ആകർഷണീയമാംവണ്ണം അടുക്കിവച്ചിരുന്ന ഗ്രന്ഥസമുച്ചയം, ദന്തനിർമ്മിതമായ വട്ടമേശയിൽ ഇരുന്ന റേഡിയോ മുതലായവ അവൻ സൂക്ഷിച്ചുനോക്കി.

രഘു അപ്പുവിനോട്ടു് ഇരിക്കാൻ പറഞ്ഞിട്ടു് ഒരു വെള്ളിഡപ്പിതുറന്നു് മുൻപോട്ടുനീട്ടി.

"വന്ദനം, ഞാൻ പുകവലിക്കപതിവില്ല."

"ഛേര! ശുദ്ധ കൺട്രി! കമാൺ!"

"വേണ്ട, വന്ദനം."

രഘു ചിരപരിചിതമെന്നപോലെ ഒരു സിഗററെറടുത്തു് ഏററവും പരിഷ്കൃതരീതിയിൽ കത്തിച്ചു് പുകവലി തുടങ്ങി. 'അടുത്ത പരീക്ഷ കടന്നുകൂടാനുള്ള പണി'യെപ്പററിയും സിനിമാസ്റ്റാഴ്സിനെപ്പററിയുമുള്ള രഘുവിന്റെ പ്രഭാഷണം അപ്പു ക്ഷമാപൂർവം കേട്ടുകൊണ്ടിരുന്നു.

പണിക്കർ മേനോനെക്കണ്ടു് സങ്കടം ഉണർത്തിച്ചു. ആ ഉദാരമനസ്കന്റെ മറുപടി ഇപ്രകാരമായിരുന്നു:—

"മകൻ സ്കൂൾഫൈനൽ ജയിക്കട്ടെ; വല്ലതും ജോലികൊടുക്കാം. അവനെ കാളെജിലും മററും അയച്ചു പഠിപ്പിക്കാൻ പണിക്കർക്കു സാധിക്കയില്ല, അതിനു് ആശിക്കയും വേണ്ട. പ്രൊമോഷൻകാര്യം ഓർമ്മിച്ചുകൊള്ളാം."

മേനോൻ മഹാകർക്കശനാണു്. പണിക്കരുടെ കുടുംബത്തോടു് മിസ്സിസ് മേനോനു് തോന്നിയിരുന്ന അനുകമ്പയുടെ ഫലമായിട്ടാണു് ഇത്രയെങ്കിലും പറവാൻ അദ്ദേഹത്തിനു് സന്മനസ്സുണ്ടായതു്. എന്നാൽ അപ്പുവിനെ കാളെജിൽ ചേർക്കണമെന്നും കഴിവുള്ള സഹായമെല്ലാം ചെയ്യാമെന്നും പ്രത്യേകം പറഞ്ഞിട്ടാണു് മേനോന്റെ പത്നി പണിക്കരെ യാത്രയാക്കിയതു്.

അക്കൊല്ലത്തെ സ്കൂൾഫൈനൽ പരീക്ഷാഫലം പുറത്തായി. വിദ്യാർത്ഥികൾ സർട്ടിഫിക്കെററുമായി മദ്രാസ് പ്രസിഡെൻസിയുടെ നാനാഭാഗങ്ങളിൽ സഞ്ചരിച്ചുതുടങ്ങി. സ്വപിതാവിന്റെ യാദൃച്ഛികമായുണ്ടായ മരണവും തന്റെ നേത്രരോഗവും നിമിത്തം അപ്പുവിനു് ഇംഗ്ലീഷ്, ചരിത്രം എന്നീവിഷയങ്ങൾക്കു് മാർക്കു് കുറഞ്ഞുപോകയാൽ അവനു് കനകപുരിയിലെ കാളെജിൽ പ്രവേശനം കിട്ടിയില്ല. അവൻ തൃശ്ശിനാപ്പള്ളിയിലെത്തി. അവന്റെ നിഷ്കളങ്കമുഖത്തു് കളിയാടിയിരുന്ന ചൈതന്യവിശേഷം കണ്ടു് ബുദ്ധിമാനായ പ്രിൻസിപ്പൽ അവനു് കാളെജിൽ പ്രവേശനം നൽകി. വേതനവും അനുവദിച്ചുകൊടുത്തു. രഘുനാഥമേനോനും ആ കാളേജിൽ തന്നെ ചേർന്നിട്ടുണ്ടെന്നുള്ള വസ്തുത അപ്പുവിനു് അറിവുകിട്ടി. എന്നാൽ പല കാരണങ്ങളാലും അവനുമായുള്ള സഹവാസത്തിൽ അപ്പുവിനു് വൈമനസ്യമാണുണ്ടായതു്.

കൊല്ലം ഒന്നുകഴിഞ്ഞു. അപ്പു ഇപ്പോൾ സീനിയർ ഇന്റർമീഡിയററ്ക്ലാസിലാണു്. തൃശ്ശിനാപ്പള്ളി മലംകോട്ടക്ഷേത്രം അവന്റെ മനംകവർന്ന ഒരു പുണ്യസ്ഥലമത്രേ. അതിന്റെ മേൽ

ഭാഗത്തുചെന്നു് അന്തമില്ലാതെ നാലുചുററും നീണ്ടുകിടക്കുന്ന ഭൂപ്രകൃതികണ്ടു് ആസ്വദിക്കുന്നതിൽ അവൻ ഉൽസുകനായിരുന്നു. ക്ഷേത്രത്തിന്റെ അർദ്ധവൃത്താകൃതിയിലുള്ള ഗോപുരങ്ങൾ, രത്നാവതിയെ രക്ഷിക്കാൻ തായുമാനവരായശിവന്റെ കഥകൾ പ്രതിപാദിക്കുന്ന കുഡ്യചിത്രങ്ങൾ, ഭീമാകൃതിയിലുള്ള ശിവലിംഗം മുതലായവ സൂക്ഷ്മമായി നോക്കിയതിനുശേഷം ഒരു സായാഹ്നത്തിൽ അപ്പു മലയുടെ മേലററത്തുള്ള ഗണപതിക്ഷേത്രത്തിലെത്തി. അഹോ! എത്രയും ഹൃദയാകർഷകമായ കാഴ്ച! ഒരുഭാഗത്തു കാവേരിനദി ഒരു ചെറുനീർച്ചാലുപോലെ കാണപ്പെടുന്നു. അതിന്മേലുള്ള റെയിൽപ്പാലത്തിൽക്കൂടി ഒരു കൃഷ്ണസർപ്പമെന്നപോലെ തീവണ്ടി ഇഴഞ്ഞുപോകുന്നു. പച്ചപ്പരവതാനി വിരിച്ച മട്ടിൽ വയലുകൾ നാലുഭാഗത്തും പരന്നുകിടക്കുന്നു. ഫലസമൃദ്ധങ്ങളായ നാളികേരവൃക്ഷങ്ങൾപച്ചിലച്ചെണ്ടുകളെന്നവണ്ണം അങ്ങുമിങ്ങും കൂട്ടംകൂടിനില്ക്കുന്നു. അപ്പു ഇതൊക്കെ നോക്കി പ്രപഞ്ചവിസ്തൃതിയെപ്പററി ചിന്തിക്കുന്നതിനിടയിൽ അവനു് മുതുകിൽ ഒരു പ്രഹരംകിട്ടി.

'ആരു്? സുകുമാരനോ?'

എന്നു് അവൻ മന്ദഹാസപൂർവ്വം ചോദിച്ചു. സുകുമാരൻ ഒരു വിശേഷവർത്തമാനവും കൊണ്ടാണു വന്നതു്. ഏതാനും വിദ്യാർത്ഥികൾ മദ്യപാനംചെയ്തു് ഉന്മത്തരായി പാർക്കിൽവച്ചു് ഏതോ അക്രമം പ്രവർത്തിക്കയാൽ അവർ കാളേജിൽ നിന്നു നിഷ്കാസനം ചെയ്യപ്പെട്ടുവത്രേ. 'കഷ്ടം!' എന്നു മാത്രമായിരുന്നു അപ്പുവിന്റെ മറുപടി. അവർ തിരിയെ വരുന്നവഴി കാളെജിലെ നോട്ടീസ്ബോർഡ് പരിശോധിച്ചതിൽ ശിക്ഷയേററവരിലൊരാൾ രഘുനാഥനാണെന്നറിഞ്ഞു. അപ്പു ഉടൻതന്നെ വിവരം മിസസ്മേനോനെ കമ്പിമൂലം അറിയിച്ചു.

വർഷം രണ്ടുകൂടി കഴിഞ്ഞു. അപ്പു മദ്രാസിലെ പ്രെസിഡെൻസികാളേജിൽ ആണേഴ്സിനു പഠിക്കുന്നു. വിനീതനായ അപ്പുവിനെ മിക്കസമയവും കാളേജ് ഗ്രന്ഥശാലയിൽ കാണാം. സന്ധ്യയായാൽ അവൻ സമുദ്രതീരത്തിലെത്തും. അന്തരാളസീമവരെ നീണ്ടുനിവർന്നുകിടക്കുന്ന സമുദ്രത്തിന്റെ ഗാംഭീര്യമോർത്തു് അവൻ ചിന്താവിവശനാകും.

അങ്ങനെ കാലം പിന്നെയും കഴിഞ്ഞു. ഭോഗലോലുപന്മാരെ സന്മാർഗ്ഗത്തിലേയ്ക്കു തിരിച്ചുവിടാൻ ശ്രമിക്കയല്ലാതെ അതിനെന്തുചെയ്യാൻ കഴിയും! അതു് സാകൂതം പുഞ്ചിരിതൂകിക്കൊണ്ടു് ദ്രുതഗതിയിൽ മുൻപോട്ടു പോകതന്നെ ചെയ്യും. അപ്പുക്കുട്ടൻനായർ എം. ഏ. ഇപ്പോൾ പ്രസിഡെൻസികാളെജിൽ ഒരു അദ്ധ്യാപകനാണു്. രാജ്യക്ഷേമാർത്ഥം നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ മാന്യനെ മദ്രാസിൽ അറിയാത്തവരില്ല. മേനോൻജഡ്ജി അന്തരിച്ചിട്ടു് വർഷം അഞ്ചായി. നാം മുൻപു കണ്ട ആ ബാലിക—അപ്പുക്കുട്ടൻനായരുടെ ധർമ്മപത്നി—ഇതാ അന്നത്തെ വീണതന്നെ വായിച്ചു് തന്റെ ജീവനാഥനെ സന്തോഷിപ്പിക്കുന്നു.

“മനസ്സുസ്വാധീനമൈ, ഒന്നുകേൾക്കട്ടെ. സന്ധ്യയ്ക്കു് ശങ്കരാഭരണമല്ലേ നന്നു്!”

ഏതാനും നിമിഷങ്ങൾക്കുള്ളിൽ ആ ദമ്പതിമാരും വിപഞ്ചികയും ഒരേ ലയത്തിൽ മുഴുകി നിർവ്വതിപൂണ്ടു.

“പേപ്പർ—സാർ”

നായർ പടിവാതുക്കൽ ചെന്നു് ഹിൻഡുപ്പത്രംവാങ്ങി തിരിച്ചും മറിച്ചും നോക്കി. ഒരു ഭാഗത്തു് ഇപ്രകാരം കണ്ടു:—

“ഒരു രഘുനാഥമേനോൻ മദ്യപാനമത്തനായിട്ടേതോ അക്രമം പ്രവർത്തിക്കയാൽ......നമ്പർ പോലീസ് സ്റ്റേഷനിൽ ലാക്കപ്പിലായിരിക്കുന്നു”—

മാധവിപെട്ടെന്നു് വീണ താഴത്തുവച്ചു;— “ജ്യേഷ്ഠൻതന്നെ ആയിരിക്കും. ചെന്നു രക്ഷിക്കണം. അമ്മ മനസ്താപിക്കും.”

“ഞാനിതാ പുറപ്പെട്ടുകഴിഞ്ഞല്ലൊ”

അടുത്ത ട്രാംവണ്ടിയിൽ നായർ സ്റ്റേഷനിലെത്തി. ഇൻസ്പെക്ടർ നായരെ സവിനയം സ്വാഗതം ചെയ്തു. രഘുനാഥനും നായരും തമ്മിലുള്ള ബന്ധം ഗ്രഹിച്ച ഇൻസ്പെക്ടർ ചാത്തു വളരെ മനസ്താപിച്ചു.

"എന്താ പ്രേമനത് മാസ്റ്റർ! ഈ ചെറുപ്പക്കാരനെന്താ ഈ ഗ്രൂമാലിലൊക്കെ ചെന്നുചാടിണേ? "എന്നു തുടങ്ങി അദ്ദേഹം കുറേനേരം സംസാരിച്ചു. എന്തെങ്കിലും മേനോനെ ഉടൻ തന്നെ നാട്ടിൽ അയയ്ക്കാമെന്നുള്ള കരാറിന്മേൽ മുക്തനാക്കി ഇൻസ്പെക്ടരോട് കൃതജ്ഞത പ്രകടിപ്പിച്ചിട്ട് നായർ മേനോനുമായി ടൌൺബസ്സിൽ പുറപ്പെട്ടു. ബസ്സിന്റെ ശബ്ദവും കടന്നുപോകുന്ന ട്രാംവണ്ടിയുടെ മുഴക്കവും മൌണ്ട്റോഡിലെ ആൾസഞ്ചാരവുമെല്ലാം അപരാധിയായ തന്നെ താക്കീതുചെയ്യുകയാണെന്ന് മേനോനു തോന്നിച്ചു. വിവിധവിഷയങ്ങളെപ്പറ്റി ഉല്ലാസപൂർവ്വം സംസാരിച്ചു രസിക്കുന്ന യാത്രക്കാരെ അയാൾ ശിരസ്സ് തെല്ലൊന്നുയർത്തിനോക്കി. വാഹനമാകട്ടെ കർത്തവ്യനിരതനെന്നപോലെ ദ്രുതഗതിയിൽ പൊയ്ക്കൊണ്ടിരുന്നു.

മാധവി കൂടക്കൂടെ ഗേറ്റിൽ ചെന്നുനോക്കും. ഹൃദയത്തിൽ നിന്നു തിളച്ചു പൊങ്ങുന്ന വിഷാദം പണിപ്പെട്ടു നിയന്ത്രിക്കും. ബസ്സും ട്രാമും അനവധി കടന്നുപോയി. ഇങ്ങനെ മണിക്കൂർ രണ്ടു കഴിഞ്ഞതെപ്പോഴോ നായർ മേനോനുമായി വന്നുകയറി.

"എന്റെ പൊന്നുചേട്ടാ!"

മാധവി അത്യന്തം ആവേശത്തോടുകൂടി ഉച്ചരിച്ചു.

മേനോൻ ആ സഹോദരിയുടെ മുഖത്തു സൂക്ഷിച്ചുനോക്കി. അയാളുടെ നേത്രങ്ങളടഞ്ഞു. അയാളിൽ കുടികൊണ്ടിരുന്ന മാലിന്യം കഠിനമായ പ്രഹരമേറ്റ് ബാഷ്പരൂപത്തിൽ പുറത്തേയ്ക്കു പ്രവഹിച്ചു.

---


## —ഉത്തമ സാഹിത്യഗ്രന്ഥങ്ങൾ—

**പ്രഭുകുമാരി.** (By Payyampallil)

വായനക്കാരെ പുളകംകൊള്ളിക്കുന്ന ഒരു സാമുദായിക നോവൽ. വില രൂ. 1. ണ. 8.

**ചന്ദ്രിക.** (By Payyampallil)

നവരസനിഷ്യന്ദിയായ ഒരു എതിരററ സാമുദായിക നോവൽ. വില രൂ. 1. ണ. 8.

**ശാരദ.** (By Payyampallil)

ശാരദ നോവലിന്റെ മൂന്നാമത്തെ പുതിയ രണ്ടാംഭാഗം: കൃഷ്ണമേനോൻ ശാരദയെ വിവാഹംചെയ്യുന്ന പ്രേമപൂർണ്ണമായ കഥ. വില രൂ. 1. ണ. 8.

**രക്തബാഷ്പം.** By Chalayil Ramakrishna Panicker, B. A.

ശോകാത്മകമായ ഒരു ചെറുകഥ. പ്രേയമധുരമായ പ്രതിപാദനരീതി. വില രൂപാ 1.

**പ്രേമയാചകി.** (By K. M. N. Chettiar)

പരിഷ്കാരവും പണവുംപോരാ, പരിശുദ്ധമായ പ്രേമത്തിന്റെ സമ്മേളനംതന്നെ വേണം, ജീവിതയാഥാർത്ഥ്യത്തിൽകൂടി പുരോഗമിക്കുവാൻ എന്ന് പ്രേമയാചകി ലോകത്തെ പഠിപ്പിക്കുന്നു. വില രൂ. 1.

**ലളിത.** (By Parayil Shamsuddin)

ശോകസങ്കുലമായ ഒരു പ്രണയകഥ. വില രൂ. 1. ണ. 8.

ഉടൻ ആവശ്യപ്പെടുക:—

മാനേജർ വിദ്യാരംഭം ബുക്കഡിപ്പോ,

മുല്ലയ്ക്കൽ—ആലപ്പുഴ.

# വെണ്മണിപ്രസ്ഥാനം.

(വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി. എം. ആർ. ഏ. എസ്സ്.)

"വൃത്തത്തിലെ ശൊല്ലറതെല്ലാം ശ്ലോകമാ?" എന്ന 'ചക്കീചങ്കര'ത്തിലെ ശാസ്ത്രികൾ ചോദിച്ചിട്ടു കാലം കുറേയായി. അതിനുശേഷം കേരളസാഹിത്യത്തിൽ പല പരിവർത്തനങ്ങളും 'പുരോഗമന'വും പ്രസ്ഥാനഭേദങ്ങളും ആവിർഭവിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു. എന്നിരുന്നാലും ആധുനികഭാഷാകവിതയുടെ സ്വഭാവരൂപവൽക്കരണം സാധിച്ചതു് വെണ്മണിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടിയാണെന്നുള്ളതു് സഹൃദയലോകത്തിനു വിസ്മരിക്കാവുന്നതല്ല. സുപ്രസിദ്ധകവികളായ വെണ്മണിനമ്പൂതിരിപ്പാടന്മാരാണു് ഈ പ്രസ്ഥാനത്തെ പ്രകാശമാനമാക്കിത്തീർത്തതെന്നു സുവിദിതമാകുന്നു. കേരളവർമ്മദേവൻ, കൊച്ചുണ്ണിത്തമ്പുരാൻ ആദിയായവരുടെ സമകാലികരും അടുത്തകാലത്തു ദിവംഗതരുമായ രണ്ടു കവിവരേണ്യന്മാരാണു് വെണ്മണിഅച്ഛൻനമ്പൂതിരിപ്പാടും മകൻ കടമ്പൻനമ്പൂതിരിപ്പാടും. ഇവരുടെ ഭവനം കൊച്ചിശ്ശീമയിൽ വെള്ളാരപ്പിള്ളിദേശത്തു വെണ്മണിഇല്ലം ആണു്. തൃപ്പൂണിത്തുറയും കൊടുങ്ങല്ലൂരും ആയിട്ടാണു് ഇവരുടെ ജീവിതകാലത്തിൽ അധികവും കഴിച്ചുകൂട്ടിയതു്. വെണ്മണിനമ്പൂതിരിമാർ നല്ല വാസനാകവികളും ഉത്തമസഹൃദയരും ആയിരുന്നു. പുരാതനകാലത്തു്; പഴംതിന്നും പഴത്തൊലി തിന്നും ദേവീഭജനം ചെയ്തു പല കവികളും ഉണ്ടായിട്ടുണ്ടെന്നു ഐതിഹ്യങ്ങൾ ഉണ്ടല്ലോ. ഇതുപോലെ ഒരു നമ്പൂതിരിക്കു് ഒരു യക്ഷിയുടെ പ്രസാദംകൊണ്ടു്, അനുഗ്രഹത്തിന്റെ അനന്തരഗാമികൾക്കു സിദ്ധിച്ച കവിതാവിലാസമായിരുന്നു, വെണ്മണിഅച്ഛനും മകനും ഉണ്ടായിരുന്നതെന്നു് ഒരു ഐതിഹ്യമുണ്ടു്. ഏതായാലും ഒരു കാര്യം വാസ്തവമാണു്; വെണ്മണിനമ്പൂതിരിമാർ അവരുടെ ജീവിതകാലത്തുതന്നെ നല്ല ഭാഷാകവികളെന്നു കേരളമൊട്ടുക്കു പ്രശസ്തരായിത്തീർന്നവരാണു്. വിശിഷ്യ ജീവിതകാലം മുഴുവനും കവിതയെഴുതുന്നതിനും ഫലിതം പറയുന്നതിനും വിനിയോഗിച്ചവരാണു് ഈ കവികൾ.

വെണ്മണിനമ്പൂതിരിമാർ ധാരാളം ലഘുകാവ്യങ്ങളും ഒറ്റശ്ലോകങ്ങളും എഴുതിയിട്ടുണ്ടു്. എന്നാൽ കാവ്യങ്ങൾ പൂർണ്ണമാക്കിയിട്ടുള്ളവ വളരെ ചുരുക്കമാണു്. കവിതകളിൽ ഭൂരിഭാഗവും 'പച്ച' ശൃംഗാരം കോരിച്ചൊരിഞ്ഞിട്ടുള്ളവയാണു്. ഫലിതവും ഒട്ടും കുറവല്ല. കവിതയിലെ ശൃംഗാരപ്രയോഗബാഹുല്യം കണ്ടാൽ 'ഈ കവികൾ ഇത്ര വിടന്മാരായിപ്പോയല്ലോ.' എന്നു ചിലർക്കു തോന്നാവുന്നതാണു്. എന്നാൽ അപ്രകാരമുള്ള ഒരു ജീവിതവൃത്തിയല്ലായിരുന്നു ഈ കവികൾക്കുണ്ടായിരുന്നതു്. നിർമ്മലവും ഋജുവുമായ ഒരു ജീവിതമായിരുന്നു വെണ്മണിമാർ നയിച്ചിരുന്നതെന്നു പറയുന്നതു കേവലം പരമാർത്ഥംമാത്രമാകുന്നു. ചിലരെയെല്ലാം ശകാരിച്ചു് വെണ്മണിനമ്പൂതിരിമാർ ശ്ലോകങ്ങളെഴുതുകയും തൽഫലമായി അക്കൂട്ടർക്കു് അവരോടു പരിഭവം തോന്നുകയും ചെയ്തിട്ടുണ്ടു്. എന്നാൽ വിരോധികൾ ഈ കവികളുമായി അഭിമുഖസംഭാഷണം നടത്തുമ്പോൾ പരിഭവം തീരുകയും ബഹുമാനം തോന്നുകയുമാണു് പതിവു്. അത്തരം ശ്ലോകങ്ങളുടെ ഉല്പത്തി നിർദ്ദോഷതയിൽനിന്നും നേരമ്പോക്കിൽനിന്നുമാണെന്നു് മനസ്സിലാകയും ചെയ്യും. സ്വതേ അമാന്തശീലക്കാരായിരുന്നു വെണ്മണിമാർ. ശ്ലോകങ്ങൾ എഴുതിത്തീർക്കുന്നതിലും ഈ ഉദാസീനത ശക്തിയായി വ്യാപരിച്ചിരുന്നു. എന്നാൽ മകൻനമ്പൂതിരിപ്പാട്ടിലെ ജീവിതമവസാനിപ്പിക്കുന്നതിൽ ഈ ഉദാസീനത ഒട്ടും നേരിട്ടില്ലെന്നുള്ളതു സങ്കടകരമാണു്. അതിനും പുറമെ വെണ്മണിമാർക്കു കവിയശഃകാംക്ഷ കുറവായിരുന്നതിനാൽ എഴുതുന്ന കവിതകൾ സൂക്ഷിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനും ഒരു ശ്രദ്ധയുമില്ലായിരുന്നു. മരം പൂക്കൾ പൊഴിക്കയും മയിലാടുകയും വസന്തർത്തുവിൽ കുയിൽ പാടുകയും ചെയ്യുന്നതുപോലെ കവിതാരാമത്തിൽ സ്വച്ഛന്ദം വിഹരി

ച്ചുകൊണ്ടു് ഈ "ഹർമ്മ്യർക്ഷവര്യന്മാർ"കഴിച്ചുകൂട്ടിയെന്നേയുള്ളു. അതിൽ കുറേയെല്ലാം സഹൃദയലോകത്തിനു ലഭിച്ചു, അവർ ആസ്വദിച്ചു, കവികളറിയാതെതന്നെ അവരുടെ പ്രശസ്തി നാടെങ്ങും പരന്നു. ഇതായിരുന്നു ഈ കവികളുടെ സ്ഥിതി.

കൊടുങ്ങല്ലൂർ കോവിലകത്തായിരുന്നു വെണ്മണിമകൻ നമ്പൂതിരിപ്പാടിന്റെ അന്ത്യകാലം കഴിച്ചുകൂട്ടിയതു്. നമ്പൂതിരിപ്പാട്ടു് സ്വതേ ദുർബ്ബലനും ഉദരരോഗിയും ആയിരുന്നു. വളരെ പ്രായമാകുന്നതിനുമുമ്പാണു് ഇഹലോകവാസം വെടിഞ്ഞതെന്നു മേൽ സൂചിപ്പിക്കയുണ്ടായല്ലോ. മസൂരിരോഗം പിടിപെട്ടാണു് ദിവംപ്രാപ്തനായതു്. ആ ദീനക്കിടക്കയിൽ കിടന്നുകൊണ്ടു് 'രസികരഞ്ജിനി' നാടകസഭക്കാർക്കു് എഴുതിക്കൊടുത്ത താഴെ കാണിക്കുന്ന പദ്യം സ്വകൃതമായ ചരമശ്ലോകമെന്നു പറയാവുന്നതാണു്.

"അഭ്യാസമില്ലോരരങ്ങത്തമഭിനയ-
ത്തിന്നൊത്തകാലോചിത-
ക്രമമോരോന്നു തുടർന്നു നല്ല നട-
ന്നൊന്നാമപ്പേരുകേൾപ്പാനഹം.
പീയൂഷാംശുകലാകലാപതനയേ!
ക്ഷേത്രപ്രിയേ! നിൻ കൃപാ-
പീയൂഷത്തിനു കൈതൊഴുന്നു! ജഗദാ-
ലംബേ! കുരുംബേശ്വരി!"

ഭാഷാകവിത ഭംഗിയാക്കണമെന്ന നിർബന്ധം ഈ കവികളുടെ മുഖ്യമായ ആദർശമായിരുന്നു. അതിനുവേണ്ടി മണിപ്രവാളശുദ്ധിയേയാണിവർ മുറുകെ പിടിച്ചതു്. കേരളത്തിൽ ആര്യദ്രാവിഡബന്ധം പുലർത്തുന്നതിനും ഒരു നൂതനമായ കേരളസംസ്കാരത്തെ സൃഷ്ടിക്കുന്നതിനും ഈ ദേശത്തിനു് ഭാരതഭൂമിയിലെ ഇതരപ്രവിശ്യകളെ അപേക്ഷിച്ചു് ഒരു പ്രത്യേകത കൈവളർത്തുന്നതിനും സഹായിച്ചതു് "മധുരമധുരഭാഷാസംസ്കൃതാന്യോന്യ സമ്മേളനസുരഭില"വും സുന്ദരവുമായ മണിപ്രവാളഭാഷയും സാഹിത്യവുമാണു്. ആ ഭാഷയ്ക്കു ശുദ്ധിയും പുഷ്ടിയും വരുത്തി കാലോചിതമായി പരിഷ്കരിച്ചു് സർവ്വകാലസമാരാധ്യമാക്കിത്തീർത്തതു് ഇച്ചുത്തു ഗുരുപാദരാണു്. ചെറുശ്ശേരിയുടെ ശുദ്ധമലയാളവും ചമ്പൂകാരന്മാരുടെ സംസ്കൃതബഹുലമായ പ്രൗഢമണിപ്രവാളവും ഇടകലർത്തി ദ്രാവിഡവൃത്തത്തിൽ സമഞ്ജസമായും ചേതോഹരമായും പ്രയോഗിച്ചു കലാസൗന്ദര്യത്തെ പ്രകാശിപ്പിക്കയാണു് ഇച്ചുത്തു ഗുരുപാദർ ചെയ്തതു്. നീരക്ഷീരപാകത്തിൽ രമണീയമായിത്തീർന്ന ആ മണിപ്രവാളഭാഷയെ "ശ്രീകാൽത്തനോലേണമാമോദമതിന്നെ നറുമ്പാലിൽ നീരെന്നപോലെ" ചേർക്കണമെന്നും, "അർത്ഥംനിരുപദ്രവിതോന്നേണ"മെന്നും അതിനാൽ "ശിവ! ശിവ! കവിതാരീതി വൈഷമ്യമത്രേ"യെന്നും സ്വമതം പ്രഖ്യാപിച്ചു രംഗപ്രവേശം ചെയ്ത കുഞ്ചൻനമ്പ്യാർ കൈരളിയെ തുള്ളിക്കളിപ്പിച്ചു. എന്നാൽ ആട്ടക്കഥാകാരന്മാർ ഈ വിഷയത്തിൽ സ്വാതന്ത്ര്യമായി കാട്ടുകയറുന്നതിനിടയായിട്ടുണ്ടു്. "അപരിഹരണീയ വിധിയന്ത്രത്തിരിപ്പുമൂസി" "അങ്ങോട്ടടൻ പരിചിലിങ്ങോട്ടടൻ" "ഉപകാരം ചെയ്യാം" "അഴൽവഹസി വിലപസി"മുതലായ നിരവധി പ്രയോഗങ്ങൾ ഇതിനു തെളിവാണു്. ഇങ്ങനെ വഴിപിഴച്ച നയങ്ങളിൽനിന്നു മാറിയും എഴുത്തച്ഛന്റെയും നമ്പ്യാരുടെയും പദ്ധതികളെ അനുകരിച്ചും പരിഷ്കരിച്ചും ആധുനികഭാഷാകവിതാദേവതയുടെ ഓമനപ്പൂലരിയിൽ "പൂമെത്തമെല്ലെഴുന്നേററിരുന്നു്" പോകുന്ന വൃത്താന്തം പറഞ്ഞല്ലോ. "ഓമൽക്കണ്ണിണനീണ്ണിണത്ത വദനപ്പൂവോടു ഗാഢംതദാ പൂമേനിത്തളിരോടു ചേർത്തമർത്തിനിൽക്കാണുന്നതെന്നെന്നകപ്പൂമാലോട്ടുക്കൂ"ടിയ അളിവേണിയുടെ 'മധുരച്ചെല്ലിന്റെ കൊല്ലിൽ' പൂന്തോട്ടത്തു നമ്പൂതിരി രംഗപ്രവേശംചെയ്തു. ആ ലക്ഷ്യംപിടിച്ചു് "പാടത്തിൻകരനീളെ നീലനിറമായ് വേലിക്കലങ്കാരമായും" നില്ക്കുന്ന "പീയൂഷധാഭിന്നയും ഭേദിച്ചുൻപൊട്ടു കല്പവല്ലിതരസാപെറവുള്ള പൈതങ്ങളും"കൈയിലെത്തി "ചെമ്പുപുറമ്പവനിവാനയനുല്ലസിച്ചു." ഈ രണ്ടു കവികളും ഒററശ്ലോകങ്ങൾ കൊണ്ടു് കൈരളീനന്ദനത്തിൽ കളകൂജനംചെയ്തു. ഈ പദ്ധതികളെ സ്വാഗതംചെയ്താം "കല്യേ വെണ്മണിയെന്നാണെന്നില്ലപ്പേർ മല്ലഘോഷനെ"യെന്നു് വിളിച്ചുപറഞ്ഞതും വെണ്മണിന

നമ്പൂതിരിമാർ വന്നശേഷമേ. അതോടുകൂടി "രസാത്മകമായ വാക്യം" ശുദ്ധവും സുന്ദരവുമായ ഭാഷയിൽ ഒന്നുകൂടി പുതുമയോടെ പ്രവേശിക്കാൻ തുടങ്ങി. ഇങ്ങനെ ആവിർഭവിച്ച ആധുനിക കവിതാപദ്ധതി 'വെണ്മണിപ്രസ്ഥാനം' എന്ന പേരിനാൽ ഇന്നു സുവിദിതമായിത്തീർന്നിരിക്കുന്നു.

അക്ലിഷ്ടവും സുന്ദരവുമായ പദഘടന, പദങ്ങളുടെ സ്നിഗ്ദ്ധത, മണിപ്രവാളശുദ്ധി, കർണ്ണസുഖപ്രദമായ പ്രാസപ്രയോഗം, ഗാനാത്മകത്വം, സ്വാഭാവികത, രസകരമായ ഫലിതക്കൊഴുപ്പു് ഇവകൊണ്ടു് എത്ര ആസ്വദിച്ചാലും മതിവരാത്തതും കൊതിതീരാത്തതുമായ ഒരവസ്ഥയിൽ പ്രവഹിക്കുന്ന കാവ്യാമൃതധാരികയാണു് വെണ്മണിപ്രസ്ഥാനമെന്നു ചുരുക്കിപ്പറയാം. "അങ്ങുമിങ്ങുമിരിക്കുന്ന പദങ്ങളെ യഥാവചലേ" ചേരുന്നപടി ചേർത്തു് അന്വയിക്കുന്ന സംസ്കൃതഭാഷയിലെ അന്വയസമ്പ്രദായം ഭാഷാകവിതയിൽ ദൂരാന്വയദോഷത്തെയുളവാക്കുകയും തദ്വാരാ അർത്ഥപ്രതീതിക്കു വിളംബം വരുത്തുകയും ചെയ്യുന്നതാണു്. "ഒന്നായ് ചേർക്കേണ്ടതാം പദങ്ങളിടയിട്ടെന്നെങ്കിലും ചേർത്തിടാം" എന്നുള്ള സംസ്കൃതത്തിലെ നിയമം കേരളഭാഷയ്ക്കു യോജിച്ചതല്ലെന്നു് അറിവുള്ള പലരും ആ നിയമത്തിൽനിന്നും വ്യതിചലിച്ചിട്ടുണ്ടെന്നുള്ളതു സ്മരണീയമാണു്. "ഇന്നിസ്സ്വൈരമയേ കളിക്കുക ചിരിച്ചേന്നോതു മാളീജനം" എന്ന പ്രയോഗത്തിൽ കളിക്കുകയെന്നു ചിരിച്ചോതും' എന്നാണന്വയം.

"ഏററം ഘോഷിപ്പതെല്ലാം പരിചിനൊ-
ടെതിർഭാഗത്തെഴും മാനുഷാണാ-
മിററിററീടുന്ന കണ്ണീർക്കണമഴ ചൊരിയുന്നു-
ണ്ടഹോ കാൺകമൂലം" എന്നതിൽ 'ഘോഷിപ്പതെല്ലാം കാൺകമൂലം' എന്നാണന്വയം വേണ്ടതു്. ഈ അന്വയസമ്പ്രദായം വെണ്മണികവികൾക്കു തുലോം വെറുപ്പുള്ളതായിരുന്നു. പദ്യങ്ങൾ കഴിയുന്നതും അതേപടിയിൽ അന്വയിക്കത്തക്കവിധം, കഴിവുള്ളിടത്തോളം സംഭാഷണശൈലിയിൽ പദങ്ങളെ സരളമായി ബന്ധിപ്പിക്കയെന്നതു് ഈ കവികളുടെ പ്രധാന നിർബന്ധമായിരുന്നു. "അന്നന്നന്നേ നടത്തിട്ടന്നതധികം നന്നെന്നു തോന്നുന്നിതോ?" "രണ്ടാം കൊല്ലമതിൽ കുംഭം രണ്ടാംതീയതിയാണതു" "എന്നാലങ്ങനെയാകട്ടെ; ധന്യ, ഞാനിന്നിയൊന്നു വേർപിരിയട്ടെ—ഒന്നു നടന്നുവരട്ടെ" "മഹാൻ നമ്പൂതിരിപ്പാടോ മഹാഭാഗ്യനിധേ, ഭവാൻ!" ഇത്യാദി പ്രയോഗങ്ങൾ ഈ ആദർശത്തെ വെളിവാക്കുന്നതിനുള്ള ചില ഉദാഹരണങ്ങൾ മാത്രമാകുന്നു. അക്ലിഷ്ടവും സുന്ദരവുമായ ഇത്തരം പദഘടനയാണു് വെണ്മണിപ്രസ്ഥാനത്തിനു് അജയ്യാവസ്ഥ നൽകുന്നതു്.

വെണ്മണിപ്രസ്ഥാനത്തിൽപ്പെട്ട കവിതകളിലെ പദങ്ങളുടെ സ്നിഗ്ദ്ധത വാചാമഗോചരമാണു്. സംസ്കൃതസമ്പർക്കംകൊണ്ടു് ഭാഷാകവിതയിൽ പദദാരിദ്ര്യം തുലോം കുറഞ്ഞു എന്നിരുന്നാലും കർണ്ണശൂലങ്ങളായ പദങ്ങൾ പ്രയോഗിച്ചു് ശരിപ്പെടുത്തുന്നതിനിടയായാൽ കാവ്യത്തിന്റെ 'ജീവനായ' രസം നിഷ്പ്രഭമായിത്തീരുമെന്നുള്ളതിനു സംശയമില്ല. "അത്താതത്തേൻമൊഴിയരികിലുള്ളിഷ്ടയാം തോഴിയോടൻ ഓർത്താമാചന്ത്രനാമൊടുരുമ യോഗിക്കുമല്ലോ ഞാമൂലം" എന്ന മയൂരസന്ദേശത്തിലെ പ്രയോഗം പ്രകൃതമായ വിപ്രലംഭശൃംഗാരത്തിനു ഹാനികരമാണെന്നു് പരുഷവർണ്ണമായ പ്രാസം വിളിച്ചുപറയുന്നുണ്ടല്ലോ. അതിനാൽ ഇങ്ങനെ വൃത്തവും അർത്ഥവും ശരിപ്പെടുത്താതെ രസത്തിനുചിതമായ പദങ്ങളുടെ ഘടനാവൈചിത്ര്യം ഉണ്ടാകുമ്പോളാണു് പദങ്ങൾ സ്നിഗ്ദ്ധങ്ങളാകുന്നതു്. എന്നാൽ വീരം, രൗദ്രം ഈ രസങ്ങളിൽ ഈ സ്നിഗ്ദ്ധതയ്ക്കു സ്ഥാനമില്ല. അവിടെ പരുഷപദങ്ങൾക്കാണു് സ്ഥാനം. രസത്തിനനുസരിച്ച പദപ്രയോഗംകൊണ്ടാണു് കലാസൗന്ദര്യവും ഗാനാത്മകത്വവും സംസിദ്ധമാകുന്നതു്. "അമർത്ത്യരുടെ സൗഹിത്യമല്ലുനിരവദ്യസമ്പാദ്യവരപ്രവാഹമത്യ" എന്ന മട്ടിലും "കല്യാണികളെങ്കമല്ലേ, നല്ലോരുദ്യാനമിദം" എന്ന മട്ടിലും ഉള്ള ആട്ടക്കഥകളിലെ പ്രയോഗങ്ങൾ താരതമ്യം ചെയ്തു നോക്കിയാൽ ഈ തത്വം കൂടുതൽ വിശദമാകും. എന്നാൽ വെണ്മണിയുടെ പദങ്ങളുടെ സ്നിഗ്ദ്ധത എത്രയോ ആസ്വാദ്യം!

"കൊഞ്ചും കോകിലവാണിമാർ കുതുകമോ-
ടന്നങ്ങനേകം രസം-
തഞ്ചും ചഞ്ചലലോചനങ്ങളെഴുതി-
ച്ചന്തങ്ങൾ തിങ്ങുംവിധം
അഞ്ചാതഞ്ചിതഭൂഷണങ്ങളുമണി-
ഞ്ഞെത്തുന്ന കണ്ടാൽ കിട-
ന്നഞ്ചും പഞ്ചശരന്റെ നെഞ്ചകവുമെ-
ഞ്ചാരുസ്മിതാർദ്രാനനേ!"

"മുപ്പത്താറതിൽ നാട്ടുനീങ്ങിയ മഹാ-
വഞ്ചിക്ഷമാനാഥനാം
കല്പക്ഷ്മാരുഹകല്പനായ കമനീ-
യാംഗൻ കൃപാസാഗരൻ."
"അതിമിന്നമിദാനീമൊന്നു
ചൊല്ലേണമെന്നാൽ
മതിമുഖിമണിയാളേ, ഹന്ത!
നിന്നോടുവേണം"

ഇങ്ങനെ ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും കിട്ടുന്നതാണു്.

മണിപ്രവാളശുദ്ധിയിൽ വെണ്മണിക്കവികൾക്കു് അത്യന്തം നിഷ്കർഷയുണ്ടായിരുന്നു. സംസ്കൃതപദങ്ങളെ തത്ഭവങ്ങളായും തത്സമങ്ങളായും സ്വീകരിക്കുമ്പോഴും സംസ്കൃതവിഭക്തിരൂപങ്ങൾ ഘടിപ്പിക്കുമ്പോഴുമാണു് ഈ സൂക്ഷ്മത വേണ്ടതു്. ചന്ദ്രകല, കാർക്കോടക, നക്രതുണ്ഡി ഇത്യാദി പദങ്ങളിൽ അടയാളമിട്ടിരിക്കുന്ന അക്ഷരങ്ങൾക്കു് സംസ്കൃതത്തിൽ ദ്വിത്വം വേണ്ട; ഭാഷയിൽ ദ്വിത്വം വേണം. സംസ്കൃതത്തിൽ 'വാലി'യും 'ബാലി'യുമാകാം ഭാഷയിൽ ബാലിയാണുള്ളതു്. സംസ്കൃതത്തിലെ 'മരകത'വും 'നാരികേള'വും ഭാഷയിൽ മരതകവും നാളികേരവുമാണു്. അതുപോലെ ഹ്രസ്വാക്ഷരങ്ങൾക്കു പിൻപു് 'ൾ' 'ൽ' ഈ ചില്ലുകൾ വന്നാൽ ഭാഷയിൽ ആ ഹ്രസ്വം ചില ദിക്കിൽ ലഘുവും ചില ദിക്കിൽ ഗുരുവുമാണു്. സംസ്കൃതത്തിലാകട്ടെ ഇങ്ങനെ ചില്ലുകൾ വരുന്നിടത്തെല്ലാം ഗുരുവുമാണു്. ചില്ലുകൾക്കു് തീവ്രപ്രയത്നമായും ലഘുപ്രയത്നമായും ഉച്ചാരണം വരും. തീവ്രോച്ചാരണം വരുന്നിടത്താണു് ഹ്രസ്വം ഗുരുവായിത്തീരുന്നതു്. 'മുൾമുടി' 'അൽമാറ' ഇവകളിലെ 'ൾ' 'ൽ' ലഘുപ്രയത്നവും 'മുൾക്കിരീടം' 'തൽക്കുലം' ഇവിടങ്ങളിൽ തീവ്രപ്രയത്നവുമാണു്. അതിനാൽ ഗുരുവാക്കുന്നതിനുവേണ്ടി ചില്ലുകളെ ഇഷ്ടംപോലെ ആധ്മാനം ചെയ്യുന്നതു ശരിയല്ല. എങ്കിലും ചില ഭാഷാകവികൾ ഇങ്ങനെ ചെയ്തിട്ടുണ്ടു്. നോക്കുക;—"ഒന്നായ്ഗ്രാഹ്യയിവൾ പരിഗ്രഹാർണ്ണ" "മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവൾതാനോ" ഇത്യാദി, വിശേഷണവിശേഷ്യപ്പൊരുത്തം ചെയ്കയും മലയാളപദങ്ങളിൽ സംസ്കൃതവിഭക്തിരൂപങ്ങളും ലകാരരൂപങ്ങളും ചേർക്കയും ചെയ്യുന്നതു് മണിപ്രവാളത്തിനു് വൈകല്യമുണ്ടാക്കുന്ന സമ്പ്രദായങ്ങളാണു്. വെണ്മണിക്കവികൾ ഇത്തരം പ്രയോഗങ്ങളെ ഭാഷാകവിതകളിൽനിന്നും ഒഴിവാക്കാൻ നല്ലപോലെ ശ്രമിച്ചിട്ടുണ്ടു് അവരുടെ ഏതു ശ്ലോകത്തിലും ശുദ്ധവും നിർദ്ദോഷവുമായ മണിപ്രവാളം വിലസുന്നതു കാണാം ചില മാതൃകകൾ ഇവിടെ കാണിക്കാം:—

"ശങ്കാഹീനം ശശാങ്കാമലതരയശസാ-
കേരളോൽപ്പന്നഭാഷാ-
വങ്കാട്ടിൽ സഞ്ചരിക്കും സിതമണിധരണീ-
ദേവഹര്യക്ഷവര്യൻ"
"ചെമ്പൊട്ടിച്ചോന്നാലിക്കും മൃദുതരമൊഴി-
കൊണ്ടിന്നു യൂനാം ഹൃദന്ത-
ക്കാമ്പൊട്ടിട്ടുന്ന കൊണ്ടൽക്കുഴലണിമണിമാർ
കുമ്പിടും തമ്പുരാനേ"

ഇങ്ങനെ നോക്കിയാൽ 'മണി' വളരെ ചുരുക്കവും പ്രവാളം വളരെയധികവും എന്നു കാണാവുന്നതാണു്.

മലയാളികൾക്കും മലയാളകവികൾക്കും പ്രാചീനകാലംമുതൽക്കേ വളരെ ഇഷ്ടമുള്ളതാണു് ദ്വിതീയാക്ഷരപ്രാസം. എന്നാൽ ദീർഘവൃത്തങ്ങളിലുള്ള ശ്ലോകങ്ങളിൽ ഈ പ്രാസംകൊണ്ടു് പറയത്തക്ക പ്രയോജനം ഒന്നുമില്ല. അതിനാൽ വെണ്മണിക്കവികൾ ഈ ദ്വിപ്രാസത്തിനു പുറമേ അന്ത്യപ്രാസം യമകം മുതലായ ശബ്ദാലങ്കാരങ്ങൾക്കൂടി പ്രയോഗിച്ചു കണ്ണിനു സുഖമായ ഒരു ശയ്യ പ്രദർശിപ്പിച്ചു.

"കണ്ണൻ കല്യാണപ്പൂണ്ണൻ കളകമലദള-
ക്കണ്ണനെൻ കണ്ണിലാമോ"
കോടക്കാർവർണ്ണനാടക്കഴലൊട്ട്"
"പാടിപ്പാടിനടന്നിടുന്നവർകളെ-
പ്പാടില്ല പാടാക്കയവൻ"
"മന്നോർ—മന്നന്റെ മുന്നിലൊരുമന്നനു-
മന്നയാനോ!" കട്ടിലോ കട്ടുറുമ്പോ?"
"ഉമ്പർകോനുടയ കൊമ്പനാനയുടെ
കുംഭവും കനകകുംഭവും"
"ചോപ്പും ചോരത്തിളപ്പും ചൊകചൊക
വിലസിത്തത്തുമത്തപ്പൂത്തങ്ക-
ക്കോപ്പും കൊണ്ടൽക്കറുപ്പുള്ളണികുഴലു-
മണിത്തിങ്കളും തിങ്ങൾതോറും"

ഇങ്ങനെയുള്ള പ്രയോഗങ്ങൾ ആർക്കാണ് ശ്രവണസുഖദങ്ങളാകാത്തത്?

ഭാഷാകവിത ഗാനാത്മകമായിട്ടുള്ളതാണ്. ഈ ഒരവസ്ഥാവിശേഷമാണ് മലയാളകവിതകളുടെ മാധുര്യത്തിനാസ്പദം. അവിളംബോച്ചാരണത്തിന് ഇടവരുത്താതെ പദങ്ങളെ സംഘടിപ്പിക്കയും സ്വരാപദങ്ങളെ ആരോഹാവരോഹക്രമത്തിൽ പ്രസ്താരം ചെയ്യുകയും ഗുരുലഘുക്കൾക്ക് എല്ലാ പാദത്തിലും സജാതീയത്വം വരുത്തുകയും ചെയ്യുമ്പോഴാണ് ഗാനാത്മകതയുണ്ടാകുന്നത്. പരമരസപ്രദായിത്വം വെണ്മണികവികളുടെ ശ്ലോകങ്ങൾക്കു കാണാം. അത് ഈപ്രകാരമുള്ള കാര്യങ്ങളിലുള്ള നിഷ്കർഷ കൊണ്ടുവന്നിട്ടുള്ളതാണ്. പദ്യരചനയിലുള്ള നിഷ്കർഷക്കൂടുതൽകൊണ്ട് അവ എഴുതിത്തീർക്കുന്നതിനു കാലതാമസം നേരിടുക പതിവാണ്. എത്ര അമാന്തിച്ചാലും ശ്ലോകങ്ങൾ ഭംഗിയാകണമെന്ന് മകൻനമ്പൂതിരിപ്പാടിനു വളരെ നിർബന്ധമുണ്ടായിരുന്നു. 'സൂരത സൂകരയുവതീസുതശതമതിദുർഗ്ഗന്ധമടിതി" എന്ന സമ്പ്രദായമല്ല 'കരിണീചിരന്തന സൂരത സകലമഹീപാലലാളിതം കളഭം" എന്ന പദ്ധതിയായിരുന്നു അദ്ദേഹം മുറുകെപ്പിടിച്ചിരുന്നത്. നോക്കുക:—

"ചാലേചാലിച്ച ഗോപിക്കുറി വള പുലിയൻ
മോതിരം നൂപുരം പൊ-
ന്നേലസ്സേലപ്പൊലിക്കോണകമണികുഴലിൽ-
പ്പീലിപ്പൂമാലികാലി
കാലേമെയ്ച്ചെത്തു മുററത്തിടയിടയിടയ-
ക്കുട്ടിയോടൊത്തു പൂത്താൻ
കോലും കൈക്കൊണ്ടു കോലും കുതുകമൊടമരും
കോലമാലംബനം മേ"

"നീലക്കാറൊളി കുന്തളം നെറുകയിൽ-
ക്കെട്ടീട്ടകണ്ണാസ്വരം
നൂവും നല്ലവിൽമാലമാലമണിയും
പൂത്താലിയും താലിയും"
"പൊന്നിൻപൂമാലയോടും പുരികുഴലിലണി-
പ്പീലിയോടും പ്രകാശം
ചിന്നും ചെംഗോപിയോടും തളവളകളമാ-
യോരു കേയൂരമോടും"

കവിതാവസ്തുവിന്റെ സ്വാഭാവികതയെ ചമൽക്കാരസുന്ദരമായി പ്രകാശിപ്പിക്കുന്ന കവിതയ്ക്കു ജീവനും ശോഭയും ഉണ്ടാകും. പ്രകൃതിയുടെ തന്മയത്വമായ ചിത്രീകരണമാണിതിനാലംബം. സ്വഭാവോക്തി, ഉപമ മുതലായ അലങ്കാരങ്ങളാണ് ഇത്തരം ചിത്രങ്ങൾക്കു മാററുകൂട്ടുന്നത്.

"ചാരംതേച്ചു പിരിച്ചു ചെഞ്ചിടകളിൽ
ചേരുന്ന രുദ്രാക്ഷവും
പാരം കോപരസം കലർന്നമിഴിയും
മാരേന്താൽ മഞ്ചാടിയും
ക്രൂരം ചൊന്ന കഠാരമല്ലു കുടിലും
കൈക്കൊണ്ടുമങ്ങാതെയ-

പ്പൂരത്തിങ്കൽ"ഒരുവരെയും കൂസാതെനടക്കുന്ന ഭദ്രകാളിമാരും; "ഒരു ചെറുവസനംകൊണ്ടു തറവുടുത്തു, ഓത്തിൻ കൈയ്യുകാട്ടി" കുടവയറും തുളുമ്പിച്ചു "ശുണ്ഠിക്കും നല്ലവർ വിശിഖഭ്രാന്തിനും പാത്രമായി നടക്കുന്ന ഓതിക്കടച്ചിജ്ഞന്മാരും" എല്ലാം സ്വാഭാവികതയെ കാണിക്കുന്ന ചിത്രങ്ങളാണ്. കവിതയിൽ വസ്തുവിനെന്നപോലെ വികാരത്തിനും അപരിത്യാജ്യമായ സ്ഥാനമുണ്ട്. വസ്തുക്കളെ സ്ത്രീകളാകുന്ന പശ്ചാത്തലത്തിൽക്കൂടി പ്രകാശിപ്പിച്ച് സഹൃദയനിൽ വികാരം സൃഷ്ടിക്കുന്ന ഒരു കവനകൗശലം വെണ്മണികവിതകളിൽ സാധാരണ കാണാറുള്ളതാണ്. നോക്കുക;—

"താരാഹാരമലങ്കരിച്ചു തിമിര-
പ്പൂഞ്ചായൽ പിന്നോക്കമി-
ട്ടാരാകേന്ദുമുഖത്തിൽ നിന്നു കിരണ-
സ്മേരം ചൊരിഞ്ഞങ്ങനെ
ആരോമൽ കനകാബ്ജകോരകകുചം
തുള്ളിച്ചൊരാമോദമോ-
ടാരാലങ്ഗനയെന്നപോലെ നിശയും
വന്നാളിതന്നാളഹോ"
എന്നിങ്ങനെ നിശാദേവി വരുന്നതും;
"ഗർഭം പ്രാപിക്കപറ്റീ ഗതിയതിനതിനാൽ
ഭാരമായ് പൂർണ്ണമായി-
ട്ടപ്പേററിൽ നോവുമൂലം കിളിമൊഴി പട-
ത്താൽ കരഞ്ഞും പിഴിഞ്ഞും"

ബാലാർക്കനെപ്പെററു രക്തക്കളത്തിൽ തള്ളയും പിള്ളയും മുങ്ങുന്നതും കല്പനയുടെ സ്വാഭാവികത കൊഴുത്തപടയാണ്.

ത്തുലോം ദീർഘമായ സമസ്തപദങ്ങളുടെ നീരക്ഷീരപാകത്തിലുള്ള സരസമായ ഘടനയും സംബോധനകളുടെ ഭംഗിവിശേഷവുംകൂടിച്ചേർന്ന് ദീർഘവൃത്തങ്ങളിൽ ലളിതസുന്ദരമായി പ്രകാശിക്കുന്ന ശയ്യയുടെ മോഹനത വെണ്മണിപ്രസ്ഥാനത്തെ വിശ്വവശ്യമാക്കിത്തീർത്തിരിക്കുന്നു. ലളിതങ്ങളും സുഖപ്രചാരങ്ങളുമായ സംസ്കൃതപദങ്ങളേയും മലയാളപദങ്ങളേയും ഒരുമിച്ചിണക്കി എത്ര നീട്ടാമോ അത്രയും നീട്ടി പ്രയോഗിക്കുന്നതിന് വെണ്മണികവികൾക്കുള്ള വാസനാനൈപുണ്യം അന്യാദൃശമായിട്ടുള്ളതാകുന്നു. "വിദ്വന്മകുടതടമേറ്റോല്ലസൽ പ്രൗഢമുത്തേ" "കല്യാണാംഭോധിരാകാമൃതകര" "പാതിൽപേർകൊണ്ട പങ്കേരുഹദളമിഴിമാർ വാർമുടിക്കെട്ടതനിൽ—പാരം ഭംഗ്യാവിളങ്ങും പരിണതരജനീകാന്തകാന്താനനേ!" "ഏടത്താർശരനാടകക്കളരിയിൽ പ്രൗഢിപ്പെട്ടും ദീപം" ഇത്യാദികൾ ശ്രദ്ധേയങ്ങളാണ്. സംബോധനയുടെ തകൃതിമൂത്ത് "ഗതിവിജിതമഹാവാരണെഴം കൊമ്പനാനേ" എന്നും തട്ടിമൂളിക്കുന്നതിനിടയായിട്ടുണ്ട്.

വെണ്മണിപ്രസ്ഥാനത്തിൽപ്പെട്ട കവിതകളിൽ ഫലിതം മിന്നിത്തിളങ്ങുന്നതാണ് മറെറാരു മേന്മ. ഫലിതം ഓർത്തോർത്തു രസിക്കാവുന്നതും നിർദ്ദോഷമായിട്ടുള്ളതും ആയിരിക്കണം. ഇപ്രകാരമുള്ളതും കർക്കശവും ശകാരപരവും ആയിട്ടുള്ളതും ആയ ഫലിതങ്ങൾ വെണ്മണികൃതികളിൽ കാണുന്നുണ്ട്. ശൃംഗാരം "വെറും പച്ച"യായും കേവലം അശ്ലീലമായും പ്രയോഗിക്കാൻ വെണ്മണിമാർക്ക് അല്പവും കൂസലില്ലായിരുന്നു. അതിനാൽ വെണ്മണികവിതകളിൽ കുറേ ഭാഗങ്ങളൊക്കെ സഭ്യേതരങ്ങളെന്ന നിലയിൽ ദുഷ്ടങ്ങളായിത്തീർന്നിട്ടുണ്ട്. തീയിൽ എരിഞ്ഞു കറതീർന്ന സ്വർണ്ണംപോലെയാക്കി സാത്വികവും താത്വികവുമായ ചൈതന്യം നൽകി പ്രകാശിപ്പിച്ച് രസചക്രവർത്തിയാക്കി സാഹിത്യസാമ്രാജ്യത്തിൽ ശൃംഗാരരസത്തെ പ്രതിഷ്ഠിച്ചവരാണ് കാളിദാസൻ, ഭോജൻ, ബാണൻ മുതലായ പൗരസ്ത്യകവികൾ, അതിൽ വിടത്വം കലർന്നാൽ എത്രമാത്രം ദുഷിക്കുമെന്നുള്ളതിന് കൈയ്യും കണക്കുമില്ല. വിദേശഭാവനയുടെ പ്രാചുര്യവും ശൃംഗാരത്തിന്റെ മഹത്വത്തെപ്പററിയുള്ള ഗൗരവക്കുറവും ആണ് ആ രസത്തെ വിടപരമാക്കിത്തീർക്കുന്നതെന്നു പറയാതെ തരമില്ല. ഈ പരിതഃസ്ഥിതിയായിരിക്കണം വെണ്മണികവികൾക്കും പ്രേരകമായിത്തീർന്നതെന്നാണ് തോന്നുന്നത്. ഏതായാലും സഭ്യേതരമായ ആ ഭാഗത്തെപ്പററി തല്ക്കാലം ഇത്രമാത്രമേ പറയുന്നുള്ളു. അപ്രകാരമല്ലാത്തുള്ള കവിതാഭാഗങ്ങൾകൊണ്ട് നമുക്കു തൃപ്തിപ്പെടാം. ഗൗരവമായ ചില ഫലിതങ്ങളും 'പൊടിക്കൈ'കളും നോക്കാം:—പൂരം കാണ്മാൻ യുവതീയുവാക്കന്മാർ നിരന്നപ്പോഴുള്ള അവസ്ഥ:— "ഫുല്ലാംബുജങ്ങളറുത്തു കോർത്ത" മഹാ"മാല്യംകണക്കെ" ശോഭിച്ച മല്ലാക്ഷീമണിമാരുടെ മുഖാവലികളിലേക്ക് കാമികളുടെ നേത്രഭൃംഗാളി ദൂരെനിന്നും ചെല്ലുന്നതും;

"അമ്പൽഭർത്താവതീവപ്രഭയൊടുവിലസും
നേരമത്താമരപ്പൂ-
ക്കൂമ്പിപ്പോമെന്നു കൂസാതഹ ചിലർ പറയും
വാക്കനൽഭോഷ്കുതന്നെ"
എന്തെന്നാൽ;

"മതമെച്ചം വാണിമാർതൻ മുഖശശികൾ വിളങ്ങുമ്പോൾ" യുവാക്കന്മാരുടെ ഹൃദയാംബുജങ്ങൾ വിരിയുന്നു എന്നുള്ളതും; "സൂക്ഷ്മപ്രകം

ശംകൊണ്ടു താമര വിരിയുമെന്നുള്ളതു് എത്ര യോ ഭോഷ്കാണു്? ഇവിടെ വെയിൽകൊണ്ടു് "യോഷായൂഥമുഖാബ്ജം വിരിയുന്നു" എന്നുള്ളതു; പ്രൗഢങ്ങളായ ഫലിതങ്ങളാണു്. പാർവ്വതീദേവിയുടെ ജാതകപരിശോധനയോ?

"എല്ലായ്പ്പോഴും കളിപ്പാൻ ചുടല,വിഷമഹോ
ഭക്ഷണത്തിന്നു, മെന്ന-
ല്ലുല്ലാസത്തോടു മെയ്യാഭരണമരവമാണി-
ങ്ങനേ തീൻകാന്തൻ
ചൊല്ലേറും മക്കളാനത്തലവ,നൊരുമകൻ
ഷൺമുഖൻ വിസ്തരിച്ചി-
ന്നെല്ലാം നോക്കുന്നനേരം തവമലമകളേ,
ജാതകം ജാതിതന്നെ!"

ബലിക്കല്ലു തട്ടിത്തടഞ്ഞു "പുലപ്പാക്കാരാഢ്യൻ" വീണപ്പോൾ പുലക്കാരശേഷം വിഷാദിച്ചു. സുന്ദരി 'മധുരാധരാമൃത'മേകാഞ്ഞാൽ ഒരാൾ ഉടൻ "ചോരകേണം പുലയായ വസ്തുത ഗ്രഹത്തിങ്കൽ ഗ്രഹിപ്പിക്കുവാൻ" "കഥപറകിലുറങ്ങും നീയഹോ പിന്നെമൂളുന്നതിന്നിവിടെ വിളക്കോ കട്ടിലോ കട്ടുറുമ്പോ?" ഇങ്ങനെ പൊടിക്കൈകൾ അനേകമാണു്. സഭ്യേതരങ്ങളായ ഫലിതങ്ങളും ധാരാളമാണു്.

വെണ്മണിപ്രസ്ഥാനത്തോടുകൂടെ പുഷ്ടിയെ പ്രാപിച്ച മറെറാരു കാവ്യസരണിയാണു് സമസ്യാപൂരണം. ഇപ്പോൾ ഈ സമ്പ്രദായം നാമാവശേഷമായിത്തീർന്നിരിക്കുന്നു. സാഹിത്യമത്സരങ്ങൾ ചെറുകഥയെഴുത്തും നാടകരചനയുമായിട്ടാണു് ഇന്നു നിലവിലിരിക്കുന്നതു്. അക്ഷരശ്ലോകം, കവിതയെഴുത്തു്, ഉപന്യാസരചന, വാചാപ്രസംഗം എന്നിവകൾ ഇപ്പോൾ വിരളമായിരിക്കുന്നതിനാൽ സാഹിത്യക്ഷേത്രത്തിലെ ഉത്സവത്തകൾപ്പുകൾ മന്ദീഭവിച്ചിട്ടുണ്ടെന്നു പറയാം. പാണ്ഡിത്യവും പരഹൃദയജ്ഞാനവും തികഞ്ഞ കവികൾക്കേ സമസ്യ പൂരിപ്പിക്കാൻ സാദ്ധ്യമാകയുള്ളു. കാളിദാസാദികവികൾ ഇക്കാര്യത്തിൽ അന്യാദൃശമായ വിജയം നേടിയവരാണെന്നുള്ളതിന്നു ധാരാളം ഐതിഹ്യങ്ങളുണ്ടു്. വെണ്മണിനമ്പൂതിരിമാർ സമസ്യാപൂരണത്തിൽ അതിവിരുതന്മാരായിരുന്നു. മേൽ കാണിച്ച "തവമലമകളേ ജാതകംജാതിതന്നെ" എന്നുള്ള സമസ്യാപൂരണം ഇതിനൊരുദാഹരണമാണു്.

"ദ്വിജാവനം ചെയ്യരുളും ത്വദീയ-
ദ്വിജാധിപശ്രീ കവരുന്ന കീർത്ത്യാ
നിജാക്രമം വിട്ടഥ കൂറിരുട്ടാം
"ഗജേന്ദ്രവൃന്ദം ഗഗനേ പറന്നു."

ഇതിൽ നാലാംപാദമാണു് സമസ്യ.

"വരാംഗനേ, വാസ്തവമാണു കാര്യം
വരാത്തതല്ലെന്നു നിനച്ചിടേണ്ട
സരോജനേത്രേ, കുഴിയിൽകിടക്കു-
"ന്നൊരാനയെപ്പണ്ടൊരെറുമ്പുതിന്നു"

സമസ്യകളിലും ചിലതു് അശ്ലീലങ്ങളായിട്ടുണ്ടു്.

ഇങ്ങനെ ഏതാണ്ടു് അരശ്ശതാബ്ദക്കാലം സഹൃദയലോകത്തെ ആനന്ദപുളകം കൊള്ളിച്ച വെണ്മണിമാരുടെ കവിതകൾ ഒന്നും പൂർണ്ണമായിട്ടില്ലെന്നുള്ളതു ശോചനീയമാണു്. അംബോപദേശം, പൂരപ്രബന്ധം, കവിപുഷ്പമാല, ഭ്രതിഭ്രഷ്ടചരിതം, സംഗമേശയാത്ര, ഈ ഖണ്ഡകാവ്യങ്ങളും; അതിമോഹം, പ്രച്ഛന്നപാണ്ഡവം, പീയൂഷവിശ്ലോദയം, പുരന്ദരാരുണം ഈ നാടകങ്ങളും; കാമതിലകം ഭാണം, പാഞ്ചാലീസ്വയംവരം തുള്ളൽ ഈ കൃതികളും അപൂർണ്ണങ്ങളായിത്തന്നെയുള്ളവയാണു്. ഇവയും മററു പല ഒററശ്ലോകങ്ങളും കാവ്യഖണ്ഡങ്ങളും ഒരുമിച്ചുചേർത്തു് വെണ്മണികൃതികൾ മൂന്നു വാല്യങ്ങളായി ശ്രീ. പി. വി. കൃഷ്ണവാര്യർ ആദിയായ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. പ്രസ്തുത പ്രസാധകന്മാർ സഹൃദയലോകത്തിന്റെ കൃതകേതരമായ കൃതജ്ഞതയ്ക്കും ബഹുമാനത്തിന്നും അർഹരാണെന്നുള്ളതിന്നു തർക്കമില്ല.

ഇപ്രകാരമെല്ലാം പ്രതിഷ്ഠയേയും പുഷ്ടിയേയും പ്രാപിച്ച വെണ്മണിപ്രസ്ഥാനമെന്ന ആധുനികഭാഷാകവിതാമാതൃകയെ പിന്നീടും പലരും അനുകരിക്കയും കാലോചിതം പരിഷ്കരിക്കയും ചെയ്തിട്ടുണ്ടു്. 'മർത്ത്യാകാരേണ ഗോപീവസനനിരകവന്ന' ദൈത്യാരിയെ ചിത്തത്തിൽ ബന്ധിച്ച വഞ്ചീശ്വരൻ ഭർത്താവിനെ വിട്ടുകിട്ടണമെന്നപേക്ഷിക്കുന്ന ലക്ഷ്മീദേവിയോടു കാരുണ്യരാശിത്വംകൊണ്ടു കനിവുകാട്ടരുതെന്നപേക്ഷിക്കുന്ന ഒറവങ്കര നീലകണ്ഠൻ രാജാവും "പാലിക്കാനായ് ഭുവനമഖിലം ഗോകുലേ ജാതനായിക്കാലിക്കൂട്ടം കലിതകുതുകം കാത്തുകണ്ണനു"

മയൂരം പീലിക്കോൽ കാഴ്ചവച്ചാൽ ഭക്തദാസൻ അത്ര മൗലിയിൽ ചേർക്കുമെന്നുറപ്പുള്ള കേരളവർമ്മദേവനും; "ആലങ്ങാട്ടയിരുൾ പ്രവൃത്തിയതിലാണില്ലം ശിവംപൊള്ളിയെന്നാലംബിക്കു മതിനുപേർ" 'എന്നുംപറഞ്ഞു രംഗപ്രവേശം ചെയ്ത ശീവൊള്ളിയും, 'എട്ടാണ്ടായൊരുമോരുമെന്റെ ശിവനേ ചുണ്ണാമ്പുചോറും, ഗതികെട്ട ഹോട്ടലിൽ കിട്ടുമെന്നുപറഞ്ഞ ഒടുവിൽ കുഞ്ഞുകൃഷ്ണമേനോനും നടുവത്തുനമ്പൂതിരിമാരും മററു പല കവികളും ഈ പ്രസ്ഥാനത്തിനു താങ്ങും തണലുമായി പ്രവർത്തിച്ചവരാണു്. "ചെന്താരുണ്ണി പ്രിയപ്രേയസിയുടെ ചടുലാലോലവീക്ഷാവിശേഷപ്പൊന്താലിച്ചാർത്തുചാർത്തുന്നു" സരസഗായകകവിമണി; ആധുനികഭാഷാകവിതാമാതൃകാകാരൻ എന്ന നിലയിൽ സർവ്വോൽക്കർഷേണ വർത്തിച്ചുകൊണ്ടിരിക്കുന്ന യശശ്ശരീരൻ ശ്രീ. കെ. സി. കേശവപിള്ളയുടെ നാമധേയം എക്കാലത്തും സ്മരണീയമാണു്. ഈ മഹാന്റെ അന്ത്യംവരെ സമസ്യാപൂരണവും ഊർജ്ജിതത്തിൽ തന്നെ ഇരുന്നു. ആ കല്പാടെ കൈരളിക്കു സൗന്ദര്യവും മാധുര്യവും നൽകിയതാണു് ഈ പ്രസ്ഥാനം.

---


## കായകല്പചികിത്സയും യൌവ്വനോദ്ധാരണവും.

## ൧൨൨-ലെ സൂത്രക്കലണ്ടർ ഇനാം!

പണ്ഡിത മാളവ്യജിയും മലബാറിൽ വൈദ്യരത്നം വാരിയരവർകളും കായകല്പചികിത്സ നടത്തി അവരുടെ നഷ്ടപ്പെട്ട യൌവനം വീണ്ടെടുത്തതായും അതുകൊണ്ടു് അവൎക്കുണ്ടായ അനിതരസാധാരണ ഫലങ്ങളെപ്പററി പ്രശംസിക്കുന്നതായും പത്രങ്ങൾമുഖേന നിങ്ങളേവരും അറിഞ്ഞിരിപ്പാൻ ഇടയുണ്ടു്. ആയുർവ്വേദത്തിന്റേയും ഭാരതത്തിലെ സിദ്ധൌഷധങ്ങളുടേയും അസാമാന്യഫലസിദ്ധിയുടെ ഉത്തമോദാഹരണമാണിതു്. എന്നാൽ വൈദ്യലോകത്തിൽ ആകമാനം ഇത്രവളരെ ആവേശം നൽകിയ ഈ കായകല്പചികിത്സാക്രമം ഇന്നോ ഇന്നലെയോ അടുത്തകാലത്തോ ഉണ്ടായ ഒരു നവീന ചികിത്സാസമ്പ്രദായമൊന്നുമല്ല. എത്രയോ വർഷസഹസ്രങ്ങൾക്കുമുമ്പുതന്നെ ഉണ്ടായ അഷ്ടാംഗഹൃദയഗ്രന്ഥത്തിൽ കായകല്പചികിത്സയെപ്പററി സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്. വാർദ്ധക്യരോഗപീഡിതന്മാരായിരുന്ന അനേകം തപസ്വികളും രോഗികളും രസായനസേവചെയ്തുകൊണ്ടാണു് ദീർഘകാലം മേധാസ്മൃതി ബലോപേതന്മാരായി ജീവിച്ചിരുന്നതു് എന്നു വൈദ്യശാസ്ത്രത്തിൽ പറയുന്നു. എന്നു തന്നെയല്ല, ദാമ്പത്യജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവരും വിശിഷ്യ ധാതുക്ഷീണന്മാരും രസായനസേവചെയ്യണമെന്നും പറയുന്നു. അതുകൊണ്ടു് കൂടുതൽ ആരോഗ്യവും ശക്തിയും വേണമെങ്കിൽ നിശ്ചയമായും കായകല്പം കഴിക്കണം. ഇത്രവളരെ ഫലപ്രദമായ കായകല്പചികിത്സ നടത്തുവാൻ അതിന്റെ പണച്ചെലവും പത്ഥ്യാചരണവും നിമിത്തം സാധാരണക്കാർക്കൊന്നും എളുപ്പം സാദ്ധ്യവുമല്ല. എന്നിരുന്നാലും സാധാരണക്കാൎക്കുപോലും വലിയ പണച്ചെലവോ പത്ഥ്യനിഷ്ഠകളോ കൂടാതെ കായകല്പസേവകൊണ്ടുണ്ടാകുന്ന ഗുണഗണങ്ങൾ അനുഭവിപ്പാനും ചില രഹസ്യസിദ്ധ കല്പങ്ങൾ പുരാതനാചാര്യന്മാർ കണ്ടുപിടിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള സിദ്ധയോഗങ്ങളിൽപെട്ട ഒന്നാണു് ഞങ്ങളുടെ കാമാനന്ദരസായനം രജിസ്റ്റേർഡ്. രണ്ടു പന്തിരാണ്ടുകാലമായി ഞങ്ങൾ ഈ സിദ്ധയോഗം കാലദേശപ്രകൃത്യനുസരണം പരിഷ്കരിച്ചു തയ്യാർചെയ്തു് അനേകായിരം രോഗികൾക്കു കൊടുത്തുവരുന്നു. അന്നുമുതൽ ഇന്നുവരെ ഏററവും ഫലപ്രദമാണെന്നു് അനുഭവസ്ഥന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതാണു് ഈ കാമാനന്ദരസായനം. കായകല്പചികിത്സകൊണ്ടുണ്ടാകുന്ന പ്രശസ്ത ഗുണങ്ങൾ മിക്കതും ഏവൎക്കും ഏതുകാലത്തും അനുഭവിക്കുവാനുള്ള ഏകമാൎഗ്ഗം, ഏക ഔഷധം, ഞങ്ങളുടെ ഈ രസായനമാണെന്നു് മഹാജനങ്ങളെ ഒന്നുകൂടി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

25 നമ്പർ ഡപ്പി ഒന്നുക്കു് 1 ക. 11 ണ. V. P. 8 ണ.

രാത്തൽ ഒന്നുക്കു് 5 ക. മാത്രം. വി. പി. അയയ്ക്കും.

M. J. VAIDYAR (Regd. I. M. P.)
Manaloor. (C. S)

# 'പ്രേമബാഷ്പം.'

മൂത്തകുളം, വി. പാർവ്വതിഅമ്മ, (ലേഡീവിദ്വാൻ.)

നതോന്നത.

വിമലനീലിമയേലും ഗഗനമണ്ഡലം ചുംബി-
ച്ചമരസംഗീതാമൃതം നുകർന്നിടും
സുമദലഫലമൃദ്ധമന്ദിരച്ചുഴലുന്ന
സുമഞ്ജുളസുരഭില സുമവാടിയിൽ—;
മധുരസുന്ദരപ്രേമസുധാമയഗീതം തൂകി-
മധുമാസമെന്നു വാഴ്ത്തും പികതതിയും
മധുകരങ്ങളും ചിത്രശലഭജാലവും പറ-
ന്നധികകൗതുകമേകും ഗൃഹവാടിയിൽ—;
വിടർന്നുമണം ചിന്നിവിലസും പാരിജാതങ്ങൾ
കുടവിടർത്തിയ കുളിർശിലയിലൊന്നിൽ
കുടിലകുന്തളമഴിഞ്ഞുലഞ്ഞു കാൽതഴുകുന്ന
ചടുലാക്ഷി "ശാരി" മേവുന്നലസയായി.
കുടുകുടെയൊഴുകുന്ന ചുടുമിഴിനീർത്തുടച്ചു-
മിടനെഞ്ഞുപൊടിയുമാറഹോ, തപിച്ചും
ഇടവിടാതകം തിങ്ങിവെളിയിലേക്കയക്കുന്ന-
നെടുവീർപ്പുവിട്ടും തേങ്ങിക്കരഞ്ഞുമയ്യോ!
പറയുന്നു സ്വയമേവം തരുണിമാരണിമണി-
യുരുകുമുള്ളത്തിനൊരു കുളുർമയേകാൻ
പറന്നുപോയിനങ്ങിയിങ്ങൊരുമിച്ചുരമി-
(ച്ചോരാ-
നിരുപമകളകണ്ഠപ്രവരനെങ്ങോ?
പരതന്ത്രഭാവം തള്ളിത്തുറന്നവിൺവീഥി-
(നോക്കി
സ്വരാജ്യഗീതങ്ങൾ പാടിയുയർന്നുപൊങ്ങി
പരമനിർഭാഗ്യമൂർത്തിയിവളഹോ! പാരതന്ത്ര്യ-
ത്തുറുങ്കിൽവീണുഴലാനും വിധിഗതിയായ്.
മനുജസങ്കല്പമെന്തു? വിധിമതമെന്തുപാർക്കിൽ
നിനപ്പതല്ലനുഭവമധികമാകും
കനകകല്പകസൂനമണിയുവാനാശിച്ചു ഞാൻ
വിനയെഴും കാട്ടുപുഷ്പം ധരിക്കുമാറായ്.
കരളുവാൻ പണികഷ്ടം! വനിതതന്നസ്വാത-
(ന്ത്ര്യം
ഗുരുജനനിദേശത്തിന്നവർ വിധേയ,
ഒരു ബിംബം ഹൃദയത്തിൽ പ്രതിഷ്ഠിച്ചിട്ടന്യ-
(ബിംബം
പരിചിൽ പൂജിക്കയെന്നതഹോ! ഭയാർഹം.

ഇനിവിലപിക്കിലെന്തുഫലമെനിക്കെ-
(ന്നെക്കമാ-
യനഘസംഗീതാമൃതമവശ്യമായി
കളകളരവം ചിന്നിപ്പുളകമിങ്ങേകിയൊരാ
കളകണ്ഠകുലോത്തമൻ പറന്നുപോയി.
ക്ഷണികമെന്നാലുമേററം മധുരമാമോർമ്മയൊത്തു-
തനിയെയാനന്ദമാർന്നും കിനാവുകണ്ടും
അനഘസങ്കല്പസുഖസൗധസംനകർന്നഹാ!
മനംകുളുർപ്പിക്കും മേലിൽ ഹതഭാഗ്യ ഞാൻ.

* * * * * * *

ഒരുദിനം വിഭാതത്തിൽ വണിഗ്വരൻ വാനമാ-
യരിയ പൂങ്കാവിൽ 'ശാരി' വിഹരിക്കുമ്പോൾ
ഒരുപരദേശിതോളിൽ പെരിയൊരുഭാണ്ഡവു-
(മായ്
വിരവിൽവന്നെത്തിമുന്നിൽ വിളിച്ചുചൊല്ലി
"തരിവളമോതിരങ്ങൾ വിലയെഴും മുത്തു-
(മാല്യം
വരിക! വാങ്ങുവിൻ! വന്നു സുകൃതികളേ!
അരിയ മാത്രം ചുററിപ്പെരിയ വാണിജ്യം ചെ-
(യ്തു
പെരുമയോടേറെ നേടി വരുന്നവൻ ഞാൻ."
തിരിഞ്ഞൊന്നു നോക്കി ശാരി; സുഭഗനാം പര-
(ദേശി-
യൊരു കുറിയവളെയും മിഴിച്ചു നോക്കി
തിരതല്ലീടിവിചാരങ്ങളൊരുപോലെ ഹൃദയത്തി-
ലിരുവരും തലതാഴ്ത്തി വിവശതയാൽ.

* * * * *

ധനികനാം വണിഗ്വരൻ രമണിയെയണിയി-
കനിവിലാഭൂഷണങ്ങളെടുത്തുസർവ്വം (ക്കാൻ
പണമുടൻ തൊക്കമേകി; ഹൃദയിയാം പരദേശി
മനംതുറന്നേവമോതിവിനീതനായി.
അണിഞ്ഞിടട്ടിവയമ്മ ചെറിയൊരു സമ്മാന-
(മായ്-
പണത്തിനല്ലാത്മാർത്ഥമായ് തരുന്നിവ ഞാൻ
കുപിതനായ് വിഭ്രമകളുചിലവും തിരിച്ചേ-
(കി·
യപഹസിച്ചെഴുന്നേററു വണിക്പ്രമാണി.

വഴിയുമത്ത്യാർത്തിയുള്ളിലൊരുവിധമടക്കിയു-
മൊഴുകിയൂറിയ ബാഷ്പം തുടച്ചുമയ്യോ!
തൊഴുതപേക്ഷിച്ചു ചെടപരവശൻ പരദേശി
"പുഴയിൽഞാൻ കുളിച്ചിങ്ങുവരുംവരെയും.
അഴലെഴാതെന്റെ ഭാണ്ഡംമുറിയിലൊന്നി-
(രുന്നോട്ടെ
പിഴവരാതിപ്പോളെത്താം തിരിച്ചിഹഞാൻ"
അനുമതിധനിയിൽനിന്നതിനഹോ! ലഭിക്ക-
(യാൽ
മനംതകന്നയാൾ സ്വപ്നപഥികനെപ്പോൽ
നടന്നുമുന്നോക്കം; ബാഷ്പംതുളുമ്പിനില്ക്കുംദൃഷ്ടി-
(യാൽ
വിടയഥാശാരിയോടു കഥിച്ചുശീഘ്രം
തടയുവാൻപ്രയാസമാംനിയതിതൻപ്രവാഹത്തി
ലടിഞ്ഞയാളെങ്ങോ പോയിമറഞ്ഞുകഷ്ടം!

* * * *

കമനിയെത്തഴുകിക്കൊണ്ടനുകമ്പാംപണിശാലൻ
സുമധുരംചോദിച്ചു,ന്തീയഴൽമനോജ്ഞേ!
സുമമൃദുഗാത്രി ബാഷ്പമൊരുവിധംപണിപ്പെട്ടു
ചിമലമാംസാരിത്തുമ്പാൽ തുടച്ചുചൊല്ലി
"പറയുവാൻ പണികഷ്ടം!മരുമയായ്ലാളിച്ചു-
(ഞാൻ
പരിപോഷിപ്പിച്ച പികപ്രവരനേകൻ
ചിരകാലം പിരിഞ്ഞതാണൊരുവിയശേഷം-
(വീണ്ടും-
തിരിച്ചുവന്നല്പം മുൻപെന്നരികിലെന്നാൽ.
ശരിക്കഞാൻകാണുംമുൻപേ തിരിച്ചതുവന്നവഴി
പറന്നുപോയെന്തുചെയ്യും? വിധിവിലാസം"
'കലകമോ പക്ഷിയെപ്പാർത്തരതയഭോഷ-
(തു'മെ-
ന്നനാദികൾ വണിക്കാരി കഥയോരാതെ,

* * * *

പലദിനം കാത്തെങ്കിലും പഥികനപ്പരദേശി
കുളികഴിഞ്ഞെത്തായ്കയാലക്കനരുങ്ങി
ഒളിപ്പിലാ'ഭാണ്ഡ'മെന്നും കുളപ്പിക്കുന്നഹോ!-
(നാരി
തെളിവെഴും പ്രേമബാഷ്പമൊഴുക്കിമേന്മേൽ.

---


## ലജ്ജിക്കേണ്ട!

അസ്ഥിസ്രാവം, സോമരോഗം അഥവാ വെള്ളപോക്ക് ആരംഭിച്ചതു മുതൽ ലജ്ജമൂലം രഹസ്യമായി വച്ചതുകൊണ്ട് മൂത്രച്ചൂട്, ദേഹദുകത്തൽ, കൈകാൽ തളച്ച്, പിളപ്പ്, കിതപ്പ് തുടങ്ങിയ ഉപദ്രവങ്ങൾ വർദ്ധിച്ച് നിത്യരോഗികളായിത്തീരുന്നതിനുമുമ്പ് ഞങ്ങൾ പ്രത്യേകമായി തയ്യാർചെയ്തിട്ടുള്ള "ചന്ദനരസായനം" ഉടൻ ഉപയോഗിച്ച് പ്രസ്തുത രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ച് ആരോഗ്യം, യൌവ്വനം, സൌന്ദര്യം ഇവ ഒന്നുപോലെ വർദ്ധിപ്പിക്കുക. മൂത്രാശയരോഗങ്ങളിലും, ഉഷ്ണരോഗങ്ങളിലും അത്ഭുതഫലത്തെ ചെയ്യും. റാത്തൽ 1-ക്ക് 5-ക.

പാക്കിങ്ങ് തപാൽ ചെലവ് പുറമേ.

ഭാരതവൈദ്യശാല, (Regd)

H. O. ചാലക്കുടി. ബ്രാഞ്ച്:—തൃശ്ശിവപേരൂർ.

N. B. വി. പി. യായി ആവശ്യപ്പെടുമ്പോൾ ഹെഡ്ഡാപ്പീസിലേക്കെഴുതേണ്ടതാണ്.

# പുതിയ കഥാപുസ്തകങ്ങൾ.

## മുത്തുമാല.

സുഭഗസുന്ദരമായ കലാവിലാസം. വികാരോത്തേജകമായ വസ്തുനാനാവൈചിത്ര്യം. അനുഭവരസികത നിറഞ്ഞ കഥാശില്പം ലളിതകോമളമായ ഭാഷാപ്രയോഗം. എല്ലാമിണങ്ങിച്ചേൎന്ന—എസ്. കെ. ആർ കമ്മത്തിന്റെ—൧൨ പ്രധാന കഥകൾ.

1 രൂ. 4 ണ.

## അശ്രുധാര.

ആജീവനാന്തം പ്രഭുകുടുംബത്തെ സേവിച്ച് കള്ളനെന്ന പേരിൽ പറഞ്ഞയക്കപ്പെട്ട ശങ്കരൻനായർ; ജന്മവസ്തു നശിച്ച്, മാതൃഹരണം സഹിച്ച്, യാതനകളിൽ മനംമുരുകി, നിരപരാധിയായിരുന്നിട്ടും നിയമദൃഷ്ട്യാ സ്വന്തസന്താനത്തിന്റെ ഘാതകനായി, മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട തേവൻ;......എന്നിങ്ങനെ ഹൃദയാലുക്കളെ ബാഷ്പാകുലരാക്കുന്ന ജീവിതാനുഭവങ്ങളെ ചിത്രീകരിച്ചുകൊണ്ടുള്ള പി. കെ. കടക്കരപ്പള്ളിയുടെ ൭ കഥകൾ.

1 രൂ.

## ലീലാഞ്ജലി.

അജ്ഞാതകവയിത്രി, ചേട്ടൻ, സന്യാസിനി, യാതന, സ്ത്രീത്വത്തിന്റെ മുമ്പിൽ, ഉന്മാദിനി, അപരാധിനി, നഴ്സ് എന്നിങ്ങനെ കാലദേശാവസ്ഥകളുടെ സജീവചിത്രങ്ങൾ പ്രതിഫലിപ്പിക്കുന്ന കമുകറ എൽ. ലീലാബായിയുടെ ൮ കഥകൾ.

1 രൂ. 8 ണ.

## കഥാകുസുമങ്ങൾ.

മറുകയ്യിൽ പോയ പണം യമുന, വൈരനിര്യാതനം, ക്ഷത്രിയന്റെ അംശം, എന്റെ അനുജൻ — ശ്രീമതി സ്വൎണ്ണകുമാരീദേവിയുടെ പ്രശസ്തങ്ങളായ ൭ കഥകൾ.

8 ണ.

## മലഞ്ചരിവിലെ ഭൂതം.

എഡ്ഗർ വാലസിന്റെ ഡിറ്റക്റ്റീവ് നോവൽ.
സാഹിത്യകുശലൻ ഏ. ഡി. ഹരിശൎമ്മ M. R. A. S. ന്റെ തൎജ്ജമ.

10 ണ.

## അമ്മായിഅമ്മ.

(പുതിയ പതിപ്പ്)

ഭാൎയ്യ, അമ്മ എന്നീ വിപരീതശക്തികൾക്കിടയിൽപ്പെട്ടു ഞെരുങ്ങുന്ന ഒരു യുവാവ്. ക്ഷമാമൂൎത്തിയായ ഭാൎയ്യ, തൊട്ടതിനും പിടിച്ചതിനും മരുമകളെ പഴിക്കുന്ന അമ്മായിഅമ്മ, അവളുടെ പാവയായ കിഴവൻഭൎത്താവ്. എല്ലാം ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു.

4 ണ.

## അപരാധിനി.

അബലതയുടെ ചപലതയും, സ്ത്രീലമ്പടന്മാരുടെ കുടിലതയും ചേൎന്നാൽ എന്തുതന്നെ സംഭവിക്കയില്ല? പാവം! രവി. നിഷ്കളങ്കനായ അവന്റെ ദുൎവ്വിധി—

4 ണ.

## പ്രേമമുദ്ര.

പ്രേമനൈരാശ്യത്തിനു പററിയ മരുന്നോ ആത്മഹത്യ? പ്രേമവും കാമവും—അടിസ്ഥാനമില്ലാത്ത ദുശ്ശങ്ക യാതനാജനകമല്ലേ? വായനക്കാർ വിധിക്കട്ടെ.

6 ണ.

## അംബുജം.

പരാജിതനായ ഒരു പ്രേമിയുടെ ആത്മകഥാകഥനം.

3 ണ.

മാനേജർ,

## ശ്രീ നരസിംഹവിലാസം ബുക്ക്ഡിപ്പോ,

തുറവൂർ A. O. കുത്തിയതോട് P. O.

# "ശാസ്ത്രജ്ഞന്മാരുടെ കർത്തവ്യം."

By.

എസ്. പരമേശ്വരൻ, ബി. എസ്. സി (ഓണേഴ്സ്) യൂനിവേഴ്സിററി കാളേജ്, തിരുവനന്തപുരം.

മനുഷ്യൻ ശാസ്ത്രത്തെ സൃഷ്ടിച്ചു; അതിനെ വേണ്ടപോലെ പോഷിപ്പിച്ചു. തരൻറടം വന്നപ്പോൾ ശാസ്ത്രം ചെയ്യുന്നതു നോക്കുക! തന്റെ സൃഷ്ടിക്കും, വളർച്ചയ്ക്കും കാരണഭൂതനായ മനുഷ്യന്റെ മേൽ കുതിരകേറുന്നു. ശാസ്ത്രത്തിന്റെ നന്ദികേട് അഥവാ മനുഷ്യന്റെ കൈക്കുററപ്പാട്. അല്ലാതെന്തുപറയട്ടെ.

ജ്ഞാനസമ്പാദനോന്മുഖമായ ബുദ്ധിയുടെ പ്രാപഞ്ചിക പ്രവർത്തനഫലമാണല്ലോ ശാസ്ത്രം. ശാസ്ത്രത്തിന്റെ ഉദ്ദേശ്യമോ? ലോകത്തിലെ സാധനങ്ങളുടേയും, സംഭവങ്ങളുടേയും അന്യോന്യബന്ധം, അവയുടെ സ്വഭാവം ഇവ വ്യക്തമാക്കുകയാണ്. ഇങ്ങനെയുള്ള ശാസ്ത്രജ്ഞാനസമ്പാദനം ബുദ്ധിപൂർവ്വം ചെയ്യുന്ന ജോലികളിൽവച്ച് ഉൽകൃഷ്ടതമമാണെന്നു സകലരും സമ്മതിക്കുന്നതാണല്ലോ. ഗവേഷണസമർത്ഥന്മാരായ മനുഷ്യരുടെ നിരന്തരശ്രമത്തിന്റെ ഫലങ്ങളാണ് ഇന്നത്തെ ശാസ്ത്രീയ വികാസങ്ങൾ. ഈ വികസനങ്ങൾ സകല ജീവരാശികളുടേയും ജീവിതത്തെ നിമിഷംപ്രതി പ്രതിബന്ധിക്കുകയോ സുഖജീവിതത്തിനുവേണ്ട കരുക്കൾ നിർമ്മിക്കുന്നതിനു മനുഷ്യനെ സഹായിക്കുകയോ ചെയ്തുവരുന്നതു് ആക്കും അറിയാവുന്നതുതന്നെ. മനുഷ്യനെ സഹായിക്കുന്നതുകൊണ്ടു് തൃപ്തിപ്പെടാതെ അവന്റെ സംഹാരത്തിനു കൂടി ശാസ്ത്രം തയ്യാറായിരിക്കുന്നതു് ഭയാനകമായ ഒരു വസ്തുതയാകുന്നു. അത്ര കൃതഘ്നതയോടുകൂടിയതാണ് ശാസ്ത്രം എന്നു കാലേകൂട്ടി അറിഞ്ഞിരുന്നെങ്കിൽ മനുഷ്യൻ അതിനുവേണ്ടി ഇത്ര പണിപ്പെട്ടുമായിരുന്നോ? സംശയംതന്നെ.

ഈ വികാസങ്ങൾ വിദഗ്ദ്ധഹസ്തങ്ങളുടെ അവിശ്രാന്തമായ പരിശ്രമഫലങ്ങളാണ്. ഇത്തരക്കാരുടെ എണ്ണമോ വളരെ കുറവാണ്; അതുപോകട്ടെ, അവരുടെ ഭാഷയാണ് വളരെ വിചിത്രം. സാമാന്യാതീതമായ ബുദ്ധിശക്തിയുള്ളവർക്കുപോലും ഒരെത്തുംപിടിയും കിട്ടാത്തതു്. അവരെപ്പോലെയുള്ളവർക്കുമാത്രം ഗ്രഹിക്കാവുന്ന ഒരുഭാഷ. അതിലും ഒരു വിശേഷംകൂടിയുണ്ട്. ഈ ഭാഷ ഒഴിക്കാൻ പാടില്ലാത്തഭാഗങ്ങളിൽ മാത്രം ഉപയോഗിച്ചാൽ പോരയോ? അതായതു് വളരെ ഗഹനമായ സംഗതികളെപ്പററി പ്രതിപാദിക്കുമ്പോൾ മാത്രം. അങ്ങനെയല്ല കണ്ടുപോരുന്നതു്. സാമാന്യന്മാർക്കു മനസ്സിലാക്കാവുന്ന ആശയങ്ങൾപോലും ഈ വിദഗ്ദ്ധന്മാർക്കു സാധാരണഭാഷയിൽ പറയുവാൻ തോന്നുന്നില്ല. ഇതു് വളരെ കഷ്ടം തന്നെയല്ലേ!

ശാസ്ത്രീയമായ ഗ്രന്ഥതത്വങ്ങൾ ഗ്രഹിക്കുന്നതെങ്ങിനെ? "ചുററുപാടുമുള്ള സംഗതികളെ പൂർണ്ണമായി വിസ്മരിച്ചു് ശാസ്ത്രീയചിന്തയിൽ ഏകാഗ്രത പ്രാപിച്ചാൽ മാത്രമേ തത്വശകലങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. അപ്രകാരം ചെയ്യാൻ കഴിവില്ലാത്തവർക്കെല്ലാം ആ ഗ്രന്ഥതത്വങ്ങൾ ദുർഗ്ഗ്രാഹ്യമായിത്തന്നെയിരിക്കും" എന്നതാണ് അഭിജ്ഞന്മാരുടെ അഭിമതം. അതനുസരിച്ചാണത്രെ അവർ ഈ പ്രത്യേകഭാഷ ഉപയോഗിച്ചുവരുന്നതു്.

സാധാരണക്കാർക്കു ധരിക്കുവാൻ സാധിക്കാത്ത സംഗതികളുണ്ടോ? ഉണ്ടെങ്കിൽ, അഗോചരമായ അണുക്കളെപ്പററി ആരായുന്നതിനുള്ള, അന്തഃകരണപ്രചോദിതമായ, ഒരു വ്യർത്ഥവ്യാപാരമാണോ ആധുനിക സംസ്കാരത്തെ ഈ ദുർഗ്ഗ്രാഹ്യാവസ്ഥയിൽ എത്തിച്ചിരിക്കുന്നതു്. അങ്ങനെയാണെന്നു തോന്നുന്നില്ല. എന്തെന്നാൽ ലോകത്തിൽ ദർശിക്കാനോ ഗ്രഹിക്കാനോ അസാദ്ധ്യമായ ഒന്നുംതന്നെയില്ല—ഇതുവരെ കാണുവാനോ മനസ്സിലാക്കുവാനോ സാധിച്ചിട്ടി

ല്ലാത്തവ ഉണ്ടായിരിക്കാം. പ്രയത്നിക്കുന്നതിന്നോ, പ്രയത്നിക്കുന്നവർക്കോ ഒരു കുറവുമില്ല. എന്നാൽ ഒരു ന്യൂനതയുണ്ടു്. അതു് മറെറാരു വിധത്തിലുള്ളതും ഗുരുതരമേറിയതുമാണു്. അതായതു്, ശാസ്ത്രീയപരിജ്ഞാനം സമ്പാദിക്കുവാൻ പൂർണ്ണയോഗ്യതയുള്ള അനേകകോടി ജനങ്ങൾ ഉദരപൂരണത്തിനുള്ള ബദ്ധപ്പാടുകൊണ്ടു സമയവും സൗകര്യവും ഇല്ലാത്തവരായിത്തീരുന്നു. അതുകൊണ്ടുള്ള ഫലം എന്തു്? ബുദ്ധിശക്തി, സാമർത്ഥ്യം ആദിയായ ഗുണങ്ങൾ ധാരാളം ഉള്ളവർ, വാർദ്ധക്യകാലത്തു് അവരുടെ അറിവു്, കാലത്തിനൊത്തതല്ലെന്നു് സ്വയം സമ്മതിക്കുന്നതാണു്. അവരുടെ ശാസ്ത്രീയജ്ഞാനം അക്ഷരാഭ്യാസമില്ലാത്തവരുടേതുപോലെ അപൂർണ്ണവും അസംബന്ധവുമാണു്. ചിരകാലപരിശീലനത്തിനു് ഇടയാകായ്കയാൽ ഇന്നത്തെ ശാസ്ത്രീയവികാസങ്ങൾ സുഗ്രാഹ്യമല്ലെന്നു് അവർക്കു തോന്നാനേ മാർഗ്ഗമുള്ളു.

ഈ തോന്നൽ പരിഹരിക്കാവുന്നതാണോ? ആണെങ്കിൽ എങ്ങനെ? അതോ, ഇതു് അപരിഹാര്യമോ? അതല്ല വർദ്ധിച്ചു വരികയേ ഉള്ളോ? പരിഹാരമാർഗ്ഗം ഒന്നും അറിവിൽ പെട്ടിട്ടില്ല. എന്നാൽ ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുന്ന അവശതയെ പൂർണ്ണമായി പരിഹരിക്കുവാൻ സാധിച്ചില്ലെങ്കിലും വർദ്ധിക്കാതിരിക്കുവാനോ—തരമുണ്ടെങ്കിൽ കുറെശ്ശെ നിവർത്തിക്കാനോ—ഉള്ള സാദ്ധ്യതയെപ്പററി നമുക്കു അല്പമൊന്നു ചിന്തിക്കാം.

ആദ്യമായി, ശാസ്ത്രപരിജ്ഞാനം—എത്ര ഗഹനമായാലും ലോകോപകാരപ്രദമാക്കണമെന്ന വിചാരം ശാസ്ത്രജ്ഞന്മാർക്കു് ഉദിക്കണം. അതായതു് ജനങ്ങൾ ശാസ്ത്രീയ വികസനങ്ങളുടെ ഫലം അനുഭവിച്ചാൽ മാത്രംപോരാ, അവയുടെ തത്വങ്ങൾ ഗ്രഹിക്കുക കൂടി വേണം. അതിനു് അനുയോജ്യമായി ആ തത്വങ്ങൾ പ്രതിപാദിക്കപ്പെടേണ്ടതാണു്. ഇതിലേയ്ക്കുള്ള വൈഷമ്യം, സാദ്ധ്യത, പ്രാധാന്യം ഇവ പ്രത്യേകം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്.

ശാസ്ത്രീയ തത്വങ്ങൾ സാധാരണക്കാർക്കു മനസ്സിലാകത്തക്കവണ്ണം ഉപപാദിക്കുക എളുപ്പമായ ഒരു സംഗതിയല്ലെന്നു് ശാസ്ത്രപരിചയമുള്ളവരെല്ലാം സമ്മതിക്കുന്നതാണു്. എന്തെന്നാൽ അതിനു് ഉദ്യമിക്കുന്ന ഒരു വ്യക്തിക്കു് മൂന്നു ഗുണങ്ങൾ വേണം. വിഷയത്തിൽ അവിതർക്കിതമായ പാണ്ഡിത്യം, അകൈതവമായ ആത്മാർത്ഥത, സുഗ്രാഹ്യമായ പ്രതിപാദനാവൈദഗ്ദ്ധ്യം ഇവയാണു് ഈ ഗുണത്രയം. ഇവ സമഗ്രമായി സമ്പാദിച്ചവരുണ്ടോ? ഇല്ലെന്നില്ല; പക്ഷേ വളരെക്കുറവാണു്. ഗെലീലിയോ; അഗസ്റ്റെറകാംതു്; ക്ലിഫോർഡു്; ഹക്സ്‌ലി; ടിൻഡൽ ഇവരെപ്പോലെ അപൂർവ്വം ചിലർ മാത്രമേയുള്ളു. എല്ലാക്കാലത്തും, എല്ലാ ശാസ്ത്രശാഖകളിലും ഇമ്മാതിരിയുള്ള പണ്ഡിതന്മാർ ഉണ്ടാകേണമെന്നില്ലല്ലോ? അതാണു് ആദ്യമായി നാം കണ്ടുമുട്ടുന്ന വൈഷമ്യം.

“സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്കവണ്ണം ശാസ്ത്രീയ സംഗതികൾ പ്രതിപാദിക്കപ്പെടുന്നതുവരെ ആ പ്രതിപാദനം അപൂർണ്ണമാണു്.” എന്നു് ഗെർഗാൺ എന്ന ഫ്രഞ്ചു ഗണിതശാസ്ത്രജ്ഞൻ ഉദ്ഘോഷിച്ചിട്ടുണ്ടു്. ഇതായിരിക്കണം, ഒരോ ശാസ്ത്രജ്ഞന്റേയും ലക്ഷ്യം. ആർക്കും മനസ്സിലാകാത്ത ഭാഷയും അതിനു ചേർന്ന കുറെ കഠിനപദങ്ങളും ചിഹ്നങ്ങളും തട്ടിവിട്ടാൽ തന്റെ ലേഖനം പൊടിപ്പനായി എന്നു ചിലർ വിചാരിക്കുന്നു. നോക്കണെ, അവരുടെ മൗഢ്യം. വിദഗ്ദ്ധന്മാർക്കു അറിയാമല്ലോ അവയുടെ ആവശ്യരാഹിത്യവും അവരുടെ വിഡ്ഢിത്തവും. ആ ദുർഗ്രാഹ്യഭാഷയും മററും പൈശാചികസൌകര്യങ്ങളാണു്; അവ എന്നും നിലനില്ക്കുന്നതല്ല. ദൈവം അതു് അനുവദിക്കുന്നതുമല്ല; അവരുടെ ആത്മാർത്ഥതയുടെ കുറവിനെയാണു് ഇതു വെളിവാക്കുന്നതു്.

ഈയിടെയായി പ്രതിപാദനരീതിക്കു് ഒരു നല്ലമാററമുണ്ടായിട്ടുണ്ടു്. വാക്യങ്ങളിൽ ആശയസ്ഫുരണത്തിനു് പ്രാധാന്യം നല്കിക്കാണുന്നു. അതു ക്രമേണ കൂടിക്കൂടി വരികയുമാണു്. ലേഖനം ലളിതമായിരുന്നാൽ ആരാണു് വായിച്ചു സംഗതിമനസ്സിലാക്കാത്തതു്. തന്നെക്കൊണ്ടു് മനസ്സിലാക്കാൻ സാധിക്കുകയില്ലെന്നു നി

രാശപ്പെട്ട എത്രപേരാണു് ശാസ്ത്രീയ സംഗതികളെയും, സാദ്ധ്യതകളെയുംപററി ശരിയായ ബോധം ലളിതഭാഷാപ്രയോഗംകൊണ്ടു് നേടുന്നതു്. അതു് ആദ്യം ഒരു അനുഗ്രഹമായി അവർ കരുതുന്നു; താമസംവിനാ അതു് അവരുടെ ഒരു അവകാശമായിത്തീരും. അപ്പോൾ ലളിതഭാഷാരീതിയിലുള്ള പ്രതിപാദനങ്ങൾ നല്കേണ്ട ഭാരം ശാസ്ത്രജ്ഞന്മാൎക്ക വന്നുകൂടും. ആധുനിക സംസ്കാരത്തെയും ഭാവിശ്രേയസ്സിനേയും ലാക്കാക്കി ഈ ചുമതല അവർ സ്വാത്മനാ കൈക്കൊള്ളേണ്ടതാണു്. ഈ ഒരൊററമാൎഗ്ഗമേയുള്ളു ജനങ്ങളെ ശാസ്ത്രീയ തത്വങ്ങളോടും സംസ്കാരത്തോടും അടുപ്പിക്കുവാൻ. അതിനുവേണ്ട സഹായം ചെയ്യുവാൻ പ്രാപ്തിയുള്ളവർ അതു ചെയ്തില്ലെങ്കിൽ അതു് ഒരു കടുംകൈയ്യായി പരിണമിക്കും.

പ്രതിപാദനരീതിയെപ്പററി പറയുമ്പോൾ അതിനുവേണ്ടി ആത്മാൎത്ഥമായി പ്രവൎത്തിച്ച ചിലരുടെ പേരുകൾ ഓൎമ്മയിൽ വരുന്നുണ്ടു്. സർ. ജെയിംസ് ജീൻസ്; സർ. ആർതർ എഡ്ഡിങ്ടൻ; ബർട്രൻററസൽ; വൈററുഹെഡ്; മാക്സ്പ്ലാങ്ക്; റൈഷൻ ബാഹ്; പ്രൊഫസർലെവി; ഹെർമൻ വെയിൽ ഇവരുടെ വിശിഷ്ടനാമധേയങ്ങളാണു് അവ. ഇവർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ വായിക്കാത്തവരുടെ മേൽ ഒരു നികുതി ചുമത്തേണ്ടതാണെന്നു് അഭിപ്രായപ്പെടുന്നതിൽ ഒട്ടും അസാംഗത്യമില്ല. അത്ര പ്രാധാന്യം അർഹിക്കുന്നവയാണു്, ആ പ്രബന്ധങ്ങൾ. റൈഷൻബാഹിന്റെ "അണുവും പ്രപഞ്ചവും" (Atom and Cosmos) എന്ന പുസ്തകത്തിൽ ലളിതഭാഷയിൽ എത്ര ഗഹനമായ തത്വങ്ങളാണു് വിവരിച്ചിരിക്കുന്നതു്. സാങ്കേതികപദങ്ങൾ വളരെക്കുറവായിട്ടേ ഉപയോഗിച്ചിട്ടുള്ളൂ. അഗാധമായ ആശയങ്ങളുടെ പ്രകടനത്തിനു് ഈ ഗ്രന്ഥം ഒരു ആദർശം തന്നെയാണു്. ഇതുപോലെയുള്ള മറെറാരു ഗ്രന്ഥമാണു് പ്രൊഫസർ ലെവിയുടെ "ശാസ്ത്രീയജഗത്തു്" (The Universe of Science.) അതിൽ പ്രസ്താവിച്ചിരിക്കുന്ന ഒരു ആശയം നോക്കുക. "സയൻസ് ആരംഭിക്കുന്നതും അവസാനിക്കുന്നതും വിവേകത്തിലാണു്. അതിന്റെ ജ്ഞാനം ജനോപകാരകമാകണം. അതു് വ്യക്തികളുടെ ഒരു പ്രത്യേകാവകാശമായി എന്നും ഇരിക്കുന്നതല്ല." ഇതുപോലെ തന്നെ ആത്മാൎത്ഥത സ്ഫുരിക്കുന്ന ലളിതകോമളമായ ഭാഷയിൽ പ്രതിപാദ്യമായ ആശയങ്ങളുടെ രത്നാകരങ്ങളാണു് മുൻപറഞ്ഞ മഹാനുഭാവന്മാരുടെ മഹനീയ പ്രബന്ധങ്ങൾ.

ആധുനികലോകത്തിൽ ശാസ്ത്രത്തിന്റെ സ്ഥാനമെന്തു്? എല്ലാവൎക്കും അറിയാവുന്ന വസ്തുതയാണെങ്കിലും ശാസ്ത്രത്തിന്റെ സ്ഥാനത്തെപ്പററി രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ടു്. ശാസ്ത്രീയ മനോഭാവവും വീക്ഷണഗതിയുമാണു് ഇന്നത്തെ ലോകത്തിൽ നാം എവിടെയും കണ്ടുവരുന്നതു്. പത്രങ്ങളിലും മററും ശാസ്ത്രീയ തത്വങ്ങൾക്കും, നവംനവമായ കണ്ടുപിടിത്തങ്ങൾക്കും നൽകുന്ന സ്ഥലസൌകൎയ്യം തന്നെ നോക്കുക. സാഹിത്യമാസികകളിൽപോലും ശാസ്ത്രസംബന്ധമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു് നമുക്കു് അനുഭവഗോചരമല്ലേ. ഇതുകൂടാതെ ശാസ്ത്രതത്വങ്ങളെക്കുറിച്ചു് എത്രയെത്ര പ്രസംഗങ്ങൾ, ബ്രാഡ്കാസ്റ്റുകൾ, ചലച്ചിത്രങ്ങൾ ആദിയായവയാണു് നാം കേൾക്കുന്നതും കാണുന്നതും. സൎവ്വകലാശാലകളിൽ ശാസ്ത്രവിഷയങ്ങൾ അഭ്യസിക്കുന്നതിനായി വന്നുചേരുന്ന വിദ്യാൎത്ഥികളുടെ ക്രമപ്രവൃദ്ധമായ സംഖ്യാബലം എന്താണു് ദ്യോതിപ്പിക്കുന്നതു്.

വിദഗ്ദ്ധന്മാരുടെ പാണ്ഡിത്യത്തിനും അവരുടെ എണ്ണത്തിനും ഉടവു തട്ടീട്ടില്ലെന്നു തന്നെയല്ല, അവ കൂടിക്കൂടിവരികയാണു് എന്നുള്ളതു് ആശ്വാസജനകമാകുന്നു. വിദഗ്ദ്ധന്മാരും ഗ്രന്ഥങ്ങളും മാത്രം ധാരാളമുണ്ടായാൽ പോരാ. കുടുംബപ്രാരബ്ധങ്ങൾ കഴിഞ്ഞിട്ടു വേണ്ടേ ജനങ്ങൾ സംസ്കാര ചിന്തയിലും, ശാസ്ത്രാഭ്യസനത്തിലും തലയിടുവാൻ. ഭാഗ്യവശാൽ അതിനും വിഷമമില്ല. സമ്പൂൎണ്ണവ്യവസായീകരണംകൊണ്ടു് സകലരുടേയും വിശ്രമാവസരം കൂടിക്കൂടിവരുന്നു. ഈ വിശ്രമവേളകൾ ശാസ്ത്രീയസംഗതികളെ ഗ്രഹിക്കുന്നതിനും ഗ്രഹിപ്പിക്കു

# ഇതെന്തുവിപ്ലവം!.

---

വിദ്വാൻ, വരിക്കോലിൽ കേശവനുണ്ണിത്താൻ.

ശൈലോന്നതിയിലസൂയയാൽ, വായുവാക്-
ശൈലീവിലാസ മിളക്കിവാരാശിയെ:—
നിൻനിണ മൂററിക്കുടിച്ചു തടിച്ചതാ-
ണിന്നുനാം കാണുന്ന പൎവ്വതംസൎവ്വവും!
ആവിയായ്നിൻ തുവിയൎപ്പുയൎന്നീടണ-
മേവമവററയ്ക്കു പച്ചപിടിക്കുവാൻ!

നിസ്തുലവേലാവിലാസി ജലാശയം
നിശ്ചലം നീണ്ടുനിവൎന്നു ശയിക്കവേ
ചുററിക്കറങ്ങിപ്പുളച്ചലൎത്തുമണ-
മേററുനാൾ പോക്കു മക്കാററങ്ങടുത്തുടൻ
മന്ത്രിച്ചുവോ നുണ ഗ്രഢഗ്രഢം, കടൽ
മന്ദ്രോദ്ധതംപരിക്ഷുബ്ധനായക്ഷണം!
കൂലമടിച്ചു തകൎക്ക മലകളു-
വേളയിലുഗ്രമലറി മരിക്കയായ്!!

മാററമുണ്ടായില്ല മാനം തടവുന്ന
മാന്യമഹീധരമാലയ്ക്കു തെല്ലതിൽ!
പണ്ടേക്കണക്കു കനിവൊഴുക്കിക്കൊണ്ടു
മിണ്ടാതെ വാഴ്കയാണായവയിപ്പോഴും!!
കാളാംബുദാളീസഹായനായ് പൎവ്വത-
കായംകഠോര മടിച്ചുപൊടിക്കുവാൻ
ആശിച്ചകാററു കണ്ണീരംപൊഴിച്ചാളി-
ച്ചാശ്രുമറകയാ യാത്മരക്ഷാപരൻ!

മാമരപംക്തിയുലഞ്ഞാടിയെങ്കിലും
മാത്രകൊണ്ടൊക്കെയും ശാന്തമായ് പൂൎവ്വവൽ
കല്ലോലകോലാഹലം നിലച്ചാഴിവ-
ക്കെല്ലാം നുരയും പതയും നിറഞ്ഞതായ്!

സാഗര! സന്തപ്തലോകം ഭവൽപദ-
സാന്നിധ്യമല്ല കൊതിപ്പതൊരിക്കലും!
എന്നുമന്തൎദ്ദാഹ ഖിന്നൻ സദാഗതി
വന്നുകുടിച്ചോട്ടെ നിൻ കൃപാശീകരം!!
ഇല്ലതിലാൎക്കും പരാതിയും ചേതവും,
വല്ലാത്തവിപ്ലവക്കാററടിക്കായ്കിലോ!

ആഴികഴിഞ്ഞതു മദ്രികമിഞ്ഞോരു-
മാരുടെ കൈയ്ത്തലച്ചെയ്തികൾ മൂലമോ?
ആ ലോകശില്പിതൻ നിഷ്പക്ഷനിൎമ്മാണ-

വൈശഷിക്കലച്ചിലാക്കെങ്ങനെചേൎത്തിടാം?
സൽകൎമ്മമാൎഗ്ഗാവലംബിച്ചുടേണ്ടതാ-
മുല്ലൂഷരത്നകിരീടമണിയുവാൻ
വെമ്പുന്നതെന്തിന മൌഢ്യമെ, നിൻദുരാ-
ഡംബരംഘോരാദ്യസൂയാവിഷമയം!!

---

ന്നതിനും ഒരു സുവൎണ്ണകാലമായി സ്വീകരിക്ക
പ്പെടാവുന്നതാണ്.

സാമാന്യ ജനങ്ങൾക്ക്, കാലാന്തരസൃതമായ
ജ്ഞാനം നൽകി, അധഃപതിക്കുന്ന സംസ്കാ
രത്തെ പുനരുദ്ധരിക്കുവാൻ ശ്രമിക്കേണ്ടതല്ലേ
ആധുനിക ശാസ്ത്രജ്ഞന്മാരുടെ മൌലികക
ൎത്തവ്യം.

# മാധുരി.

എൽ. ആനന്ദവല്ലിഅമ്മ. ബി. എ. (ആണേഴ്സ്) നെയ്യാറ്റിൻകര.

അന്നു ഞാൻ ബസ്സ്സ്റ്റാൻറിൽ എത്തിയതു പതിവിലും അല്പം താമസിച്ചാണു്. അതുകൊണ്ടു്, അടുത്ത ബസ്സിനു വളരെ സമയംകാത്തു നില്ക്കേണ്ടിവന്നു. 'സമയം പോകുന്നതറിയാതെ,' സംസാരിക്കുന്നതിനു കൂട്ടുകാരികൾ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ! എന്നു ഞാനാഗ്രഹിച്ചു. ആശയോടുകൂടി ചുററിനും നോക്കി. നാലഞ്ചുസ്ത്രീകൾ അവിടെ നില്പുണ്ടായിരുന്നു. പക്ഷേ അവർ ഇങ്ങോട്ടൊന്നു നോക്കുന്നുപോലുമില്ല. 'മനുഷ്യസ്വഭാവ' മില്ലാത്ത ആ സഹോദരിമാരോടു് എനിക്കു സഹതാപംതോന്നി. ഞാൻ തനിയേ ഒരു കോണിൽ, തൂണിൽ ചാരി നിന്നു.

ഭാഗ്യംകൊണ്ടു് എനിക്കു വളരെ സമയം അങ്ങനെ നില്ക്കേണ്ടിവന്നില്ല. കുലീനയാണെന്നു തോന്നുന്ന ഒരു വൃദ്ധയും ഒരുബാലികയും എൻറ സമീപത്തേക്കു വരുന്നുണ്ടു്. ഞാൻ ആശ്വാസപൂർവ്വം നിശ്വസിച്ചു.

ആ വൃദ്ധ എന്നെനോക്കി പരിചയം ഭാവിച്ചു ചിരിച്ചു. ഞാൻ, ആ അമ്മയെ എവിടെയോ കണ്ടിട്ടുള്ളതുപോലെതോന്നി. പക്ഷേ, എത്ര ആലോചിച്ചിട്ടും ആരാണെന്നു മനസ്സിലായില്ല.

അവർ ചിരിച്ചുകൊണ്ടു ചോദിച്ചു, "അറിയില്ലേ?" ഞാൻ വിഷമത്തിലായി. ഇത്രവളരെ പരിചയം ഭാവിക്കുന്ന ആ അമ്മയെ ഇച്ഛാഭംഗപ്പെടുത്താൻ ഞാനിഷ്ടപ്പെട്ടില്ല. പോരെങ്കിൽ, സംഭാഷണത്തിനു് ഒരാളെ കിട്ടാതെ ഞാൻ വിഷമിക്കുകയുമായിരുന്നു. ഞാൻ നിർവ്വിശങ്കം പറഞ്ഞു, "അറിയും."

അത്രമാത്രം. പിന്നീടു സംഭാഷണം തുടരാൻ എനിക്കു നിവൃത്തിയില്ല. ആരാണെന്നറിഞ്ഞിട്ടുവേണ്ട എന്തെങ്കിലും പറയുവാൻ.

അവർ എന്നെ ഓർമ്മിപ്പിക്കാനെന്നതുപോലെ തുടർന്നു, "അന്നു്—രണ്ടുവർഷത്തിനു മുൻപു് ഇതുപോലെ ഒരു ദിവസം—അതെ. ഒരു വെള്ളിയാഴ്ച, ഞാനും മകളും കുട്ടിയും ഡാക്ടറെ കണ്ടിട്ടു മടങ്ങുമ്പോഴാണു്—ഇവിടെ വെച്ചുതന്നെ നാം തമ്മിൽ കണ്ടു. പിന്നീടു കണ്ടിട്ടില്ല."

ഓ. ഞാനോർമ്മിച്ചു. എൻറ ഹൃദയത്തെ വല്ലാതെ ക്ഷതപ്പെടുത്തിയ ഒരു സന്ദർശനമായിരുന്നു അതു്. പക്ഷേ, അന്നു് ആ അമ്മ അത്രത്തോളം എൻറ ശ്രദ്ധയെ ആകർഷിച്ചിരുന്നില്ല. അതുകൊണ്ടു് അവരെ സംബന്ധിച്ചിടത്തോളം, എൻറ വിസ്മൃതി ക്ഷന്തവ്യമായിരുന്നു.

അല്പശേഷം, വീണ്ടും എന്നെ ഏകയാക്കിയിട്ടു്, ആരോടോ സംസാരിക്കുന്നതിനായി ആ അമ്മ അല്പം അകലെ മാറിനിന്നു. എനിക്കു്, എൻറ ഓർമ്മക്കുറിപ്പിലെ ചില വശങ്ങൾ മറിച്ചു നോക്കുവാൻ അങ്ങനെ വേണ്ടുവോളം സൗകര്യം ലഭിച്ചു. ഹൃദയഭേദകമായ ആ സന്ദർശനവും, സംഭവവും സുഷുപ്തിയിലാണ്ട എൻറ സ്മരണയെ പിടിച്ചു കുലുക്കി ഉണർത്തി.

* * * * *

അന്നു്—ആ വൃദ്ധയും, ഒരു യുവതിയും, ഒരു ശിശുവുമുണ്ടു്, ബസ്സുകാത്തുനില്ക്കുകയാണു്—ഞാൻ അവരുടെ അടുത്തെത്തി. അവർ രണ്ടുപേരും ആ ശിശുവിൻറ മാതാവും മാതാമഹിയുമാണെന്നു പ്രഥമദർശനത്തിൽ തന്നെ എനിക്കു മനസ്സിലായി. കുറേ സമയത്തേക്കു ഞങ്ങളാരും ഒന്നുംമിണ്ടിയില്ല. ഉൽക്കടമായ ശോകം തിങ്ങിനിന്നിരുന്ന ആ യുവതിയുടെ മുഖത്തു്, അത്ഭുതത്തോടുകൂടെ ഞാൻ സൂക്ഷിച്ചുനോക്കി. അഴലിൽ മുഴുകിയതെങ്കിലും, ആ രൂപം അഴകൊഴുകുന്നതായിരുന്നു. ആ വിശാലനീലനയനങ്ങൾ നിറഞ്ഞു തുളുമ്പിയിരുന്നു. രണ്ടു വ-

യസ്സു പ്രായമുള്ള ഒരു ശിശുവിനെ ആ യുവതി എടുത്തിട്ടുണ്ടു്. ആരോഗ്യമില്ലാത്ത ആ ശിശു അവളുടെ മാറിടത്തിൽ പററിച്ചേർന്നു കിടക്കുകയാണു്. ആ ശിശുവിന്റെ മഞ്ജുവദനം, ശോഷിച്ചു തളർന്ന ശരീരത്തിനു് ഒട്ടും ചേർച്ചയുള്ളതായി തോന്നിയില്ല. എനിക്കു ആ യുവതിയോടു—വാത്സല്യമയിയായ ആ മാതാവിനോടു്—അനുകമ്പ തോന്നി. ആ മാതാവിന്റെ ഉൽക്കണ്ഠാകുലമായ മുഖഭാവം, എന്റെ ഹൃദയത്തിലും ഒരു ചലനമുണ്ടാക്കി.

ഞാൻ, ആ ശിശുവിന്റെ മൃദുലമോഹനമായ പൂങ്കവിളിൽ സ്നേഹപൂർവ്വം തലോടി. അതു കണ്ടിട്ടായിരിക്കാം, ആ യുവതി വിങ്ങിവിങ്ങി കരയാൻ തുടങ്ങി. ഞാൻ അതൊട്ടും പ്രതീക്ഷിക്കാത്തതായിരുന്നു. കാരണം മനസ്സിലാകാതെ, ആശ്ചര്യവിവശയായി ഞാൻ ആ വൃദ്ധയെ നോക്കി. അവർ ഇടറിയ സ്വരത്തിൽ പറഞ്ഞു,

“അവളുടെ കുഞ്ഞിനു കുറേനാളായി സുഖക്കേടാണു്. പല ഡാക്ടർമാരും ചികിത്സിച്ചു. ഒരുഫലവും സിദ്ധിച്ചില്ല. ഇപ്പോൾ, ഇവിടെ കൊണ്ടുവന്നു വളരെ പ്രസിദ്ധനായ ഒരു ഡാക്ടറെ കാണിച്ചു. ഭേദമാകുന്ന രോഗമാണെങ്കിൽ—ആയുസ്സുണ്ടെങ്കിൽ—അദ്ദേഹം ചികിത്സിക്കുമെന്നു പലരും പറഞ്ഞു. ഇന്നു ഞങ്ങൾ അദ്ദേഹത്തെ കണ്ടു. അദ്ദേഹം കുഞ്ഞിനെ നല്ലവണ്ണം പരിശോധിച്ചു, സുഖക്കേടു കണ്ടുപിടിക്കാൻ· പിന്നീടു് ഒന്നും പറയാതെ വളരെനേരം നിന്നു. ഒടുവിൽ, അദ്ദേഹം ഞങ്ങളോടു പൊയ്ക്കൊള്ളാൻ പറഞ്ഞു. മരുന്നുപോലും തന്നില്ല. ഭേദമാകുന്ന രോഗമല്ലെന്നായിരിക്കാം അദ്ദേഹത്തിന്റെ അഭിപ്രായം. എനിക്കതു ചോദിക്കാൻ ധൈര്യമില്ലായിരുന്നു. അതു മുതൽ ഇവൾ കരഞ്ഞു തുടങ്ങിയതാണു്. ഞാനെന്തു സമാധാനം പറയും? ഒരു കുട്ടിയേയുള്ളു. അതും വ്രതങ്ങൾ നോററും നേർച്ചകൾ നേർന്നും കിട്ടിയ അരുമക്കുഞ്ഞു്. അച്ഛനില്ലാത്തകുട്ടി. ഒരു വയസ്സായപ്പോൾ അച്ഛൻ മരിച്ചു. ഭഗവാൻ തരുന്നെങ്കിൽ വളർത്താം. അതിനിങ്ങനെ കരഞ്ഞാലോ?” അവരുടെ കണ്ണുകളും നിറഞ്ഞൊഴുകി. ധൈര്യം അവലംബിച്ചുകൊണ്ടു്, പുത്രികാണാതെ അവർ കണ്ണുനീർ തുടച്ചു

മാതൃവാത്സല്യത്തിന്റെ മഹനീയത!!! ഞാനതിൽ അഭിമാനംകൊണ്ടു. ജീവനിലും ജീവനായി സ്നേഹിക്കുന്ന ആ പിഞ്ചുപൈതലിന്റെ രോഗശമനത്തിനായി ആ മാതാവു് ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുന്നു. അതിനുവേണ്ടി മനംനൊന്തു വിലപിക്കുന്നു. അതേസമയം, അവളുടെ ദുഃഖം കാണാൻ ശക്തിയില്ലാതെ, അവളുടെ മാതാവു്, സ്വസുഖസൗകര്യങ്ങൾ ത്യജിച്ചു, മകളുടെ മനസ്സുഖത്തിനുവേണ്ടി എന്തും സഹിക്കുവാൻ സന്നദ്ധയാകുന്നു. ഞാൻ, ഒരു നെടുവീർപ്പോടുകൂടെ, ഉയർന്നുവന്ന ചേതോവികാരങ്ങളെ ഒതുക്കിക്കളഞ്ഞു

ഞാൻ വീണ്ടും ആ ശിശുവിന്റെ മുഖത്തേക്കുനോക്കി. കളങ്കമറിയാത്ത ആ ശിശു മനോജ്ഞമായി ഒന്നു ചിരിച്ചു. അതിന്റെ മനോഹരവദനത്തിനു് ഒരു പ്രത്യേക തേജസ്സുണ്ടു്. നയനങ്ങൾക്കു നല്ല പ്രകാശമുണ്ടു്. മുഖം കണ്ടാൽ രോഗമുണ്ടെന്നു തോന്നുകില്ല ഞാൻ ആ ശിശുവിനെ തലോടിക്കൊണ്ടു പറഞ്ഞു, “കരഞ്ഞാൽ എന്തുഫലം? വിധിയോടു മല്ലിടാൻ നമുക്കു കഴിയുകയില്ലല്ലോ.”

ആ യുവതി എന്നെ ഒന്നു നോക്കി. നിസ്സഹായതദ്യോതിപ്പിക്കുന്ന ആ മുഖവും, ദയനീയമായ ആ നോട്ടവും, എന്റെ സ്മൃതിപഥത്തിൽ നിന്നും ഒരിക്കലും മായുകയില്ല

അവൾ നൈരാശ്യത്തോടുകൂടി പറഞ്ഞു, “ഈശ്വരൻ എന്നെ പരീക്ഷിക്കുകയാണു്. എന്തിനാണെന്നു മനസ്സിലാകുന്നില്ല. അച്ഛനില്ലാത്ത എന്റെ ഓമനയ്ക്കു പകരം, ഞാൻ തന്നെ അങ്ങു പോയേക്കാമല്ലോ” ആ വാക്കുകൾ ഓരോന്നും വേദനാനിർഭരമായിരുന്നു.

ആ വൃദ്ധമാതാവു മനോവേദനയോടുകൂടെ പറഞ്ഞു, “മകളേ! അശുഭം പറയരുതു്.” മകളുടെ വാക്കുകൾ അവർക്കു സഹിക്കാവുന്നതായിരുന്നില്ല. ഞാനും കരഞ്ഞുപോയി. എന്തു

പറഞ്ഞാണു് സമാശ്വസിപ്പിക്കുക. ഞാൻ വളരെ പണിപ്പെട്ടു പറഞ്ഞു, "ഓ. ഒന്നുമില്ല. ഡാക്ടർ ആര്? ഈശ്വരനല്ലല്ലോ. അദ്ദേഹത്തിനും തെറ്റുപററിക്കൂടെന്നില്ല."

അവർ ഏങ്ങി ഏങ്ങിക്കരഞ്ഞുകൊണ്ടു്, കുട്ടിയെ തെരുതെരെ ചുംബിച്ചു.

ആ വൃദ്ധയും ഞാനും വിവശരായി നോക്കി നിന്നതേയുള്ളു. അവർക്കു പോകാനുള്ള ബസ്സു വന്നു. അമ്മ തിടുക്കത്തിൽ പറഞ്ഞു, "കുട്ടിയെ തരൂ. ഞാൻ എടുക്കാം."

"ഇല്ലമ്മേ! ഇനി അവളെ ആരും എടുക്കേണ്ട. ഞാൻ തന്നെ എടുത്തു കൊള്ളാം"

ആ മാതൃഹൃദയത്തിൽ, കത്തിത്തുടങ്ങിയിരുന്ന അഗ്നിസ്ഫുലിംഗം ജ്വലിച്ചു പടർന്നു.

അവർ യാത്രാനുമതിക്കായി എന്നെ നോക്കി. ഞാൻ പറഞ്ഞു, "വ്യസനിക്കരുതു്. ഈശ്വരനില്ലേ എല്ലാററിനും,"

അവർ വണ്ടിയിൽ കയറി അല്പം കഴിഞ്ഞു ഞാനും വീട്ടിലേക്കു തിരിച്ചു.

*　　*　　*　　*　　*

എൻെറ ചിന്താഗതി ഇത്രവരെ ആയപ്പോൾ ആ അമ്മ വീണ്ടും എൻെറ സമീപത്തേക്കു വന്നു. ഞാൻ ചിന്തയിൽ നിന്നും ഉണർന്നു അവരെ കണ്ടപ്പോൾ, ഒരു വ്യാഴവട്ടക്കാലത്തെ പരിചയം ഭാവിച്ചുകൊണ്ടു ഞാൻ ചോദിച്ചു, "ഓ. ഞാൻ കാത്തുനില്ക്കുകയായിരുന്നു, കാര്യങ്ങൾ ചോദിച്ചറിയാൻ. അന്നത്തെ കുഞ്ഞിനു് എങ്ങനെയിരിക്കുന്നു?"

അവർ, അടുത്തു നിന്നിരുന്ന, വെളുത്തു കൊഴുത്തുരുണ്ട ആ കോമള ബാലികയെ പിടിച്ചു ചേർത്തുനിർത്തിയിട്ടു പറഞ്ഞു, "അന്നത്തെ എച്ചിക്കുഞ്ഞാണിതു്. ഭഗവാൻ ഇങ്ങു തിരിയെ തന്നു. പക്ഷേ, ഭാഗ്യദോഷിപ്പെണ്ണു്."

അതെനിക്കു മനസ്സിലായില്ല. ഇനിയും സംഭാഷണം തുടരുമെന്നു കരുതി ഞാൻ ഒന്നും മിണ്ടിയില്ല. പക്ഷേ, ആ അമ്മ ഒന്നും പറയാതെ, വിദൂരതയിലേക്കു നോക്കി നിന്നതേയുള്ളു.

ഞാൻ അക്ഷമയായി ചോദിച്ചു, "എന്താണങ്ങിനെ പറഞ്ഞതു്. എനിക്കു മനസ്സിലായില്ല."

അവർ വീണ്ടും മനസ്സാന്നിദ്ധ്യം വീണ്ടെടുത്തുകൊണ്ടു് സഗദ്ഗദം പറഞ്ഞു, "അതെ. മകളേ! അവളല്ല ഭാഗ്യദോഷി ഞാനാണു്. അവൾ, അന്നു പറഞ്ഞില്ലേ? അതുതന്നെ സംഭവിച്ചു. മകളെ ഇങ്ങോട്ടേല്പിച്ചിട്ടു് അവൾ പൊയ്ക്കളഞ്ഞു എന്നെന്നേക്കുമായി" അവർ പൊട്ടിക്കരഞ്ഞു

ഞാൻ സഹതാപപൂർവ്വം ചോദിച്ചു, "അതെങ്ങനെ സംഭവിച്ചു?"

"ഞാനെന്തു പറയണം? അന്നു ഞങ്ങൾ ഡാക്ടരെ കണ്ടില്ലേ? അന്നു മുതൽ അവൾക്കു കണ്ണുനീർ തോർന്നിട്ടില്ല. കുട്ടിയെ അടുത്തു നിന്നും മാററുകയില്ല. ഒന്നും കഴിക്കുകയില്ല. കുളിക്കുകയില്ല. അങ്ങനെ ഒരു നിർബ്ബന്ധം. ഡാക്ടരുടെ അഭിപ്രായം ശരിയാകുകയാണെങ്കിൽ, ഞാൻ ജീവിക്കുന്നതെന്തിനു്?" എന്നെപ്പോഴും പറയും. ഞാനെന്തെല്ലാമോ പറഞ്ഞു നോക്കി. അതെല്ലാവരും ഉപദേശിച്ചു. പക്ഷേ, ഒരേ ഒരു നിർബ്ബന്ധം. അങ്ങനെ ആറു മാസം കിടന്നു. കുഞ്ഞിനു ക്ഷീണം കുറഞ്ഞുവന്നു. അതു പറഞ്ഞാലും അവൾ വിശ്വസിക്കുകയില്ല. എപ്പോഴും കുട്ടിയെ എടുത്തു മടിയിൽ വെച്ചു കരഞ്ഞുകൊണ്ടു ആകാശത്തേക്കു നോക്കിയിരിക്കും. അമ്മയുടെ കണ്ണുനീർ, മകൾക്കു മൃതസഞ്ജീവിനിയായിത്തീർന്നു. മകൾ ജീവിച്ചു. എന്നാൽ അമ്മ......"

ആ വാചകം മുഴുമിക്കാൻ അവർക്കു കഴിഞ്ഞില്ല.

ആ ദാരുണ ദുഃഖത്തിൽ അനുശോചിക്കാനോ, സമാശ്വസിപ്പിക്കാനോ എനിക്കറിഞ്ഞുകൂടായിരുന്നു. ഞാനും കരഞ്ഞുപോയി. എ

ന്നാൽ എന്റെ ഹൃദയദൌർബ്ബല്യം പ്രകടമാക്കാൻ, അപ്പോൾ എനിക്കു ലജ്ജതോന്നി അതു കാണാതെ ബാഷ്പം തുടച്ചിട്ടു്, കുനിഞ്ഞു ആ ഓമനയുടെ മുഖം പിടിച്ചുയർത്തിക്കൊണ്ടു ഞാൻ ചോദിച്ചു, "കുട്ടിയുടെ പേരെന്താണു്?"

"മാധുരിയെന്നു്" അവൾ കൊഞ്ചിക്കൊണ്ടു മൊഴിഞ്ഞു.

"മാധുരി എന്നോടൊപ്പം വരുന്നുണ്ടോ?" ഞാനവളെ എടുക്കാനായി കൈകൾ നീട്ടി അവൾ നാണം കുണുങ്ങി, പുളഞ്ഞു ഒഴിഞ്ഞുകളഞ്ഞു. അപ്പോഴേക്കും എനിക്കു പോകാനുള്ള ബസ്സു വന്നു. ഞാൻ മാധുരിയെ വാത്സല്യപൂർവ്വം ചുംബിച്ചുകൊണ്ടു യാത്രപറഞ്ഞു. മാധുരി, മാതാമഹിയുടെ നിർദ്ദേശാനുസരണം, കൂപ്പുകൈകളോടെ എനിക്കു യാത്രാനുവാദം നല്കി.

അച്ഛനുമമ്മയുമില്ലാത്ത ആ കുട്ടി എന്റെ വാത്സല്യം മുഴുവനും കവർന്നുകളഞ്ഞു. എനിക്കവളെ പിരിഞ്ഞുപോകാൻ ഒട്ടും മനസ്സില്ലായിരുന്നു. ബസ്സ് ഒരു വളവുതിരിയുന്നതുവരെ നിറഞ്ഞ നയനങ്ങളോടെ ഞാൻ മാധുരിയെ നോക്കിയിരുന്നു മാധുരി — മറവിയിലും മായാത്ത ആ മനോജ്ഞകുസുമം — അപ്പോഴും മുകുളീകൃതഹസ്തയായി നില്ക്കുകയാണു്.

---


# മദ്രാസ് ജീവരക്ഷാമണി വൈദ്യശാല,

## മെയിൻറോഡ്, കൊല്ലം.

**വാതഗജകേസരി.** വാതവികാരങ്ങൾ നിമിത്തം, ശരീരത്തിൽ ആക്ഷേപകം, അർദ്ദിതം, അന്തരായാമം മുതലായ മഹാരോഗങ്ങളും പെരുപ്പു്, തരിപ്പു് തുടങ്ങിയുള്ള ക്ഷുദ്രരോഗങ്ങളും ഉണ്ടാകുന്നു. വാതരോഗത്തിനു പറഞ്ഞിട്ടുള്ള എൺപതു വികാരങ്ങൾക്കും ഒരുപോലെ ഫലിക്കുന്ന ഒരു രഹസ്യ സിദ്ധൌഷധമാണു് ഞങ്ങളുടെ വാതഗജകേസരി. പിത്തകഫകോപങ്ങൾ നിമിത്തം ഉണ്ടാകുന്ന മററു രോഗങ്ങളേയും ശമിപ്പിക്കുന്നതും ശിരസ്സ്, ഹൃദയം, വസ്തി ഈ മൂന്നു പ്രധാന മർമ്മങ്ങളെ ശുദ്ധീകരിക്കുന്നതുമാണു്.
വില കുപ്പി ൧-ക്കു് രൂ. 3.

**നവനീതഭസ്മം.** മൂത്രത്തടവു്, മൂത്രിക്കുമ്പോഴുണ്ടാകുന്ന ചുട്ടുനീറക്കം, വേദന, പഴപ്പുപോക്കു് മുതലായവയ്ക്കും ഏററവും നന്നു്. ഗുഹ്യത്തിലുണ്ടാകുന്ന ഏതു രോഗവും ശമിക്കും. തന്തുമേഹാരിദ്രാവകവും ഈ മരുന്നുംകൂടി സേവിച്ചാൽ ശമിക്കാത്ത ഗുഹ്യരോഗങ്ങളും വസ്തിരോഗങ്ങളും ഇല്ല.
വില കുപ്പി ൧-ക്കു് 1 രൂ. 8 ണ.

**ജീവകലാനിധി.** (ശുദ്ധരക്തം വർദ്ധിപ്പിക്കുന്ന സിദ്ധൌഷധം.) മേഹരോഗംകൊണ്ടു രക്തം ക്ഷയിച്ചും, ശുദ്ധി കുറഞ്ഞും ഉണ്ടാകുന്ന പുണ്ണുകൾ, മുഴകൾ, നീക്കെട്ടുകൾ, വിളച്ചുകൾ, പിത്തപ്പുണ്ണായകൾ, ചൊറിചിരങ്ങുകൾ, തേമല്വകൾ, തടിപ്പുകൾ, കുഷ്ഠങ്ങൾ, ചുട്ടുനീറക്കം, പ്രമേഹം, മൂത്രച്ചൂടു് മുതലായവയെ ശമിപ്പിക്കും.
വില കുപ്പി ൧-ക്കു് രൂ. 3.

**മേഹവ്രണാന്തകം.** മുറിവിനും വ്രണത്തിനും ഒന്നുപോലെ പററിയതു്. നടുവു കഴിഞ്ഞും വക്കു തടിച്ചുമുള്ള പുണ്ണുകളും, ചുവപ്പും തടിപ്പും പഴുപ്പും വേദനയുമുള്ള പുണ്ണുകളും, ജ്വരം സംഭ്രമം ക്ഷീണം ഇവകളോടുകൂടിയ പുണ്ണുകളും ഈ കുഴമ്പു പുരട്ടിയാൽ പെട്ടെന്നു സുഖം കിട്ടും.
വില കുപ്പി ൧-ക്കു് അണ 12

ഞങ്ങളുടെ എല്ലാ ഔഷധങ്ങളുടെയും പൂർണ്ണവിവരം അടങ്ങിയ വലിയ ക്യാററ്ലോഗ് വേണമെന്നുള്ളവർ 12 കാശു് സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

മാനേജർ,

# ചിത്രലേഖ.

(ഏകാങ്കം)

എൻ. കെ. ആചാരി. ബി. എസ്സ്. സി.

രംഗം:—മിന്നിത്തിളങ്ങുന്ന ഒരു ശിലാതളിമം. സ്വച്ഛാരസുഷമയുടെ തിരുവവതാരമായ ചിത്രലേഖ ചിന്താവിഷ്ടയായി സ്ഥിതിചെയ്യുന്നു. അവളുടെ നെററിത്തടത്തിലെ വിയർപ്പുതുള്ളികൾ, സൂര്യകിരണങ്ങൾ ഏററു് പലവൎണ്ണങ്ങളിലുള്ള പ്രകാശരശ്മികളെ പ്രേക്ഷകരുടെനേൎക്കു വീശുന്നുണ്ടു്. രംഗത്തിന്റെ പശ്ചാത്തലം, മൂടൽമഞ്ഞിലെന്നപോലെ മങ്ങിയതാണു്. പക്ഷേ അഭിരാമമായ ഒരുദ്യാനമാണെന്നു്. രംഗത്തിന്റെ മുൻഭാഗം വിജനമാണു്; ഒരുശ്മശാനം. തലയോട്ടുകളും, അസ്ഥിക്കൂട്ടുകളും അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. ഒന്നുരണ്ടു സ്ഥലങ്ങളിൽ നിന്നും നേരിയ ധൂമശകലങ്ങൾ കിളൎന്നു്, രംഗത്തു വികൃതമായി വ്യാപിക്കുന്നു ഒരുവശത്തുകൂടി കുബേരൻ പ്രവേശിക്കുന്നു. കസവുകുപ്പായവും, കിന്നരിത്തലപ്പാവും, വെള്ളിവാളും ധരിച്ചിട്ടുണ്ടു്.

കുബേരൻ:—(ചിത്രലേഖയോടായി) പ്രിയേ! ഇതാവീണ്ടും യാചിക്കുന്നു. ആ ചിത്രം ഒന്നുവരച്ചുതരൂ!

ചിത്രലേഖ:—(അലക്ഷ്യഭാവത്തിൽ) ഈ ചുടുകാട്ടിൽവെച്ചു് ചിത്രം നിൎമ്മിക്കുക സാദ്ധ്യമല്ല.

കുബേ:—(അണിയറയിലേക്കു് വിരൽചൂണ്ടി) തങ്കച്ചഷകങ്ങൾനിറച്ചു ചായങ്ങളും, പൊൻതൂലികകളും ഇതാഎന്റെ സേവകന്മാർ കൊണ്ടുവരുന്നുണ്ടു്!

ചിത്ര:—അങ്ങും, അതു ചുമന്നുകൊണ്ടുവരുന്നവനും തുല്യരായവരാണു്.

കുബേ:—ചിത്രേ! ഇതു കളിവാക്കാണോ?

ചിത്ര:—കളിക്കലുമല്ല—അതു ഒരുതെററിദ്ധാരണയിൽ എന്റെ വാക്കുകളുടെ ഘനംകുറയ്ക്കരുതു്.

കുബേ:—എന്തൊരു പരിവൎത്തനം! ലേഖേ; എന്നോടാണോ ഇതൊക്കെപ്പറയുന്നതു്? നിന്റെ കാൽച്ചിലമ്പുപോലും, എന്റെ ഔദാൎയ്യത്തിനു് അനുനിമിഷം നന്ദിപറയുന്നുണ്ടല്ലോ!

ചിത്ര—ഉണ്ടു്. എന്റെ മോടിപ്പകിട്ടിനു് താങ്കളോടു് ഞാൻ വളരെയധികം കടപ്പെട്ടിട്ടുണ്ടു്. (സ്വശരീരം സൂക്ഷിച്ചിട്ടു്) എന്റെ ഈ ഭൂഷണങ്ങൾ എല്ലാം തന്നെ അവിടുന്നു തന്നിട്ടുള്ളതാണു്.

കുബേ:—നിന്നെഒന്നു സ്വൎണ്ണംപൂശിയെന്നു പറയൂ!

ചിത്ര:—അതെ, എന്നാൽ—!

കുബേ:—(സോൽക്കണ്ഠം) എന്നാൽ?

ചിത്ര:—സ്വൎണ്ണത്തിന്റെ പരമാണുക്കൾക്കു് ഒരു ചെറിയ വ്യതിയാനം സംഭവിക്കുമ്പോൾ അതിരുമ്പാകാനും മതി.........അതെ കനകം കാരിരുമ്പാകും.

കുബേ:—അയ്യോ ഭ്രാന്തു്!

ചിത്ര:—കുബേരത്വം അതിന്റെ പൎയ്യായമാണു്!

കുബേ:—വല്ലാത്തഭ്രാന്തു്! (അണിയറയിലേക്കു നോക്കി) ആരവിടെ?—

സേവകൻ പ്രവേശിക്കുന്നു. മടക്കിച്ചുരുട്ടിയ ഒരു ചുവന്നതുണിയും, ചായംനിറഞ്ഞ തങ്കക്കിണ്ണങ്ങളും, പൊൻതൂലികകളും അടങ്ങിയ പേടകം നിലത്തുവെയ്ക്കുന്നു:—

കുബേ:—എടോ!

സേവ:—മഹാപ്രഭോ!

കുബേ:—ചിത്രലേഖയ്ക്കു ഭ്രാന്താണു്; നമ്മുടെ ചിത്രലേഖയ്ക്കു്!

ചിത്ര:—ചിത്രലേഖയുടെ അവകാശം അങ്ങേറ്റുകഴിഞ്ഞുവോ? 'നമ്മുടെ ചിത്രലേഖ'—

ഉം.........ഹെ! ഭാഗ്യവാൻ ഞാനിന്നുമുതൽ അങ്ങയുടേതല്ല.

സേവകൻ:—ഹെ! ശ്രീമതി! നന്ദികേടിനൊരതിരെല്ലാം വേണം കേട്ടോ?

ചിത്ര:—പാവം! അല്പക്കഷണത്തിനുവേണ്ടി ആത്മസാക്ഷിയെ തീറെഴുതുന്ന സാധു!

സേവ:—പ്രഭോ! ഇതുകലശ്ലില്ലാത്തതുതന്നെ—

കുബേ:—എന്തു്?

സേവ:—കിറുക്കു്!

കുബേ:—അതെ! അതുശരിയാണു്.

നിങ്ങൾ രണ്ടുപേരും ശഠിവെയ്യുന്ന അഭിപ്രായങ്ങൾ തത്വങ്ങളായിത്തീരും.........ആട്ടെ! ദയവുചെയ്തു എന്നെയുപദ്രവിക്കരുതേ!

സേവ:—(സ്വരംതാഴ്ത്തി) അവിടുന്നു് എനിക്കു കാണപ്പെട്ട ദൈവമാണു്. അങ്ങേയ്ക്കും ഒരു ചെറിയ—ലോലമായ——ഒരു തെററുപററിപ്പോയി. ഇവിടത്തേക്കെഴുന്നള്ളേണ്ടിയില്ലായിരുന്നു. (ചിത്രലേഖയെചൂണ്ടി) ഇവൾ അടിപ്പാടി അങ്ങോട്ടുതന്നെ വരില്ലായിരുന്നോ! അതായിരുന്നല്ലോ പതിവും.

ചിത്ര:—പതിവുകൾ മാറുന്നവകളാണു്; മാററാവുന്നവകളാണു്.

സേവ:—ഇക്കാര്യത്തിൽ മാറുകില്ല ശ്രീമതി! —പണത്തിനുമീതെ പരുന്തും—

ചിത്ര:—നിറുത്തുക! (കുബേരനോടായി) താങ്കൾ ദയവുചെയ്തു്—

കുബേ:—പോകണം അല്ലേ?

ചിത്ര:—അതെ!

കുബേ:—അപ്പോൾ ആ ചിത്രം ഒന്നുവരയ്ക്കുകയില്ല—?

ചിത്ര:—ഏതുചിത്രം............ (ആകാശത്തേക്കുനോക്കുന്നു)

കുബേ:—എന്റെ ഉറക്കറയിൽ ചിത്രമൊഴിഞ്ഞ ഒരു സ്വർണ്ണച്ചട്ടക്കൂടു തൂങ്ങുന്നതു ഭവതി കണ്ടിട്ടില്ലേ?

ചിത്ര:—ഉണ്ടു്, ചിത്രമില്ലാത്ത ചട്ടക്കൂട്ടുകളും, മനസ്സില്ലാത്ത മേദസ്സുകളും അഭിമാനമില്ലാത്ത അന്തഃപ്പുരവനിതകളും ആ ഉറക്കറയിൽ ഒരു ഭയങ്കര ചിത്രംതന്നെ സൃഷ്ടിക്കുന്നുണ്ടു്.

കുബേ:—ചിത്രലേഖേ! നിനക്കൊരുതകരാറുപററിപ്പോയി.

സേവ:—മഹാപ്രഭോ! ഇതുതകരാറല്ല, ആരാണ്ടോ കൂടോത്രംചെയ്തതാ—തീർച്ച·

കുബേ:—അപ്പോൾ എന്റെ ഇംഗിതം നിറവേററാൻ—

ചിത്ര—വേണ്ടുവോളം നിറവേററിയിട്ടുണ്ടു്.

സേവ:—എടാ അതുകൊള്ളാം ഇല്ലെന്നു് വല്ലവരും പറഞ്ഞോ?

കുബേ:—ഇതുകൂടി......ആ ശകുന്തളയുടെ ഒരു ചിത്രം—കണ്വാശ്രമത്തിൽനിന്നു് കണ്ണുചിമ്മുന്ന ആ പെൺമാനിന്റെചിത്രം—ഈ തുണിയിൽ ഒന്നുപകത്തിത്തരൂ! ആ നിത്യസൗന്ദര്യം ഒന്നു പകർത്തു! അതിനുള്ള പ്രതിഫലം—(സേവകനെ നോക്കുന്നു)

സേവ:—ഇവിടുണ്ടു്! (അരയിൽനിന്നും ഒരുസഞ്ചിയെടുത്തു് അമ്മാനയാടിക്കൊണ്ടു്) തങ്കക്കട്ടി!

ചിത്ര:—(അവജ്ഞഭാവത്തിൽ) മനുഷ്യാ! അതിനെ ദൂരെയെറിഞ്ഞിട്ടു്, ഇതാ! (ഒരു തലയോടിനെചൂണ്ടി) ഈ വിലയേറിയസാധനത്തെയെടുത്തൊന്നമ്മാനയാടുക. അമൂല്യമാണിതു്.

സേവ:—(അമ്പരന്നു്) അപസ്മാരത്തിന്റെ ഉപദ്രവമുണ്ടെന്നാതോന്നുന്നേ!

ചിത്ര:—താനാണപസ്മാരം. തന്നെച്ചവുട്ടിനൃത്തം ചെയ്യുന്ന സംഹാരമൂർത്തിയാണീകുബേരരാജൻ!

കുബേ:—(കോപസ്വരത്തിൽ) ചിത്രലേഖേ!

ചിത്ര:—ഭയപ്പെടുത്തേണ്ട. ഭയത്തിനും എനിക്കുമായി ഇന്നുവലിയ അന്തരമുണ്ടു്; ധ്രുവാന്തരം.

സേവ:—(വാപൊത്തി) നമുക്കിവിടെനിന്നുമകലുന്നതിൽ വലിയ പിശകൊന്നുമില്ലെന്നാണെനിക്കുതോന്നുന്നതു്.

കുബേ:—ഛെ! ഭീരുത്വം

ചിത്ര:—അതിനെ പ്രസവിച്ചതു് അടിമത്വമാണു്. അതിന്റെ പിതാവാണവിടുന്നു്!

സേവ:—കൊള്ളാം കൊച്ചുങ്ങളെപ്പറഞ്ഞു തുടങ്ങിയോ—?

കുബേ:—അല്ല—അതിലെന്തോ അർത്ഥമുണ്ടു്.

സേവ:—ഇല്ല. അതുനമ്മുടെ സംശയംമാത്രം. പോകാം (പെട്ടെന്നു്) അല്ലെങ്കിൽ വേണ്ടാ

പടം വരയ്ക്കുമോ ഇല്ലയോ എന്നൊന്നറിയട്ടെ!

ചിത്ര:—അതറിഞ്ഞു കഴിഞ്ഞില്ലേ?

കുബേ:—അറിഞ്ഞാൽ മാത്രംപോരാ അതന്ദികേടിന്റെ പരിപൂർണ്ണരൂപം ഒന്നുകാണുകയും വേണം.

ചിത്ര:—അതിനു പ്രയാസമില്ല, അവിടുന്ന് ഒരു നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നാൽ മതി—തൽക്കാലം ഈ തളയോട്ടു നോക്കിയാലും മതി.

കുബേ:—ഒരു പുതിയ ഭാഷ!

സേവ:—യക്ഷികളുടെ ഭാഷ!

ചിത്ര:—(അല്പമനുകമ്പയോടെ സേവകനെ നോക്കി) സ്നേഹിതാ! കുബേരരാജനേക്കാൾ ഞാൻ താങ്കളെയാണ് കൂടുതൽ സ്നേഹിക്കുന്നത്.

സേവ:—അയ്യോ പൊന്നുടയതേ! ചൂണ്ടയിടരുതേ. ഈ പണസഞ്ചി എന്റെ കയ്യിലിരിക്കുന്നെന്നേയുള്ളൂ. ഇതിന്റെ ഉടമസ്ഥാവകാശം അദ്ദേഹത്തിനാണ്.

കുബേ:—പെണ്ണല്ലേ പണംകണ്ടാൽ—

ചിത്ര:—മതി. ശേഷം പറയാൻ താങ്കളുടെ നാക്കു വളയേണ്ടതില്ല.

കവിസാർവ്വഭൗമൻ, വീരശൃംഖലയും, വീരാളിപ്പട്ടും ധരിച്ചുകൊണ്ടു പ്രവേശിക്കുന്നു. കുബേരനും, സാർവ്വഭൗമനും പരസ്പരം വന്ദിക്കുന്നു. സേവകൻ നിലംപറ്റെ നമസ്കരിക്കുന്നു. ചിത്രലേഖ അലക്ഷ്യമായി ധൂമശകലത്തെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു.—

കവിസാർവ്വഭൗമൻ:—ചിത്രലേഖയോടായി അയി കുചോന്നതേ!

ചിത്ര:—(തലതിരിക്കാതെ) ശവം ഈ ചുടുകാട്ടിലില്ല നിങ്ങളുടെ തലച്ചോറിനകത്താണ്.

കുബേ:—അവിടുന്നു സന്നിഹിതനായതിൽ സന്തോഷം. തേടിയവള്ളി കാലിൽച്ചുറ്റി.

കവി:—പദയുഗളേ, നിഗളിതയോ, മാർഗ്ഗിതയോ, ലതയോ അല്ലേ?

സേവ:—(സ്വരമടക്കി) ക്ഷുളത്തോടെ കിറുക്കുപിടിച്ചോ എന്തോ?......(ചുണ്ടുവിരൽ മാത്രം പൊക്കി) ഇതൊരന്നാം, ഒൻപതോ എന്നെനിക്കു സംശയം തോന്നിത്തുടങ്ങിയിരിക്കുന്നു. (വിരൽ പലവുരുവുതടവി ധ്യാനനിമഗ്നനാകുന്നു.)

കുബേ:—ചിത്രലേഖയുടെ മനസ്സ് വല്ലാതെ മാറിപ്പോയി. അവിടുന്നതിന്റെ കാരണം കണ്ടുപിടിക്കണം.

കവി:(ഈർഷ്യയോടെ) താങ്കൾ എന്നെ ചെറുതാക്കുന്നു. ചന്ദ്രനിലെ കളങ്കം കണ്ടുപിടിച്ച എന്നോടാണോ നിങ്ങൾ ഈ നിസ്സാരസംഗതി പറയുന്നത്? (വീരശൃംഖലതടവുന്നു) നിങ്ങൾക്കറിഞ്ഞുകൂടേ ആ സംഗതി. ഒരു പുള്ളിയുള്ള മുയൽ ചന്ദ്രനിലുള്ളതാണ് കാരണമെന്ന് ആദ്യം പ്രഖ്യാപനംചെയ്ത കവി ഞാൻ മാത്രമാണ്!

കുബേ:—രോമാഞ്ചമുണ്ടാകുന്നു എനിക്ക്!

കവി:—താങ്കൾക്കു മാത്രമല്ല. ആയിരം ചക്രവർത്തിമാർക്കുണ്ടായിട്ടുണ്ട്. (വീരാളിപ്പട്ടെടുത്തു ഭണ്ഡാരവത്തിൽ വീശുന്നു).

ചിത്ര:—ദയവുചെയ്ത് ഇവിടെ മറയന്മാരുടെ സ്വർഗ്ഗം സൃഷ്ടിക്കരുത്. ഇത് സത്യംനിറഞ്ഞ ശ്മശാനമാണ്.

കുബേ:—എങ്കിലും—മഹാനായ അവിടുന്ന് ചിത്രലേഖയെ ഒന്നു മാനസാന്തരപ്പെടുത്തണം.

കവി:—ഉം... സഖി ചിത്രലേഖേ! എന്താ ഒരു സ്തംഭിതമനോഭാവം? ആശയമില്ലാത്ത ഒരവസ്ഥ? ചിത്രങ്ങൾ ഒന്നും ചമയ്ക്കാറില്ലേ?

ചിത്ര:—ശ്രമിക്കുന്നുണ്ട്.

കവി:—ഭാവനയില്ലായിരിക്കാം ... എന്നാലതു പറയരുതോ? നിതംബിനിയായ ദമയന്തി, കൃശോദരിയായ ജനകജ, ശീലാവതി, രാധ, രുക്മിണി—

ചിത്ര:—പണ്ഡിതവര്യാ! അവിടത്തെ നാക്കും തത്തയുടെ നാക്കും ഒന്നാണ്. ഈ സുന്ദരികളുടെ ചിത്രങ്ങൾ കരുത്തുള്ള കൈകൾ കനകത്തകിടുകളിൽ കല്പങ്ങൾക്കു മുമ്പുതന്നെ വരച്ചുവെച്ചിട്ടുണ്ട്!

കുബേ:—അതെ! അതു പകർത്താൻ മാത്രമാണ് ഞാൻ ആവശ്യപ്പെടുന്നതും.

ചിത്ര:—തൂലിക പകർത്താൻ മാത്രമുള്ളതല്ല, രചിക്കാനുള്ളതും കൂടിയാണ്. (കുബേരനോടായി) മഹാശയ! ഞാൻ ഒരു കാര്യം വ്യക്തമാക്കട്ടെ! അവിടുന്നും അനുയായികളും

ഒരു സ്വപ്നലോകത്തിൽ കഴിയുകയാണു്.

(കവിസാർവ്വഭൗമൻ 'താൻ മാത്രമല്ല' എന്നു് ആംഗ്യം കാണിക്കുന്നു.) അനേകം നൂററാണ്ടുകൾക്കുമുമ്പു ജീവിച്ചിരിക്കേണ്ട ഭാഗ്യവാന്മാരാണു നിങ്ങൾ. പക്ഷെ പുഷ്പകവിമാനത്തേരത്തടി മേഘമണ്ഡലങ്ങൾക്കിടയിൽ നടക്കുന്ന നിങ്ങളുടെ കണ്ണുകളിൽ ഇന്നല്ലെങ്കിൽ നാളെ ബാഷ്പബിന്ദുക്കൾ ഉദയം ചെയ്യും.

കുബേ:—ഇതൊരു ഭീഷണി!

കവി:—മധുരഭാഷിണി!

ചിത്ര:—ഒരു പക്ഷെ നിങ്ങൾ എന്നെ വിമർശിച്ചു പരീക്ഷിക്കയാവാം. ഞാൻ തന്നെ എന്നെപ്പററിപഠിച്ചിട്ടില്ല. എങ്കിലും അന്നത്തെ ഞാനല്ല ഇന്നു്.

സേവ:—ഇപ്പറഞ്ഞതു പരമാർത്ഥം.

കവി:—ശ്! ശബ്ദിക്കാതെ ശൃണു!

ചിത്ര:—അന്നു്! നിങ്ങൾ കുറേപ്പേരുടെ വെള്ളിക്കാശിനു വേണ്ടി ഞാൻ ചില ചിത്രങ്ങൾ പകർത്തിക്കാട്ടി. സിംഹാസനത്തിലിരുന്നലറുന്ന സിംഹത്തിനു്, ഞാൻ കാഴ്ചവെച്ചതു് ഏദൻതോട്ടത്തിലെ അട്ടിൻകുട്ടിയുടെ ചിത്രമായിരുന്നു...!. മണൽത്തരികൾ എണ്ണിയെണ്ണി വില്ക്കുന്ന മഹാപ്രഭുവിനു് ഞാൻ കാണിച്ചുകൊടുത്ത ചിത്രം മഹാബലിയുടേതായിരുന്നു... ഒരു ഭീമമായ പരാജയം! രാത്രിയോടു പകലിനെ അടുപ്പിക്കാനുള്ള എന്റെ വെമ്പൽ! അന്നു് നവഗ്രഹങ്ങൾപോലും എന്റെ പാദത്തിൽ സമർപ്പിക്കാൻ ചില കുബേരന്മാർ ഉത്സുകരായിപ്പോയി!

കുബേ:—അതു ഞങ്ങൾ കുറേപ്പേർ ചേർന്നാൽ സാദ്ധ്യമാണു്.

ചിത്ര:—ഒരുവ്യാമോഹം!...—സ്നേഹിതാ! ക്ഷമിക്കുക താങ്കൾക്കാവശ്യം ശകുന്തളയുടെ ചിത്രമാണു് അല്ലെ?

കുബേ:—തീർച്ചയായും.

കവി:—ഓഹോ! നമ്മുടെ കണ്വന്റെ—

ചിത്ര:—ഹാ! കാളിദാസനേക്കാൾ പരിചയത്തിലാണല്ലോ കണ്വനോടു്... ഇതുകൊണ്ടാണു് താങ്കൾ വേറൊരു ഗോളത്തിൽ കുടിയേറിപ്പാർക്കണമെന്നു് പറഞ്ഞുപോകുന്നതു്... (കുബേരനോടു്) അട്ടെ-ശകുന്തളയുടെ ചിത്രം എന്തിനുവേണ്ടിയാണു്?

സേവ:—അല്ലാ! നേരംവെളുക്കുന്നതുവരെ രാമായണം വായിച്ചിട്ടും—

കവി:—പ്രഭാതേ! കോ രാമ, കാ സീത? അല്ലേ?

ചിത്ര:—(ചെവി പൊത്തി) ആ ചിത്രത്തിന്റെയാവശ്യം?

കുബേ:—എന്റെ ഉറക്കറയിൽ പ്രതിഷ്ഠിക്കാൻ

ചിത്ര:—ചാരിത്ര്യവതിയാണു ശകുന്തള!

കുബേ:—അതെ! അതുകൊണ്ടാണു്—

ചിത്ര:—അതുകൊണ്ടാണു് സാദ്ധ്യമല്ലെന്നു പറയുന്നതു്. ആ ഉറക്കറയിൽ പ്രതിഷ്ഠിക്കേണ്ടതു്, ചാരിത്ര്യത്തെയിട്ടു പന്തുതട്ടുന്ന ലന്ത സുന്ദരികളുടെ ചിത്രങ്ങളായിരിക്കണം. ഏതായാലും എനിക്കാവക ചിത്രങ്ങൾ ഇന്നു നിർമ്മിക്കുവാൻ സമയമില്ല, സൗകര്യവുമില്ല.

(അണിയറയിൽ 'അയ്യോ! ഈ ചങ്ങലയൊന്നു പൊട്ടിക്കണേ!' എന്നുള്ള ശബ്ദം ഉച്ചത്തിലുയരുന്നു)

ചിത്ര:—(മ്ലാനവദനത്തോടെ) അതാ! ശ്രദ്ധിക്കുക! അടിമകളുടെ നിലവിളി.

കവി:—അല്ല! അശരീരി!

സേവ:—അയ്യോ! എന്റെ ചേട്ടന്റെ ഒച്ചയാണതു് തീർച്ച! ഞാനൊന്നുപോയി നോക്കട്ടെ?

കുബേ:—ടാ—നില്ലവിടെ! നിന്റെ സ്വാമിയാണു ഞാൻ.

കവി:—അടപ്പൾ—

ചിത്ര:—ക്ഷമിക്കുക, ഞാനെന്തോ ചിലതു നിങ്ങളോടു സംസാരിച്ചുപോയി.

കുബേ:—ഓ! സാരമില്ല ക്ഷമിച്ചിരിക്കുന്നു. ആ ചിത്രം—!

(അണിയറയിൽ "വിശപ്പു്, ദാഹം, അയ്യോ വിശപ്പു്!—")

കവി:—പ്രസീദ! ചിത്രണമാരംഭിക്കൂ!

ചിത്ര:—നിർബ്ബന്ധമാണോ?

കുബേ:—ചിത്രത്തോടു കൂടിയേ ഞാൻ മന്ദിരത്തിലേക്കു മടങ്ങൂ (കവിയോടായി) സാർവ്വഭൗമാ! നമുക്കൊരുമിച്ചു പോകാം എന്താ?

കവി:—സാദ്ധ്യമല്ല, എനിക്കു ധൃതിയായി—മഹാഭാരതത്തെ പാലിഭാഷയിൽ വിവർത്ത

നം ചെയ്യുകയാണു ഞാൻ. അൻപതുകൊല്ലമായി ഇനിയും പകുതിയായിട്ടില്ല...

(അണിയറയിൽ "എട്ടുമണിക്കൂറിൽക്കവിഞ്ഞുജോലിചെയ്യുക ഞങ്ങൾക്കു സാദ്ധ്യമല്ല!")

സേവ:—അതാ! എന്റെ കൊച്ചനുജന്റെ വാക്കുകളാണതു്!

കുബേ—(വാളൂരി സേവകനു നല്കിയിട്ടു്) എടോ! ആ ബഹളമെന്താണെന്നു് നോക്കൂ!

ചിത്ര—(സേവകനോടായി) സോദരാ നില്ക്കൂ (കുബേരനോടായി) അങ്ങയുടെ മന്ദിരത്തിൽ—ആ വിശാലമായ അകത്തളത്തിൽ പ്രതിഷ്ഠിക്കാൻ ഞാൻ പണ്ടൊരു ചിത്രം നല്കിയില്ലേ?

കുബേ:—ഉവ്വ്!

ചിത്ര:—ആരുടെയായിരുന്നു അതു്?

കുബേ:—(ശകലമാലോചിച്ചിട്ടു്) ശ്രീബുദ്ധദേവന്റെ

കവി:—(ഉജ്ജ്വലസ്വരനായി, കൈവീശി) ഓഹോ! അഹിംസാ പരമോധർമ്മഃ (ആ കൈവീശലിൽ സേവകന്റെ കയ്യിലിരുന്ന വാൾ ദൂരെത്തെറിച്ചുപോകുന്നു.)

ചിത്ര:—(ഒന്നു മന്ദഹസിക്കുന്നു)

കുബേ:—(സന്തുഷ്ടനായി) ഇനി! ചിത്രനിർമ്മാണമാരംഭിക്കുകയോ!

ചിത്ര:—വിരോധമില്ല!

കുബേ:—(സേവകനോടു് ആംഗ്യം കാണിക്കുന്നു. സേവകൻ തുണിയും തങ്കക്കിണ്ണങ്ങളും ചിത്രലേഖയുടെ സമീപം നിരത്തുന്നു )

ചിത്ര:—(സേവകനോടു്) ഈ തങ്കപ്പാത്രങ്ങൾ ദൂരെ മാററിവെയ്ക്കൂ!

കുബേ:—ചായംകൂടാതെ ചിത്രമെഴുതുക—?

കവി:—സാദ്ധ്യമല്ല, നഃ ഗൗളീ നഃ കഴക്കോൽ, പല്ലി കഴക്കോലിനൊരുപോൽബലകമാണു ചിത്രലേഖേ!

ചിത്ര.—ചായം എന്റെ പക്കൽത്തന്നെയുണ്ടു്. (സേവകനോടു്) സ്നേഹിതാ! ആ തലയോടിങ്ങെടുത്തു തരിക! (എടുക്കുന്നു) ആ വാളും (അതും എടുത്തു കൊടുക്കുന്നു)—ഒരു കയ്യിൽ തലയോടും മറുകയ്യിൽ വാളുമുയർത്തിപ്പിടിച്ചുകൊണ്ടു് ചിത്രലേഖ പൈശാചികമായിച്ചിരിക്കുന്നു. മററുള്ളവർ പരിഭ്രാന്തരാകുന്നു—

ചിത്ര:—ഞാനൊരു ദുർമ്മന്ത്രവാദിനിയല്ല. ഇന്നത്തെ നിയമാനുസൃതമായുള്ള എന്റെ വേഷമാണിതു്. കാലം മാറുംതോറും എന്റെ ഭാഷയും വേഷവും മാറും. ചിപ്പിമുത്തും ശംഖുമാലയും കളഞ്ഞു്, പൊൻതാലിയും തോൾക്കാപ്പും ധരിച്ചപ്പോളാണു് നിങ്ങൾ എന്നെ ആദ്യമായിക്കണ്ടതു്. ഇന്നു് അസ്ഥിമാലയും രക്തവസ്ത്രവുമാണു് എന്റെ അണിയലുകൾ...(വാൾകൊണ്ടു് തന്റെ അണിവിരൽ മുറിച്ചു്, രക്തം തലയോട്ടിൽ പകരുന്നു) തെററിദ്ധരിക്കേണ്ട എന്റെ ചായം ഇതാണു്...അല്ലാ! വരയ്ക്കാനുള്ള തുണിയും ചുവന്നിരിക്കുന്നല്ലോ?

കുബേ:—(മുഖം മ്ലാനമാകുന്നു)

സേവ:—ചായവും തുണിയും ഒരുനിറം!

ചിത്ര:—എന്റെ സ്നേഹിതൻ ഉണർന്നുകഴിഞ്ഞു!

(കുബേരൻ കൂടുതൽ വിളറുന്നു.)

സേവ:—ഈ തുണിയിലും ചോരപുരണ്ടിട്ടുണ്ടു്.

ചിത്ര:—തീർച്ചയായും.

സേവ—ആരുടെ—?

ചിത്ര:—ഒരു സോദരന്റെ (കുബേരനോടായി) അല്ലേ മഹാത്മൻ?

കുബേ:—(മുഖംവിലക്ഷണമാകുന്നു.)

കവി:—(പതുക്കെ തന്റെ വീരാളിപ്പട്ടെടുത്തു ചുരുട്ടിത്തുടങ്ങുന്നു)

സേവ:—സോദരന്റെ...(ആലോചിച്ചിട്ടു്)... അപ്പോൾ എന്റെ മൂത്ത ജ്യേഷ്ഠൻ സുഖക്കേടായിട്ട ചത്തതല്ല. പ്രഭോ! അവിടുന്നു് എന്റെ സോദരനെക്കൊന്നു അല്ലേ?

കുബേ:—അവൻ എന്റെ കലവറ കൊള്ള ചെയ്തു.

സേവക:—അതുകൊണ്ടു്—(അടുക്കുന്നു)

കവി:—കൊള്ളചെയ്തവനെ കൊലചെയ്യാമെന്നു് മനു—

ചിത്ര:—വിധിച്ചിട്ടുണ്ടു് അല്ലേ?

കവി:—വിധിച്ചിട്ടുണ്ടെങ്കിലും ഇന്നതു സ്വീകാര്യമാണെന്നു് എനിക്കു് തോന്നുന്നില്ല... [illegible]കാലം!

ചിത്ര:—സാർവ്വഭൗമനും ഉണർന്നുകഴിഞ്ഞു! (സേവകനോടായി) ശാന്തനാകൂ! ഈ തലയോടാരുടേതാണെന്നറിയാമോ?

സേവ:—(സൂക്ഷിച്ചിട്ട്) അയ്യോ! 'ദാരിദ്ര്യം' എന്നെഴുതിയിരിക്കുന്നു!—എന്റെ കഴുത്തിന്റേതാണ് തീർച്ച! ഹാ! മഹാപാപി (കോപാന്ധനായി വാൾ കൈക്കലാക്കുന്നതും കുബേരൻ ഓടിമറയുന്നതും ഒരുമിച്ചു കഴിയുന്നു. കവിസാർവ്വഭൗമൻ ബോധരഹിതനായി നിലം പതിക്കുന്നു )

ചിത്ര:—സുഹൃത്തേ! പകവീട്ടാനുള്ള സന്ദർഭമിതല്ല. ആ സഞ്ചി തുറന്ന്, അതിലെ നാണയങ്ങളെല്ലാം വലിച്ചെറിയൂ. 'വിശപ്പ്!' എന്ന വിളി ഉയരുന്ന ദിക്കുകളിലേക്ക് വീശിയെറിയൂ! ഉം മടിക്കരുത്. പോകൂ! നിങ്ങൾ തിരിച്ചുവരുമ്പോൾ ഞാൻ ഒരു മനോഹരചിത്രം പൂർത്തിയാക്കിയിരിക്കും. ഇതാ സന്ധ്യയായി....(രംഗത്തിൽ ഇരുട്ട വ്യാപിക്കുന്നു. സേവകൻ സഞ്ചിയിൽ നിന്നും നാണയം വാരി വിതറിക്കൊണ്ടു മറയുന്നു. രംഗം ഇരുട്ടിലാണ്ടുപോകുന്നു)

കവി—ആ! ഞാനെവിടെയാണ്? കുരുക്ഷേത്രത്തിലൊ) ഹസ്തിനപുരത്തോ?

ചിത്ര:—അന്ധതാമിസ്രത്തിൽ!

കവി:—അതെ! നരകത്തിൽ... ചിലന്തിവല... അല്ല തെറ്റിപ്പോയി... അടിമത്വത്തിന്റെ ഇരുമ്പുചങ്ങല!......കബന്ധങ്ങൾ! അയ്യോ വീണ്ടും തെറ്റുന്നല്ലോ... ആശയററ ജീവിതങ്ങൾ!...സഖി ചിത്രലേഖേ! ഈ ബീഭത്സചിത്രം ഒന്നു വരയ്ക്കൂ! അതിന്റെ നഗ്നാവസ്ഥയിൽത്തന്നെ ചിത്രീകരിക്കൂ!

ചിത്ര:—(കപടസ്വരത്തിൽ) ഇല്ല! ഞാൻ കല്പവൃക്ഷത്തേയും കളഹംസത്തേയും ചിത്രീകരിക്കയാണ്!

കവി:—ഹാ! ദുർബ്ബുദ്ധി. എന്നെപ്പോലെ നരകത്തിലാകാൻ ശ്രമിക്കരുതേ! അൻപതു കൊല്ലം, ആകാശത്തുനിന്നും പ്രാണവായു അപഹരിച്ചതല്ലാതെ എനിക്കു നേട്ടമായി മറ്റൊന്നുമില്ല...(നെടുവീർപ്പിടുന്നു)

ചിത്ര:—സോദരാ! ദുഃഖിക്കരുതേ! ഇനിയുമുണ്ടവസരം. താങ്കളുടെ ഹൃദയവിപഞ്ചികയ്ക്ക് ഇന്നത്തെപ്പാട്ട് ഒന്നെങ്കിലും പാടാൻ കഴിയും. ആദ്യമായിട്ടും അവസാനമായിട്ടും അതു പാടും.

കവി:—എങ്കിൽ സമാധാനത്തോടെ മരിക്കാമായിരുന്നു.

ചിത്ര:—തീർച്ചയായും! ഇരുട്ടാണല്ലോ. പ്രകാശം വരുന്നതുവരെ നമുക്കുറക്കമിളയ്ക്കാം. ഒന്നു പാടുക! ആ സംഗീതനിർഝരിയിൽ ഞാൻ ലയിക്കട്ടെ. ഒരു പുതിയ ചിത്രത്തിന് അങ്ങിനെ ഉത്തേജനം ലഭിക്കട്ടെ!

കവി:—(പാടുന്നു)

നാളെരാവിലെ നമ്മുടെനാടൊരു
നാകശാന്തിതൻ മുന്തിരിത്തോട്ടമാം
ഇങ്ങൊഴുകിടും നാളെയൊരാമന്ദ
മംഗളങ്ങളിൽ മഞ്ജുമന്ദാകിനി!
(രംഗം ശകലം പ്രകാശമാകുന്നു)
സൗരഭരാജലംനാളെവിരിഞ്ഞിടും
സൗഹൃദത്തിന്റെവെൺകളിപ്പൂവുകൾ
(പ്രകാശം കൂടുന്നു)
ഇന്നുനാംപടവെട്ടണംവെട്ടണം
മുന്നിലിക്കൊടുംനാട്ടുപിശാചുക്കളെ!

(രംഗം ഭാസുരമാകുന്നു. പുറകുവശത്തുള്ള യവനിക പൊങ്ങുന്നതോടുകൂടി നയനാഭിരാമമായ ഒരു മുന്തിരിത്തോട്ടവും, കൊച്ചരുവിയും ദൃശ്യമാകുന്നു)

കവി:—സാമഗാനവും പാടിയൊരായിരം
പ്രേമഗായകർ നിൻമുന്നിലെത്തിടും!

ചിത്ര:—(ലജ്ജാഭാരത്താൽ തലകുനിക്കുന്നു)

സേവകൻ ശുഭ്രവസ്ത്രധാരിയായി പ്രവേശിക്കുന്നു. 'സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം' എന്നെഴുതിയിട്ടുള്ള ഒരു പതാക ഉയർത്തിപ്പിടിച്ചിട്ടുണ്ട്. സംതൃപ്തരായ അനേകംപേർ ഒന്നിനു പുറകെ ഒന്നായി പ്രവേശിച്ച് കവിയേയും, ചിത്രലേഖയേയും പ്രദക്ഷിണം വെയ്ക്കുന്നു.

(യവനിക)

(സർവ്വാവകാശങ്ങളും രചയിതാവിന്)

# ശ്രീചൈതന്യൻ.

(പു. ആർ. ദാമോദരൻനമ്പ്യാർ, ബി. എ. ബി. എൽ.)

"ശ്രീരാധികാമാധവയോരപാര-
മാധുര്യ ലീലാഗുണരൂപനാമ്നാം
പ്രതിക്ഷണാസ്വാദനലോലുപസ്യ
വന്ദേഗുരോഃ ശ്രീചരണാരവിന്ദം"

ശ്രീരാധാമാധവന്മാരുടെ ലീലാരസം പ്രതിക്ഷണം ആസ്വദിക്കുന്നതിൽ ലോലുപനായിരിക്കുന്ന വന്ദ്യഗുരുവിന്റെ ചരണകമലം ഞാൻ വന്ദിക്കുന്നു. ഈ രസം ആസ്വദിക്കുന്നതിനു് ഭാരതഖണ്ഡത്തിലുണ്ടായിട്ടുള്ള ഭക്തസഹസ്രത്തിൽ അഗ്രഗണ്യസ്ഥാനം അഭിപ്രായഭിന്നത കൂടാതെ നൽകപ്പെടുന്ന ആ പുണ്യാത്മാവിന്റെ മഹച്ചരിതത്തിൽ ഒരു ഖഗദൃഷ്ട്യാവലോകനം ചെയ്യുന്നതിനാണു് ഈ എളിയ പരിശ്രമം. ബംഗാളിൽ കൽക്കത്താപ്പട്ടണത്തിനു് എഴുപതുമയിൽ വടക്കുമാറി മുപ്പത്തിരണ്ടുമൈൽ ചുററളവുള്ള നവദ്വീപം എന്നൊരു സ്ഥലമുണ്ടു്. അനവധി വിദ്വാന്മാർ ചെന്നു് പുരാതനകാലങ്ങളിൽ അഭ്യാസംചെയ്തുകൊണ്ടിരുന്ന മായാപുരം ഈ നവദ്വീപത്തിന്റെ ഹൃദയഭാഗത്തു് സ്ഥിതിചെയ്യുന്നു. കവിത, കല, സാഹിത്യം, ശാസ്ത്രം, തത്വജ്ഞാനം മുതലായ വിഷയങ്ങളിൽ പ്രശസ്തി നേടിയ പണ്ഡിതന്മാർ നവദ്വീപം സ്ഥിതിചെയ്യുന്ന 'നാദിയാ' ജില്ലയിൽ ഉണ്ടായിരുന്നു. ഭക്തന്മാക്കു് മായാപുരം പരാഭക്തിയുടെ കല്പവൃക്ഷസ്ഥാനമാകുന്നു.

2. ശ്രീചൈതന്യഭാഗവതം, ശ്രീചൈതന്യചരിതാമൃതം, മുതലായ ഗ്രന്ഥങ്ങളിൽ ശ്രീചൈതന്യന്റെ ജനനകാലത്തു് സമുദായത്തിലും ധാർമ്മികജീവിതത്തിലും സംഭവിച്ചിരുന്ന അപകർഷങ്ങളെ കഠിനമായി ആക്ഷേപിച്ചിട്ടുണ്ടു്. ധനികന്മാർ അവരുടെ ധനമെല്ലാം ബാല്യവിവാഹം, ദാസിനട്ടം, രാജസേവ ഈ വിഷയങ്ങളിൽ ദുർവ്യയം ചെയ്തിരുന്നു. നവദ്വീപത്തിലെ പണ്ഡിതന്മാർ തമ്മിൽ കൂട്ടിമുട്ടുന്ന അവസരങ്ങളിൽ നിഷ്പ്രയോജനങ്ങളായ വിഷയങ്ങളെപ്പററി വാദപ്രതിവാദം ചെയ്കയും അവസാനം അടികലശലിൽ അവസാനിക്കയും ചെയ്തിരുന്നു. സാധാരണ ജനങ്ങൾ ചൂതുകളി, മദ്യപാനം ഇവകളിൽ രസിച്ചിരുന്നു. സ്വാർത്ഥോദ്ദേശത്തിൽ അനവധി ദേവന്മാരെ ആരാധിക്കയും എല്ലാം മിഥ്യാ എന്നുപറഞ്ഞു് ഒന്നിലും രസമില്ലാത്തതുപോലെ ജീവിക്കയും തപശ്ചര്യ കൂടാതെ വേഷംമാത്രം കെട്ടുകയും ആയിരുന്നു ആ കാലത്തെ മതചര്യ. ഉൽകൃഷ്ടജാതിക്കാരുടെ വാക്യം ഈശ്വരവാക്യമായി ഗണിച്ചുപോന്നു. പഞ്ചോപാസന, ബഹ്വീശ്വരവാദം, ജീവബ്രഹ്മൈക്യവാദം, മായാവാദം, ഇവ മൂലം പണ്ഡിതമാനികൾതന്നെ വിഷമിച്ചുകൊണ്ടിരുന്ന കാലത്തു് ശ്രീകൃഷ്ണൻ "കൃഷ്ണചൈതന്യ"രൂപനായി പ്രത്യക്ഷപ്പെട്ടു. രാധാദേവിക്കു് ശ്രീകൃഷ്ണനിലുള്ള പരമപ്രേമത്തിന്റെ അഗാധത, രാധാദേവി അനുഭവിച്ചതായ ഭഗവന്മാധുര്യം, ഭഗവാന്റെ സാഹചര്യത്തിൽ രാധയ്ക്കുണ്ടായ ആനന്ദം ഇവ അനുഭവിച്ചറിയുന്നതിനായിരുന്നു ഈ അവതാരം എന്നു് ഭക്തനായ ചരിതാമൃതകർത്താവു് അഭിപ്രായപ്പെടുന്നു.

3. ക്രിസ്തുവർഷം 1486 ഫെബ്രുവരി 18-ാംനു- അസ്തമിച്ചു് ചന്ദ്രഗ്രഹണം ഉണ്ടായിരുന്ന അവസരത്തിൽ, പതിവനുസരിച്ചു ഹരേകൃഷ്ണ എന്ന നാമോച്ചാരണം ചുററുപാടും നടന്നുകൊണ്ടിരുന്ന അവസരത്തിൽ ശ്രീധാമമായാപുരത്തിൽ ഗൗരാംഗൻ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ ജഗന്നാഥമിശ്രനും അമ്മ നീലാംബരചക്രവർത്തിയുടെ പുത്രിയായ ശചീദേവിയുമായിരുന്നു. മിശ്രൻ വൈഷ്ണവധർമ്മാനുസാരിയായ ഗൃഹസ്ഥാശ്രമിയും പ്രസിദ്ധനായ ഒരു സംസ്കൃതപണ്ഡിതനുമായിരുന്നു. കു

ത്തിനു് നീമായി എന്നു നാമകരണം ചെയ്തു. ഈ പദത്തിന്റെ അത്ഥം നിംബം (വേപ്പു്) എന്നാണു്. ശചീദേവി പ്രസവിച്ച എട്ടു കുട്ടികളും മരിച്ചുപോയിരുന്നതിനാൽ ആ ഭാഗ്യദോഷം ഇതിനും സംഭവിക്കരുതെന്നു കരുതി ഇങ്ങനെ പേരിട്ടതാണു്. ഉരുക്കിയ സ്വൎണ്ണത്തിന്റെ നിറം ഉണ്ടായിരുന്നതിനാൽ ഗൌരാംഗനെന്നും അദ്ദേഹത്തെ വിളിച്ചുവന്നു. നെല്ലു്, അരി, മണ്ണു്, സ്വൎണ്ണം, വെള്ളി, ഭാഗവതം മുതലായ സാധനങ്ങൾ ഈ ശിശുവിന്റെ മുമ്പിൽ വച്ചുകൊടുത്ത അവസരത്തിൽ അതു് ഭാഗവതമാണു് സ്പർശിച്ചതു്. ഉറങ്ങിക്കിടന്ന അവസരത്തിൽ ഈ ശിശുവിന്റെ തലയ്ക്കൽ ഒരു പത്തിയുള്ള സപ്പംവന്നു തിറകൂടി ഇരിക്കുന്നതായി അച്ഛനമ്മമാർ കണ്ടു. ഉടൻതന്നെ അവർ കുട്ടിയെ എടുത്തു മാറുകയും സപ്പം അതിന്റെ വഴിക്കു പോവുകയും ചെയ്തു. പകൽസമയമെല്ലാം ശചീദേവിയുടെ ഗൃഹത്തിൽ നാമസങ്കീത്തനം ചെയ്തിരുന്നതുകേട്ടു് നീമായി നൃത്തം ചെയ്കയും ആരും നാമം ജപിക്കാനില്ലെങ്കിൽ കരയുകയും ചെയ്തിരുന്നു; കുട്ടിയുടെ നൃത്തം കാണുന്നതിനായി അയൽവാസികൾ വന്നു് ഹരിനാമം പാടിക്കൊണ്ടിരുന്നു. ശിശുവിന്റെ കഴുത്തിൽ ഉണ്ടായിരുന്ന ആഭരണം മോഷണം ചെയ്യാനായി രണ്ടുകള്ളന്മാർ ശിശുവിനെ തങ്ങളുടെ കഴുത്തിൽ എടുത്തുകൊണ്ടു് നടന്നു; എന്നാൽ അവർ വളരെ നടന്നു് വഴി ചുററി ഒടുവിൽ ശചീദേവിയുടെ ഗൃഹത്തിൽതന്നെ വന്നുചേൻ. ഒരിക്കൽ വിഷ്ണുഭക്തനായ ഒരാൾ ശചീഗൃഹത്തിൽ വന്നു തേവാരം കഴിക്കുന്ന അവസരത്തിൽ നിവേദ്യം കഴിയുന്നതിനുമുമ്പേ ബാലഗോപാലനായി അപ്പിച്ച നിവേദ്യത്തിന്റെ അംശം നീമായി ഭക്ഷിച്ചു. അശുദ്ധശങ്കനിമിത്തം ഇങ്ങനെ രണ്ടോ മൂന്നോ തവണ ആവത്തിക്കേണ്ടതായി വന്നപ്പോൾ അ ബ്രാഹ്മണനു് എന്തോ ഒരു ദിവ്യദർശനം അവിടെവച്ചു ഉണ്ടായി എന്നും തന്മൂലം ആ ബ്രാഹ്മണൻ കൂടെക്കൂടെ അവിടെ വന്നുകൊണ്ടിരുന്നു എന്നും പറയപ്പെട്ടിരിക്കുന്നു.

4. നീമായിയുടെ അടുത്ത ജ്യേഷ്ഠനായ വിശ്വരൂപൻ ലോകവിഷയങ്ങളിൽ അഭിരുചിയില്ലാതെ ചെറുപ്പത്തിൽതന്നെ സന്ന്യാസിയായി ശങ്കരാരണ്യൻ എന്ന നാമവും സ്വീകരിച്ചു് ഗൃഹംവിട്ടുപോയി. അതിനുശേഷം നീമായി കളിയെല്ലാം മതിയാക്കി ജാഗ്രതയായി പഠിത്തം തുടങ്ങി. വിഷ്ണുപൂജചെയ്യാതെ ആഹാരം കഴിക്കുകയില്ല. പഠിത്തത്തിനുശേഷം ശവ്വർമ എഴുതിയ സംസ്കൃതവ്യാകരണത്തിനു് കലാപവ്യാകരണം എന്ന ഒരു വ്യാഖ്യാനം ഗൌരാംഗൻതന്നെ എഴുതി; എന്നാൽ ഇപ്പോൾ ആ ഗ്രന്ഥം ലഭ്യമല്ല. പഠിത്തത്തിനുശേഷം മുകുന്ദസഞ്ജയൻ എന്ന ഒരു ധനികന്റെ ഗൃഹത്തിൽ ഒരു ചതുഷ്പദി (മതപഠനത്തിനുള്ള ഒരു ക്ലാസ്സു്) ആരംഭിച്ചു. അതിൽ പഠിക്കാൻ പലയിടത്തുനിന്നും ആളുകൾ വന്നു. യൌവനമായപ്പോൾ വല്ലഭാചാര്യരുടെ പുത്രിയായ ലക്ഷ്മീദേവിയെ കല്യാണം കഴിച്ചു. ഈ വധുവിന്റെ അതിഥിസല്ക്കാര ഗുണങ്ങളാൽ ശചീദേവി വളരെ സന്തുഷ്ടയായി. ഒരു ദിവസം മധ്വസമ്പ്രദായക്കാരനായ മാധവേന്ദ്രപുരി എന്ന സന്ന്യാസിയുടെ ശിഷ്യനായ ഈശ്വരപുരി എന്ന വൈഷ്ണവസന്ന്യാസിയെ ഗൌരാംഗൻ അതിഥി ആയി ക്ഷണിച്ചു. അദ്ദേഹത്തിന്റെ കൃതിയായ കൃഷ്ണലീലാമൃതം എന്ന ഗ്രന്ഥത്തെപ്പററി ഇവർതമ്മിൽ വളരെനേരം സംസാരിച്ചുകൊണ്ടിരുന്നു. കേശവഭട്ടർ എന്ന ഒരു ദിഗ്വിജയിപണ്ഡിതനെ ഒരു സായാഹ്നത്തിൽ ഗംഗാതീരത്തുവച്ചു കണ്ടുമുട്ടി. ഗംഗാനദിയെപ്പററി ഒരു പദ്യം എഴുതാൻ പണ്ഡിതനോടു് ഗൌരാംഗൻ ആവശ്യപ്പെട്ടു; അതനുസരിച്ചു ഉടൻതന്നെ ഒരു പദ്യം എഴുതി; അതിന്റെ ഗുണദോഷവിമർശനം ഉടൻതന്നെ ഗൌരാംഗൻ നടത്തുകയും പണ്ഡിതൻ തോററു പിരിയുകയും ചെയ്തു. അതു കഴിഞ്ഞു പൂവ്ബംഗാളിൽ താമസിക്കുന്ന കാലം ധമ്മപത്നിയായ ലക്ഷ്മീദേവി ചരമഗതി പ്രാപിച്ചതിനാൽ സനാതനമിശ്രന്റെ പുത്രിയായ വിഷ്ണുപ്രിയാദേവിയെ ഗൌരാംഗൻ വിവാഹം ചെയ്തു; അച്ഛൻ മരിച്ചു. അമ്മ വിധവയായിത്തീൻ.

5. അച്ഛന്റെ പിതൃകമ്മം ചെയ്യുന്നതിനായി വർഷാവസാനത്തിൽ ഗയയ്ക്കു പുറപ്പെട്ടു. അവിടെവച്ചു ഈശ്വരപുരിയിൽനിന്നും മന്ത്രോപദേശം സ്വീകരിച്ചു. നവദ്വീപത്തിൽ തി

രിച്ചുവന്നതു് കൃഷ്ണപ്രേമത്തിൽ നിമജ്ജനം ചെയ്തുകൊണ്ടാണു്. പെട്ടെന്നുണ്ടായ ഈ മാററത്തിൽ നവദ്വീപത്തിലെ പണ്ഡിതന്മാർ അത്ഭുതപ്പെട്ടു. തീർത്ഥാടനം സൽസംഗത്തിനും സൽഗുണലാഭത്തിനും ഇടവരുത്തിയില്ലെങ്കിൽ നിഷ്പ്രയോജനമല്ലെ? ഗയയിൽനിന്നും തിരിച്ചുവരുന്ന വഴി 'രാജ്മഹാൾ' എന്ന സ്ഥലത്തിനു സമീപം "കാണായ്നാട്ശമ്മാ" എന്ന ദിക്കിൽവച്ചു് തനിക്കു ശ്രീകൃഷ്ണദർശനം ലഭിച്ചുവെന്നും ശ്രീകൃഷ്ണനുമായുള്ള വിരഹംനിമിത്തം താൻ ഏററവും ഉൽകണ്ഠിതനായി തീർന്നിരിക്കുന്നുവെന്നും അദ്വൈതാചാര്യൻ ശ്രീവാസൻ മുതലായ സഖാക്കളോടു് അദ്ദേഹം പറയുകയുണ്ടായി. ഈ സ്ഥലത്തു് 1929 ഒക്ടോബർ 15 ാംതീയതി ചൈതന്യോപാധിപനായ സിദ്ധാന്തസരസ്വതി ഗോസ്വാമിയാൽ മഹാപ്രഭുവിൻെറ പാദം സ്ഥാപിക്കപ്പെട്ടു. (നിമായിയെ മഹാപ്രഭു എന്നാണു് ബംഗാളികൾ വിളിക്കുന്നതു്.) എല്ലാ വിദ്യാഭ്യാസത്തിൻേറയും പരമപ്രയോജനം ശ്രീകൃഷ്ണനാമം ജപിക്കുന്നതാണെന്നു് ശിഷ്യന്മാരോടു് ഉപദേശിക്കാൻ തുടങ്ങി. ജീവൻെറ സംസാരദുഃഖത്തെപ്പററി അമ്മയോടു് സംഭാഷണം ചെയ്തിട്ടു് അതിനു പരിഹാരമായി കൃഷ്ണനാമം ജപിക്കുന്നതിനു് ഉപദേശിച്ചു. ശ്രീവാസപണ്ഡിതൻെറ ഗൃഹത്തിൽ നിശാകാലം മുഴുവനും സങ്കീർത്തനസംഘം കൂടിത്തുടങ്ങി. ആ കാലത്തു് മഹാപ്രഭുവിൽ കൃഷ്ണാവിഷ്ടമായ സമാധി ഉണ്ടാവുകയും ഇരുപത്തൊന്നു മണിക്കൂർനേരം അതു് നിലനില്ക്കുകയും ചെയ്തു. ആ കാലത്തു് ഒരു മഹമ്മദീയനായിരുന്ന ഹരിദാസ് എന്ന ഭക്തനെ "പ്രഹ്ളാദ"നെന്നു് അനുഗ്രഹിക്കയും ശ്രീവാസൻെറ ഗൃഹത്തിലെ ദുഃഖി എന്ന ഭൃത്യസ്ത്രീയെ "സുഖി" എന്നനുഗ്രഹിക്കയും ചെയ്തു. ഇവർ രണ്ടും അതിനുശേഷം അങ്ങിനെതന്നെ ആയിത്തീർന്നു. ശ്രീകൃഷ്ണകഥകൾ ഗാഥയായി പാടിക്കൊണ്ടു നടന്നിരുന്ന മുകുന്ദദത്തൻ എന്നയാളെ അദ്ദേഹം സാക്ഷാൽ കൃഷ്ണഭക്തിയില്ലാത്ത ആളാണെന്നു മഹാപ്രഭു ചൂണ്ടിക്കാണിച്ചു; സനാതനമതമായ ആത്മപ്രേമവും ലൗകികമതവും തമ്മിൽ കൂട്ടിയിളക്കരുതു്. ഭഗവാനിലുള്ള ഉജ്ജ്വലപ്രേമവും കർമ്മികളും ജ്ഞാനികളും യോഗികളും ശീലിക്കുന്ന അഭക്തജീവചര്യയും രണ്ടാണെന്നു മുകുന്ദദത്തൻ മനസ്സിലാക്കിയിരുന്നില്ല. ജീവകോടിയുടെ ശാശ്വതധർമ്മമായ വൈഷ്ണവധർമ്മം ഒരു പ്രത്യേക സെററുകാരുടെ മതമാണെന്നു് പറയുന്നവരെ മായാവാദികൾ എന്നു പ്രഭു വിളിക്കുന്നു. അവക്കു് ശ്രീകൃഷ്ണകാരുണ്യം ലഭിക്കുന്നതല്ല. മുകുന്ദദത്തനു തൻെറ തെററു മനസ്സിലായപ്പോൾ ഭഗവൽകാരുണ്യം ലഭിക്കുമെന്നനുഗ്രഹിക്കുകയും ചെയ്തു.

6. ഈ കാലത്താണു് ശ്രീനിത്യാനന്ദനും ശ്രീ ഹരിദാസനും മഹാപ്രഭുവിനോടുചേർന്നു് ഗൃഹംതോറും ശ്രീകൃഷ്ണനാമോച്ചാരണമാഹാത്മ്യം പ്രശംസിച്ചു പ്രസംഗിക്കാൻ തുടങ്ങിയതു്. ഹരിദാസൻ 1450-ാമാണ്ടിടയ്ക്കു് ജെസ്സോർ ഡിസ്ട്രിക്ററിൽ ബുധാംഎന്ന സ്ഥലത്തു ഒരു മുസ്ലിംകുടുംബത്തിൽ ജനിച്ചുവെങ്കിലും ബാല്യംമുതൽതന്നെ ഹരിനാമജപത്തിൽ സശ്രദ്ധനായിരുന്നു. അതിനാൽ മഹാപ്രഭു അദ്ദേഹത്തെ നാമാചാര്യൻ എന്നു വിളിച്ചുവന്നു. ആ ദേശത്തുള്ള സജ്ജനങ്ങളുടെ സ്നേഹാദരങ്ങൾക്കു് ഇദ്ദേഹം പാത്രീഭൂതനായതു് അവിടത്തെ ധനികനായ രാമചന്ദ്രഖാൻ സഹിച്ചില്ല. ഹരിദാസൻ ഒരുദിവസം മൂന്നുലക്ഷം ഹരിനാമം ജപിക്കും; ബ്രാഹ്മണരിൽനിന്നു യാചിച്ചുകിട്ടുന്നതുകൊണ്ടു ഉപജീവിക്കും. ഹരിദാസൻെറ യശസ്സിനെ മലിനപ്പെടുത്തുന്നതിൽ ഖാൻ ഒരു വേശ്യയെ അദ്ദേഹത്തിൻെറ ഭജനകുടീരത്തിൽ അയച്ചു മൂന്നുരാത്രി തുടർച്ചയായി അവൾ താൻപഠിച്ചപണി എല്ലാം പ്രയോഗിച്ചു. അവ നിഷ്ഫലമായി എന്നുതന്നെയല്ല ഹരിദാസൻെറ നാമകീർത്തനശക്തിയാൽ വേശ്യ തൻെറ ദുർവൃത്തികൾ കളഞ്ഞു്, അശ്രുക്കൾപൊഴിച്ചു്, ഹരിദാസൻെറ പാദത്തിൽവീണു നമസ്കരിച്ചു് മാപ്പുതരേണമെന്നു പ്രാർത്ഥിച്ചു. അവൾ അദ്ദേഹത്തിൻെറ ഉപദേശാനുസരണം തുളസി നട്ടുപിടിപ്പിച്ചു് അതിനെ ആരാധിക്കയും ക്രമേണ വിഷ്ണുഭക്തയായി തീരുകയും ചെയ്തു. ഹരിദാസൻ ചാന്ദപുരത്തുപോയി (ഇപ്പോൾ ലഹളനടന്ന സ്ഥലം) അവസാനം വരെ കാലംകഴിച്ചുകൂട്ടി. നാമജപത്തിൻെറ ഫലമെന്തെന്നു് പണ്ഡിതന്മാർ തമ്മിൽ വാദപ്രതിവാദം നടന്ന അവസരത്തിൽ പാപനാശ

നമെന്നു് ചിലരും മോക്ഷമെന്നു മററുചിലരും വാദിച്ചു. എന്നാൽ നാമജപത്തിൻെറ ഫലം ശ്രീകൃഷ്ണപാദത്തിലുള്ള പരമപ്രേമമാണെന്നും പാപമോചനവും മോക്ഷവും നാമാഭാസത്താൽ തന്നെ സാധിക്കുന്നതാണെന്നും ഹരിദാസൻ സ്ഥാപിച്ചു. ഇതുകേട്ടു ജമിന്ദാരന്മാരുടെ പണപ്പിരിവുകാരനായിരുന്ന ഗോപാലചക്രവൎത്തി "അനേകജന്മങ്ങളിലെ ജ്ഞാനാഭ്യാസംകൊണ്ടു തന്നെ മോക്ഷം കിട്ടാതിരിക്കെ നാമാഭാസംകൊണ്ടു അതെങ്ങിനെ സിദ്ധിക്കു"മെന്നു ചോദിച്ചു ഹരിദാസനെ ആക്ഷേപിക്കയും ചക്രവൎത്തി കുഷ്ഠംപിടിച്ചു് മൂക്കം പോയി വളരെ ക്ലേശം അനുഭവിക്കയും ചെയ്തു. വൈഷ്ണവനിന്ദയുടെ ഫലംകാണുക. ബ്രാഹ്മണനായ അദ്വൈതാചാൎയ്യർ പിതൃശ്രാദ്ധാവസരങ്ങളിൽ ഹരിദാസനെ ക്ഷണിച്ചു് സ്വാത്മബ്രാഹ്മണൎക്കമാത്രം കൊടുക്കുന്ന ആഹാരം കൊടുത്തുവന്നു. അതിനെപ്പററി മററു ബ്രാഹ്മണർ ചോദ്യംചെയ്തപ്പോൾ ഭാഗവതം (111-33-7) ഉദ്ധരിച്ചു് അവരെ തൃപ്തിപ്പെടുത്തും. "അഹോബതശ്വപചോऽതോ ഗരീയാൻ, യജ്ജിഹ്വാഗ്രേ വൎത്തതേനാമതുഭ്യം; തേപുസ്തപസ്തേ ജുഹുവുഃ സസ്നുരാൎയ്യാ, ബ്രഹ്മാനൂചുർനാമഗൃഹ്ണന്തിയേതേ." തപസ്സുചെയ്ക, ഹോമംചെയ്ക, തീൎത്ഥസ്നാനംചെയ്ക, വേദം ചൊല്ലുക ഇതിൻെറ ഒക്കെ ഫലം പറയനായാലും നാശംകൊണ്ടു നിഷ്കളങ്കഭക്തിയോടു ഭഗവന്നാമം ജപിക്കുന്നവനു ലഭിക്കുന്നതാണു്. ഹരിദാസനെപ്പററി ചില പാഷണ്ഡികളായ ഹിന്ദുക്കൾ നവാബിൻെറ അടുക്കൽ അവലാധിപ്പെടുകയും ഇസ്ലാംവിട്ടു വൈഷ്ണവമതത്തിൽ ചേൎന്നതിനു് ജയിലിലിടുകയും ചെയ്തു. അതുകൊണ്ടും നാമജപം നിറുത്താഞ്ഞതിനാൽ അടിശിക്ഷ വിധിച്ചു. "മരണംപ്രാപിക്കുന്ന ഈ ശരീരത്തെ എന്തുവേണമെങ്കിൽ ചെയ്യട്ടെ, ഹരിനാമം ഞാൻ നിറുത്തുകയില്ല" എന്നു് ഹരിദാസ് പറഞ്ഞു. തന്നെ ഉപദ്രവിക്കുന്നവൎക്ക മാപ്പുകൊടുക്കുവാൻ ഹരിദാസ് ശ്രീകൃഷ്ണനോടു അപേക്ഷിച്ചു. ചത്തതുപോലെ നടിച്ചുകിടക്കുകയും കാസി അദ്ദേഹത്തെ ഗംഗാജലത്തിൽ എറിയുകയും ചെയ്തു. ഒഴുകി കുറെ താഴെവന്നു് ഫൂലിയാഎന്ന ദിക്കിൽ ഒരു ഗുഹയിൽകയറി ഇരുന്നു് നാമംജപിച്ചു. അതിനകത്തു് ഒരു ഭയങ്കരസൎപ്പം വാണിരുന്നതു് നാട്ടുകാൎക്കറിയാമായിരുന്നതിനാൽ അതിൽനിന്നു ഇറങ്ങിപ്പോകണമെന്നു ഹരിദാസനോടു പറഞ്ഞിട്ടു് അദ്ദേഹം വകവച്ചില്ല. ഒടുവിൽ സൎപ്പംതന്നെ അവിടം വിട്ടുപോയി. ഇങ്ങനെ അനേകം കഥകൾ ഹരിദാസനെപ്പററിയുണ്ടു്. നാട്ടിലുള്ള നിരീശ്വരസമ്പ്രദായം കണ്ടു് ദുഃഖിച്ചു ഹരിദാസൻ മായാപുരത്തു വരുകയും ശ്രീചൈതന്യൻെറ നാമസങ്കീൎത്തനസംഘത്തിൽ ചേരുകയും ചെയ്തു. അദ്ദേഹത്തെപ്പററി വൃന്ദാവനദാസൻ എഴുതിയ പ്രശസ്തിപത്രത്തിൽ പറയുന്നതു് "ശ്രീചൈതന്യ മഹാപ്രഭുവിൻെറ ലീലാസംഘത്തിലെ വിലതീരാരത്ന"മെന്നാണു്.

7. പ്രതിദിനം ശ്രീവാസഗൃഹത്തിൽ ഭജനസംഘം നടന്നുകൊണ്ടിരുന്നു. ഭക്തന്മാരെ അല്ലാതെ അന്യരെ അകത്തു കടത്തുകയില്ല. അതിൽ അസൂയപ്പെട്ടു് ആളുകൾ അവാച്യം പറഞ്ഞുതുടങ്ങി. ഗോപാലചാപലൻ എന്നയാൾ ചാരായക്കുപ്പി മത്സ്യം ഇതെല്ലാം പുരയിടത്തിൽ കൊണ്ടിട്ടു. "തൻെറ ലോകസുഖം ഇതോടെ നശിക്കട്ടെ" എന്നുപറഞ്ഞു ഒരു ബ്രാഹ്മണൻ തൻെറ പൂണുനൂൽ പൊട്ടിച്ചു. ഒരു സന്യാസി ശ്രീവാസൻെറ അനുവാദത്തോടുകൂടി ഒരു രാത്രി അകത്തു കടന്നുവെങ്കിലും പ്രഭു അദ്ദേഹത്തെ പുറത്താക്കി. "യോഗം, സാംഖ്യം, സ്വാധ്യായം, തപസ്സ്, ത്യാഗം ഇതൊന്നും എന്നെ വശപ്പെടുത്തുകയില്ല; ഊൎജ്ജിതമായ ഭക്തി ഒന്നിനേ ഇതിനു സാധിക്കൂ" എന്ന ഭഗവദ്വചനം പറഞ്ഞപ്പോൾ സന്യാസി സമ്മതിച്ചു. കീൎത്തനനൎത്തനാദികൾ നടന്നുകൊണ്ടിരുന്ന ഒരു രാത്രി ശ്രീവാസൻെറ ഏകപുത്രൻ ആ ഗൃഹത്തിൽ കിടന്നു ചരമഗതിയെ പ്രാപിച്ചു. എന്നാലും മഹാപ്രഭുവിനു ആനന്ദം കുറഞ്ഞെങ്കിലോ എന്നുവിചാരിച്ചു് ആരും കരഞ്ഞില്ല. അതിനുശേഷം പുത്രസ്ഥാനത്തിൽ നിത്യാനന്ദനായിരുന്നു. ആ ദേശത്തു് ജഗായ് എന്നും മദായ് എന്നും പേരായ രണ്ടു മദ്യപന്മാർ ആഭാസവൃത്തിയിൽ കഴിഞ്ഞുവന്നിരുന്നു. ഹരിനാമകീൎത്തനത്തിൻെറ ബഹളം സഹിക്കവയ്യാതെ നിത്യാനന്ദപ്രഭുവിനേയും ഹരിദാസനേയും അവർ അടികലശൽകൂട്ടി മഹാപ്രഭു തന്നെ ആ സ്ഥലത്തു ചെന്നു് ഹരിനാമം

ജപിക്കയും ആ കുടിയന്മാർ രണ്ടും ഹരിനാമം ജപിച്ചു കുടിനിറുത്തി മര്യാദക്കാരായി തീരുകയും ചെയ്തു. പ്രായശ്ചിത്തമായി അവർ ഗംഗാനദിയിൽ ഒരു കുളിക്കടവു് കെട്ടിയുണ്ടാക്കി എന്നും അടുത്തകാലംവരെ അതുണ്ടായിരുന്നുവെന്നും ചരിത്രകാരന്മാർ പറയുന്നു. ശചീദേവി തന്റെ പുത്രനായ വിശ്വരൂപൻ സന്യസിച്ചു പോകുന്നതിനു കാരണക്കാരൻ അദ്വൈതാചാര്യനാണെന്നു തെററിദ്ധരിച്ചു് അദ്ദേഹത്തെ പഴിച്ചുകൊണ്ടിരുന്നു. അതു് തെററാണെന്നു് മഹാപ്രഭു വാദിക്കുകയും വൈഷ്ണവാപരാധം എന്ന തെററു് അമ്മയ്ക്കു പററുമെന്നു് ഗുണദോഷിക്കയും ചെയ്തു. ഒടുവിൽ അമ്മ അദ്വൈതാചാര്യനോടു മാപ്പപേക്ഷിക്കയാൽ അമ്മയ്ക്കു് യശോദയെപ്പോലെയുള്ള ഭക്തി ഭഗവാനിൽ ഉണ്ടാകുന്നതിനു് മഹാപ്രഭു അനുഗ്രഹിച്ചു. അതിനുശേഷം തന്റെ പുത്രനായ നീമായി കൃഷ്ണനാണെന്നും നിത്യാനന്ദൻ ബലരാമനാണെന്നും ശചീദേവിക്കു് സ്വപ്നത്തിൽ അനുഭവപ്പെടുകയും ചെയ്തു.

8. പരസ്യമായ പ്രസംഗങ്ങൾ ആരംഭിച്ചതോടുകൂടി പൊതുജനങ്ങളുടെ ഇടയിൽ ശത്രുക്കളുമുണ്ടായിത്തുടങ്ങി. കലിയുഗത്തിൽ ഹരിനാമജപംകൊണ്ടല്ലാതെ ഗതിയില്ലെന്നും അതൊന്നുകൊണ്ടുതന്നെ ഗതികിട്ടുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന സിദ്ധാന്തം.

"ഹരേർന്നാമഹരേർന്നാമഹരേർന്നാമൈവകേവലം
കലൌനാസ്ത്യേവനാസ്ത്യേവനാസ്ത്യേവ-
ഗതിരന്യഥാ"

ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം. നാമസങ്കീർത്തനമാഹാത്മ്യത്തെപ്പററി പ്രസംഗിക്കുവാൻ പ്രധാനപട്ടണങ്ങളിലും ഗ്രാമങ്ങളിലും ശിഷ്യസംഘത്തെ അയയ്ക്കയും അനേകായിരം പേർ അദ്ദേഹത്തിന്റെ കൊടിക്കീഴിൽ ചേരുകയും ചെയ്തു. നവദ്വീപത്തിലെ പണ്ഡിതന്മാർ പട്ടണത്തിലേ ഭരണകർത്താവായിരുന്ന ചന്ദകാസിയുടെ അടുക്കൽ ആവലാധി ബോധിപ്പിച്ചു. കാസി മൃദംഗം മുതലായവ തല്ലിപ്പൊളിപ്പിക്കയും സംഘത്തിൽപെട്ടവരെ പലവിധത്തിൽ ഉപദ്രവിക്കയും ചെയ്തു. ഒരു സായാഹ്നത്തിൽ ഒരു സങ്കീർത്തനസംഘത്തെ തന്നെത്താൻ നയിച്ചു. അതിൽ നവദ്വീപത്തിലെ ഭൂരിപക്ഷം ജനങ്ങളും ചേർന്നു് തീവെട്ടി മുതലായവയും കത്തിച്ചു് ഹരിദാസൻ, അദ്വൈതാചാര്യൻ, നിത്യാനന്ദൻ ഇവരുടെ നേതൃത്വത്തിൽ മൂന്നു സംഘമായി പുറപ്പെട്ട എല്ലാവരും ഒടുവിൽ കാസിയുടെ പടിക്കൽ ഒരേസമയത്തു ചെന്നുചേർന്നു. കാസി അന്നേദിവസം പുറത്തുവന്നതേയില്ല. അതിഥിസല്ക്കാരം ചെയ്യുന്നില്ല എന്നു കുററപ്പെടുത്തി കാസിയുടെ അടുക്കൽ ആളയച്ചുപറഞ്ഞു. കാസി ഉടനെ പുറത്തുവന്നു് മഹാപ്രഭുവിനെക്കണ്ടു് അദ്ദേഹത്തിനു് വേണ്ട സകലരക്ഷകളും ചെയ്തുകൊടുക്കാമെന്നേറ്റുപറഞ്ഞു. കാസിയും കുടുംബക്കാരും വൈഷ്ണവമതത്തിൽ ചേർന്നതായിരുന്നു അവസാനഫലം. കാസിയുടെ ശവകുടീരം ഇപ്പോഴുമുണ്ടു്. തീർത്ഥാടനസംഘം അവിടം ഒരു പുണ്യസ്ഥാനമായി ഗണിച്ചിരിക്കുന്നു.

നവദ്വീപത്തിൽ നിന്നും ഗംഗാനദി നീന്തിക്കടന്നു് കേശവഭാരതിയിൽ നിന്നും സന്യാസം സ്വീകരിച്ചു. പുതിയ ആശ്രമത്തിലെ നാമമാണു് "ശ്രീകൃഷ്ണചൈതന്യൻ" (ഭക്തഹൃദയത്തിൽ ശ്രീകൃഷ്ണനെ ഉണർത്തുന്നവൻ) "അഹം തരിഷ്യാമിദുരന്തപാരം തമോമുകുന്ദാംഘ്രിനിഷേവയൈവ" അവസാനമില്ലാത്തതും മറുകര കാണാത്തതുമായ അജ്ഞാനസമുദ്രം ശ്രീകൃഷ്ണപാദസേവ ഒന്നുകൊണ്ടുമാത്രം ഞാൻ കടക്കുന്നുണ്ടു് ഇതായിരുന്നു വ്രതം. ഇതിനുശേഷം കൃഷ്ണനെ അന്വേഷിച്ചു പുറപ്പെടുകയായി. അദ്വൈതവാദം അദ്ദേഹത്തിൽ അശേഷം തൃപ്തി നല്കിയിരുന്നില്ല. പുരിയിൽ ജഗന്നാഥക്ഷേത്രത്തിൽ തൊഴുതുകൊണ്ടുനിന്ന സമയം മോഹാലസ്യംവന്നു് താഴെവീണു. സമീപമുണ്ടായിരുന്ന വാസുദേവ സാർവ്വഭൌമൻ എന്ന രാജപണ്ഡിതൻ അദ്ദേഹത്തെ തന്റെ ഗൃഹത്തിൽ കൊണ്ടുപോയി ശുശ്രൂഷിക്കയും മോഹം തീർന്നശേഷം ശ്രീചൈതന്യൻ കുറെദിവസം അവിടെ താമസിക്കയും ചെയ്തു. താമസത്തിനിടയ്ക്കു് പണ്ഡിതർ വേദാന്തസൂത്രത്തിന്റെ ശങ്കരഭാഷ്യം മഹാപ്രഭുവിനെ വായിച്ചുകേൾപ്പിച്ചു, ഒരക്ഷരം മറുപടി പറയാതെ ഒരാഴ്ചവട്ടം കഴിഞ്ഞപ്പോൾ "എന്താണു് ഒന്നും മനസ്സിലാകുന്നില്ല" എന്നു ചോദിച്ചു മറുപടിയായി സൂത്രത്തിനെല്ലാം ഭക്തിപരമായി തന്നെത്താൻ അർത്ഥംപറയുകയും ശങ്കരഭാ

ഷ്യം വാസ്തവാൎത്ഥത്തെ മറച്ചുവച്ചിരിക്കുന്നുവെന്നഭിപ്രായപ്പെടുകയും ചെയ്തു. ശ്രുതിയിൽ പറഞ്ഞിട്ടുള്ളതിന്റെ പ്രത്യക്ഷമായ അൎത്ഥമേ തനിക്കു തൃപ്തികരമുള്ളുവെന്നും സാകാരവാദം നിഷേധിച്ചു നിരാകാരവാദം സ്ഥാപിക്കുന്ന ശ്രുതികൾ ദേവന്റെ അലൌകികമായ രൂപം, ഗുണം, ലീല, ലോകം ഇവയെ വൎണ്ണിക്കുന്നുവെന്നും മഹാപ്രഭു പ്രത്യക്ഷമാക്കി. ശ്രീചൈതന്യൻ അവിടം വിടുന്നതിനുമുമ്പായി അദ്വൈതജ്ഞാനമാൎഗ്ഗാവലംബി ആയിരുന്ന പണ്ഡിതൻ കൃഷ്ണഭക്തനായി തീരുകയും ആവിധം അദ്ദേഹത്തിന്റെ ജീവിതം അവസാനിപ്പിക്കയും ചെയ്തു. പണ്ഡിതരുടെ മതംമാററത്തോടുകൂടി ഒറിസ്സാമുഴുവൻ ഭക്തിയുടെ മെച്ചം മനസ്സിലാക്കി. അവിടെനിന്നും തെക്കേഇൻഡ്യ ഒട്ടാകെ സഞ്ചരിച്ചു ഗോദാവരീതീരത്തുള്ള കോവൂർ എന്ന സ്ഥലത്തു് കുളിയും തേവാരവും കഴിച്ചസമയം വിജയനഗരത്തെ മന്ത്രിയായ രാമാനന്ദരായി ആ സ്ഥലത്തു് സ്നാനത്തിനായി പരിവാരസമേതം വരുകയും കൃഷ്ണഭക്തന്മാരായ ഇവർ രണ്ടുപേരും തമ്മിലുള്ള പ്രഥമദൎശനത്തിൽതന്നെ ഗാഢാശ്ലേഷംചെയ്തു് സ്വേദം, അശ്രു, കമ്പം, പുളകം മുതലായ ചേഷ്ടകളോടുകൂടി കൃഷ്ണ, കൃഷ്ണ, എന്നു ജപിച്ചുകൊണ്ടു പരമനിൎവൃതിയെ അടയുകയും ചെയ്തു. ബ്രാഹ്മണനായ സന്യാസി ഒരു ശൂദ്രനെ തൊട്ടു് ഈവിധമെല്ലാം കാണിക്കുന്നുവല്ലോ എന്നു് മന്ത്രിയോടുകൂടി ഉണ്ടായിരുന്ന ബ്രാഹ്മണൎക്കുപോലും അത്ഭുതംതോന്നി. ഇവർ തമ്മിലുള്ള സംഭാഷണങ്ങളുംമററും വളരെ രസകരമാണെങ്കിലും പിന്നൊരവസരമാകട്ടെ എന്നു് മാററിവയ്ക്കാതെ നിവൃത്തിയില്ല.

9. ശ്രീരംഗം മുതലായ വൈഷ്ണവക്ഷേത്രങ്ങൾ ദൎശിച്ചു് തിരുവിതാംകൂറിൽ തിരുവട്ടാറു വരുകയും "ബ്രഹ്മസംഹിത" എന്ന ഗ്രന്ഥം അവിടെവച്ചു ലഭിക്കുകയും ചെയ്തു. ശ്രീകൃഷ്ണകൎണ്ണാമൃതവും ഈ പൎയ്യടനത്തിൽ ലഭിച്ചതാണു്. തിരുവനന്തപുരം വൎക്കല മുതലായ സ്ഥലങ്ങൾവഴി വടക്കോട്ടു് പൂനായിക്കു പോയി. രംഗക്ഷേത്രമെന്ന സ്ഥലത്തുവച്ചു് ഗീത വായിക്കുന്നതിൽ തല്പരനായ ഒരു ബ്രാഹ്മണനെ കണ്ടുമുട്ടി. മററുള്ളവർ എത്ര പുച്ഛിച്ചിട്ടും അദ്ദേഹം അതു വകവയ്ക്കാതെ ഗീത വായിക്കുകതന്നെ ചെയ്യും. അതിനു കാരണം മഹാപ്രഭു ചോദിച്ചതിനു് മറുപടി പറഞ്ഞതു് ശ്യാമസുന്ദരനായ കൃഷ്ണൻ അൎജ്ജുനരഥത്തിൽ കടിഞ്ഞാൺ പിടിച്ചുകൊണ്ടിരിക്കുന്നതു് തനിക്കു കാണാമെന്നും അതിന്റെ രസംകൊണ്ടു് താൻ മറെറാന്നുമറിയുന്നില്ലെന്നുമാണു്. "ഗീതയുടെ അന്തരാൎത്ഥം നിങ്ങൾക്കു മനസ്സിലായി" എന്നുപറഞ്ഞു് പ്രഭു അദ്ദേഹത്തെ ആശ്ലേഷിച്ചു. പൎയ്യടനം എല്ലാം കഴിഞ്ഞു് വീണ്ടും പുരിയിൽ എത്തിച്ചേരുകയും ജീവിതശേഷം അവിടെത്തന്നെ നയിക്കയും ചെയ്തു. ഇവിടെ താമസിക്കുന്ന കാലത്തു് വൎഷംതോറും വംഗദേശത്തുനിന്നും ഭക്തന്മാർ അനേകം സംഘമായി (ഇവിടെ ശബരിമലയ്ക്കു പോകുന്നതുപോലെ) അദ്ദേഹത്തെ കാണാൻ പോയ്ക്കൊണ്ടിരുന്നു. അന്നു കാടായിക്കിടന്നിരുന്ന വൃന്ദാവനം അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളുടെ പരിശ്രമത്താൽ വെട്ടിത്തെളിച്ചു് അനേകം ക്ഷേത്രങ്ങളും നിൎമ്മിച്ചു ജനവാസയോഗ്യമാക്കിത്തീൎത്തു. മഹാപ്രഭുതന്നെ അവിടെച്ചെന്നു് മനോരഥം അനുസരിച്ചു ഭഗവാന്റെ ലീലാസ്ഥാനങ്ങൾ ഇന്നേടമെന്നു് ഓരോന്നും കാണിച്ചുകൊടുത്തുവെന്നും ആ നിലയിൽ ഇന്നും ആചരിച്ചുവരുന്നുവെന്നും അറിയുന്നു. രാധ ഭഗവാനെ സേവിച്ച സ്ഥലം "രാധാകുണ്ഡം" എന്നറിയപ്പെടുന്ന ഒരു തീൎത്ഥമായി ഇന്നും കാണാം. പുരീക്ഷേത്രത്തിലുള്ള തേരോട്ടക്കാലത്തു് തേരിനുമുമ്പിൽ ചൈതന്യസംഘം നടത്തിവരുന്ന നൃത്തം മനസ്സിനും കണ്ണിനും ചെവിക്കും ഭക്തന്മാൎക്കു് ആഹ്ലാദം ജനിപ്പിക്കുമായിരുന്നു. അവിടത്തെ രാജാവായ പ്രതാപരുദ്രൻ ചൈതന്യനെ കൊട്ടാരത്തിലേക്കു ക്ഷണിച്ചതു് അദ്ദേഹം സ്വീകരിച്ചില്ല. നിൎബ്ബന്ധം അധികമായപ്പോൾ താൻ പുരിവിട്ടു് അന്യസ്ഥലത്തു് താമസിക്കാൻ ആലോചിച്ചു. അതിനാൽ നൃത്തം കഴിഞ്ഞു മോഹാലസ്യമായി കിടക്കുന്ന അവസരത്തിൽ ഉദ്യാനത്തിൽ രാജാവു് ചെല്ലുകയും മോഹാലസ്യം തീൎന്നപ്പോൾ പരസ്പരം കാണുകയും ചെയ്തു. ശ്രീചൈതന്യനു് ഇതു് അശേഷം സുഖമായില്ല. എങ്കിലും രാജാവിന്റെ ഭക്തികണ്ടു സന്തോഷിച്ചു ശ്രീചൈതന്യന്റെ വൈഷ്ണവശിക്ഷ എല്ലാം

രൂപഗോസ്വാമി പുസ്തകരൂപേണ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതിനു് "ശ്രീരൂപശിക്ഷ" എന്നുപറയുന്നു. ശ്രീ ജീവഗോസ്വാമി, രൂപഗോസ്വാമി, സനാതനൻ ഇവരുമായുള്ള സംഭാഷണങ്ങളിലാണു് തന്റെ ശിക്ഷാമാൎഗ്ഗം തെളിച്ചിട്ടുള്ളതു്. ഭക്തിയുടെ നാനാരൂപഭേദങ്ങളെപ്പററി സനാതനശിക്ഷയിൽനിന്നു അറിയാം. രഘുനാഥദാസ്സ് എന്ന അതിധനവാനായ ഒരു ശിഷ്യൻ തന്റെ സ്വത്തെല്ലാം ഉപേക്ഷിച്ചു് പുരിയിൽ ആരാധനയ്ക്കു വരുന്നവരോടു് യാചന ചെയ്തു കാലക്ഷേപം ചെയ്ത കഥയും മററും ആരുടേയും ഹൃദയത്തിൽ വികാരം ജനിപ്പിക്കുന്നതാണു്. ആശ്രമധൎമ്മം അനുഷ്ഠിക്കുന്നില്ലെന്നു സംശയം തോന്നുന്ന ശിഷ്യന്മാരോടു് നിൎദ്ദയമായി പെരുമാറുകതന്നെ ചെയ്യും; അങ്ങിനെയൊരാൾ ഗംഗയിൽചാടി ആത്മഹത്യചെയ്തതായും ചരിത്രമുണ്ടു്. അമ്പതു വയസ്സായശേഷം പനിയായി ഒരാഴ്ചയോളം കിടക്കയും യശശ്ശരീരനായി തീരുകയും ചെയ്തു. മൃതശരീരം ക്ഷേത്രത്തിൽ എവിടെയോ അടക്കം ചെയ്തതായി വിശ്വസിക്കപ്പെടുന്നു.

ഈ പുണ്യാത്മാവിന്റെ ചരിത്രം അ[illegible]ച്ചു പഠിക്കയും അന്വേഷിച്ചു കൂടുതൽ അറിയുകയും അദ്ദേഹത്തിന്റെ അനുചരസംഘങ്ങളിലെ സാഹിത്യവുമായി പരിചയപ്പെടുകയും ചെയ്യുന്നതു് ശ്രീകൃഷ്ണനെപ്പററി കൂടുതൽ അറിവുണ്ടാകുന്നതിനും അദ്ദേഹത്തിൽ ഭക്തി ജനിക്കുന്നതിനും കാരണമായിത്തീരും. സ്വന്തംകൃതി ശിക്ഷാഷ്ടകം മാത്രമേ ഉള്ളു എന്നാണു് കേൾവി. ഇതു് "ചൈതന്യപ്രഭ"യിൽ ടീകാസഹിതം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതിൽ പറയുന്നതുപോലെ,

"മൽപ്രാണനാഥസ്തു സ ഏവ നാപരഃ"

---


## ലീലാഞ്ജലി

(നിസ്തുസുന്ദരങ്ങളായ എട്ടു ചെറുകഥകളുടെ സമാഹാരം.)

By

ശ്രീ: കമുകറ, എൽ. ലീലാബായി.

രസപുഷ്ടിയും, രചനാഗുണവും, ഭാവനാസൗകുമാൎയ്യവും തഴക്കുന്നതാണു് ഇതിലെ ഓരോ കഥയും. കാലദേശാവസ്ഥകളുടെ സജീവചിത്രങ്ങൾ ഈ കലാശില്പത്തിൽ സൎവ്വത്ര കളിയാടുന്നുണ്ടു്. ഉചിതമായ കഥാഘടന—ലളിതമായ ഭാഷ.

ഗെററപ്പു് അത്യന്തം കമനീയം!

വില രൂപാ ൧൲

ആവശ്യപ്പെടുക:—

മാനേജർ,

ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ,

തുറവൂർ.

---

# മസൂരിനിവാരണഗുളിക.

മസൂരി എന്ന ഭയങ്കര രോഗത്തിൽനിന്നും രക്ഷപ്പെടുവാൻ പററിയ ഒരു സിദ്ധൌഷധം. പനി തുടങ്ങുമ്പോൾ ഉപയോഗിച്ചാൽ ൨൪ മണിക്കൂറിനുള്ളിൽ വിയൎത്തു് പനി മാറും. കുരുക്കൾ ഉണ്ടാവുകയുമില്ല. സാധാരണ ഒരു രോഗി ൨–൪–ന്നു ഗുളികവരെ ഉപയോഗിച്ചാൽ മതി.

12 ഗുളികകൾക്കു് 2 രൂപാ 8 ണ. 24 ഗുളികകൾക്കു് 4 രൂപാ 8 ണ.

കെ. ജെ. വറുഗീസുവൈദ്യൻ,

A. O. തുറവൂർ. P. O. കുത്തിയതോടു്.

# പുതിയ വൈദ്യപുസ്തകങ്ങൾ.

**ശാർങ്ഗധരസംഹിതാ—**

ഗൂഢാർത്ഥചന്ദ്രിക എന്ന വ്യാഖ്യാനത്തോടുകൂടിയ ചികിത്സാസാരസർവ്വസ്വമായ ഒരു സുപ്രസിദ്ധ വൈദ്യഗ്രന്ഥം. വില രൂ. 2 അണ 4

**കുഷ്ഠരോഗസിദ്ധചികിത്സ—**

സിദ്ധചികിത്സാപരമ്പരയിലുള്ളവർ രഹസ്യമായി വച്ചിരുന്ന അനവധി മഹായോഗങ്ങൾ അടങ്ങിയതു്. വില രൂപാ 1 അണ 2

**പ്രമേഹരഹസ്യചികിത്സ—**

ഈ പ്രമേഹചികിത്സയിൽ ഉള്ള എല്ലാ യോഗവും ഒന്നുപോലെ ഫലിക്കുന്നതും, ഏററവും രഹസ്യത്തിൽ സൂക്ഷിച്ചുവച്ചിരുന്നതുമാണു് വില രൂ. 1 ണ. 2

**വീരസിംഹാവലോകനം—**

മുകുരസ്ഥലീവ്യാഖ്യാനസഹിതം.

ഓരോ രോഗങ്ങൾക്കുമുള്ള കർമ്മവിപാകപ്രായശ്ചിത്തവിധികളും വ്യാധിശമനകരങ്ങളായ രഹസ്യസിദ്ധയോഗങ്ങളും അടങ്ങിയതു്. വില രൂ. 2 ണ. 4

**ആസവാരിഷ്ടയോഗമഞ്ജരി—**

ഭാഷാവ്യാഖ്യാനസഹിതം ഫലപ്രദങ്ങളായ നൂറോളം ആസവാരിഷ്ടയോഗങ്ങൾ അടങ്ങിയതു്. വില ണ. 12

**സഹസ്രയോഗം—**

ഭാഷാവ്യാഖ്യാനസഹിതം.

സാധാരണ സഹസ്രയോഗത്തിലുള്ളതിൽ കൂടുതലായി ഫലപ്രദങ്ങളായ പല വിശേഷയോഗങ്ങളും കൂട്ടിച്ചേർത്തിട്ടുള്ളതു്. വില രൂ 1 ണ. 6

**ആരോഗ്യദീപം—**

ശരീരവും ആരോഗ്യവും സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കൂണിസിസ്റ്റവും, മെസ്മരിസവും മററും സംബന്ധിച്ചുള്ള സകല ചികിത്സകളും അടങ്ങിയതു്. വില രൂ. 4 ണ. 8

**കർഷകബന്ധു അഥവാ**

**കന്നുകാലിരോഗചികിത്സ—**

കന്നുകാലികൾക്കു നേരിടുന്ന സകല രോഗങ്ങളുടെയും നിദാനങ്ങളും ചികിത്സകളും അടങ്ങിയതു്. വില അണ 12

**ആരോഗ്യകല്പദ്രുമം ബാലചികിത്സ-**

കയ്യൂളങ്ങര രാമവാര്യർ അവർകൾ ഉണ്ടാക്കിയതും, അദ്ദേഹത്തിന്റെ വ്യാഖ്യാനത്തോടുകൂടിയതും, വൈദ്യലോകപ്രസിദ്ധവുമായ ഒരു ദിവ്യഗ്രന്ഥം. വില രൂ. 5 ണ. 4

മാനേജർ,
വി വി. പ്രെസ്സ്,
കൊല്ലം.

# S. T. റെഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

---

പ്രെസ്സ് ബ്രാഞ്ചുകൾ:—
ആലപ്പുഴ,
S. P. പ്രെസ്സ്, കൊല്ലം.

ഡിപ്പോ ബ്രാഞ്ചുകൾ:—
കൊല്ലം,
ആലപ്പുഴ.

## ഞങ്ങളുടെ മുദ്രാലയത്തിൽ,

വൈദ്യം, ജ്യോതിഷം, പുരാണങ്ങൾ, പുതിയതരം രസകരമായ
നോവലുകൾ മുതലായ മററനേകം പുസ്തകങ്ങളും

## എപ്പോഴും വില്പനയ്ക്കു തയാർ.

വലിയ ക്യാററ്ലാഗിനു എഴുതുക.

മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, എന്നീ ഭാഷകളിലുള്ള

## എല്ലാത്തരം അച്ചടിജോലികളും

ആദായനിരക്കിൽ ആകർഷണീയമായ രീതിയിൽ

## കൃത്യസമയത്തു് ചെയ്തുകൊടുക്കപ്പെടും.

എന്നു, മാനേജിംഗ് പ്രൊപ്രൈററർ.

---

## ബൃഹൽസ്തോത്രരത്നാകരം.

(സാരാർത്ഥദർപ്പണം വ്യാഖ്യാനസഹിതം.)

സംസ്കൃതഭാഷയിലുള്ള സകല നല്ല സ്തോത്രങ്ങളും തെരഞ്ഞെടുത്തു്
മലയാള വ്യാഖ്യാനസഹിതം അച്ചടിച്ചിട്ടുള്ളതു്.

൧-ാംതരത്തിനു വില രൂപാ ൩.    ൨-ാംതരത്തിനു വില രൂപാ ൨ ൬.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

# VIDYABHIVARDHINI

License No. 455. Dated 28-11-1945 Reg. No. T. 116.


| വരിസംഖ്യ. | | പരസ്യക്കൂലി. | |
|---|---|---|---|
| | | സ്ഥിരപരസ്യക്കാർക്ക്. | ഒരു പ്രാവശ്യത്തേക്ക് |
| ഒരു വർഷത്തേക്ക് | 5 ബ്രി: രൂ. | | |
| ഒററ പ്രതിക്ക് | 8 ണ. | മുഴുപ്പേജിന് 50 രൂ. | 8 രൂ. |
| ഇൻഡ്യയ്ക്കു പുറമേ | 6 ബ്രി: രൂ. | അരപ്പേജിന് 30 ,, | 6 ,, |
| ,, ഒററ പ്രതിക്ക് | 10 ണ. | കാൽപ്പേജിന് 20 ,, | 4 ,, |

## ലേഖകന്മാരോട്:—

ലേഖനങ്ങൾ കടലാസ്സിന്റെ ഒരുവശത്തു മാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. പ്രസിദ്ധീകരണത്തിനു സൗകര്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിലേക്കുള്ള സ്റ്റാമ്പ് അയച്ചിരിക്കേണ്ടതാണ്.

## വരിക്കാരോട്:—

ഇതേവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയാർഡർ ചെയ്യാൻ അപേക്ഷ.

വി. പി. ഏർപ്പാട് ഇരുകൂട്ടർക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

ആഫീസ്സിലേക്ക് അയക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണ്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണ്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം. മാസിക ഇംഗ്ലീഷ് മാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,

വിദ്യാഭിവർദ്ധിനി, കൊല്ലം.


Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini Press, Quilon.